നവംബർ 2013

# ബഥേൽ പത്രിക

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

വാല്യം – 26 ലക്കം – 11



മുഖപത്രിക



# പെണ്മയുടെ നന്മ

സ്ത്രീ, ഒരു കാലത്തിനും നിർവചിക്കാനാവാത്ത ശക്തി. മകളായി, അമ്മയായി, സഹോദരിയായി, മുത്തശ്ശിയായി ഓരോ കാലഘട്ടത്തിൽ ജീവിക്കുമ്പോഴും, എല്ലാ തലങ്ങളിലും തന്റെ സാന്നിദ്ധ്യം അറിയിക്കുന്ന ശക്തി. ഇന്നത്തെ ലോകത്തിന്റെ ഓരോ സ്പന്ദനത്തിലും സ്ത്രീയുടെ സാന്നിദ്ധ്യം ഉണ്ട്. 'അമ്മ' ആരിലും ഒരു നിമിഷത്തേക്കെങ്കിലും സ്നേഹം നിറയുന്ന വാക്ക്, മുലപ്പാലിന്റെ മധുരത്തിനൊപ്പം കൈപിടിച്ചു നടത്തിയ പുണ്യം. ത്യാഗത്തിന്റെയും സഹനത്തിന്റെയും പൂർണ്ണരൂപം. ഈ ശകതിയെ, പുണ്യത്തെ ബഹുമാനിക്കുന്ന, സംരക്ഷിക്കുന്ന ഒരു സമൂഹത്തെയാണ് നമ്മുടെ സഭ ലക്ഷ്യമിടുന്നത്.

വി. വേദപുസ്തകം പെൺമയുടെ നന്മയെ വിളംബരം ചെയ്യുന്നു. ഉല്പത്തി പുസ്തകത്തിലെ സൃഷ്ടി വിവരണത്തിൽ, പുരുഷന്റെ വാരിയെല്ലിൽ നിന്നാണ് സ്ത്രീയെ സൃഷ്ടിച്ചത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നുവെങ്കിലും മനുഷ്യകുലത്തിന്റെ നിലനിൽപ്പ് പിന്നീട് സ്ത്രീയിൽകൂടെ മാത്രമായിരുന്നു. സ്ത്രീയില്ലെങ്കിൽ മനുഷ്യനില്ല. ദൈവത്തിനു മനുഷ്യനുമായി അവതരിപ്പിക്കുവാൻ ഒരു സ്ത്രീ അനിവാര്യമായിരുന്നു.

'പെൺമയുടെ നന്മ' ഇന്നത്തെ കാലത്തിന്റെ സ്ത്രീയുടെ ആവശ്യം ആണ്. തന്നിലെ പെണ്മയെ തകർക്കുന്ന ഇന്നത്തെ സമൂഹത്തിന്റെ ഇടപെടലുകളെയും സമീപനങ്ങളെയും തിരിച്ചറിയുവാനുള്ള നന്മയാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. തന്നിലെ സ്ത്രീത്വത്തെ തകർക്കുന്ന, ചവിട്ടിമെതിക്കുന്ന ഒരു സമൂഹം തന്റെ ചുറ്റിലും ഉണ്ടെന്നുള്ള തിരിച്ചറിവ് ഓരോ സ്ത്രീക്കും അനിവാര്യമാണ്. ഓരോ പെൺകുഞ്ഞുങ്ങൾ പിറന്നുവീഴുമ്പോഴും ആ കുഞ്ഞിന്റെ നാളത്തെ ജീവിതത്തെക്കുറിച്ചുള്ള ഒരു സാന്ത്വനം ആകണം ഈ പദ്ധതി. വളർന്നു വരുന്ന നാളത്തെ തലമുറ ഇത് മനസ്സിലാക്കണം. സ്ത്രീയെ ഒരു ഉപഭോഗ വസ്തുവായി മാത്രം കാണാതെ, അവളും ഈ സമൂഹത്തിന്റെ ആവശ്യമാണെന്ന് മനസ്സിലാക്കുന്ന, ബഹുമാനിക്കുന്ന സ്ത്രീയിലെ നന്മയേയും, ശക്തിയേയും തിരിച്ചറിയുന്ന ഒരു പുതിയ തലമുറ നമ്മുടെ ചുറ്റിലും വളർന്നുവരണം. നമ്മുടെ പെൺകുഞ്ഞുങ്ങൾ, സഹോദരിമാർ, അമ്മമാർ എന്തിന് മുത്തശ്ശിമാർക്കുപോലും ഭയാശങ്കകളില്ലാതെ ജീവിക്കാൻ പറ്റുന്ന ഒരു ലോകം തലമുറകളിലേക്ക് കൈമാറിവന്ന മതത്തിന്റെ പുതിയ അനാചാരങ്ങളെയും അബദ്ധ സിദ്ധാന്തങ്ങളെയും അടിച്ചേൽപ്പിക്കാത്ത ഒരു സമൂഹം, ആൺ പെൺ സമത്വത്തെ അംഗീകരിക്കുന്ന ഒരു തലമുറ അതാണ് നമ്മുടെ ലക്ഷ്യം. തന്റെ പെൺകുഞ്ഞിനെ തനിയെ ഈ സമൂഹത്തിലേക്ക് ഇറക്കി വിടുവാൻ ഒരു മാതാവിനോ, പിതാവിനോ കഴിയുന്ന സ്ത്രീപുരുഷ സമത്വത്തിൽ അധിഷ്ഠിതമായ ഒരു സമൂഹം അതാണ് 'പെണ്മയുടെ നന്മയിലൂടെ' സഭ ലക്ഷ്യമിടുന്നത്. ഒരു മകളുടെ, സഹോദരിയുടെ, അമ്മയുടെ ജീവിതത്തിന്റെ നന്മ. തന്റെ പെൺകുഞ്ഞിനെ ഓർത്ത് വിലപിക്കാത്ത ഒരു കാലത്തിന്റെ നന്മ, അതിന് നമുക്ക് സാധ്യമായിത്തീരട്ടെ.

**ഫാ. എബ്രഹാം കോശി കുന്നുംപുറത്ത്**

BETHEL PATRIKA, P.B. NO. 38, CHENGANNUR
PH: 0479-2451331
E-mail: bethelpatrika@gmail.com
website : www.bethelpatrika.org

# ബഥേൽ പത്രിക

നവംബർ 2013

## വരിസംഖ്യ

| | |
|---|---|
| 1 വർഷം | ₹ 100 |
| 2 വർഷം | ₹ 200 |
| 5 വർഷം | ₹ 450 |
| 15 വർഷം | ₹ 1500 |

## പരസ്യനിരക്കുകൾ

| | |
|---|---|
| Cover Back Multy | ₹ 5000 |
| Front Inner B/W | ₹ 3000 |
| Back Inner B/W | ₹ 2500 |
| Favours Received | ₹ 500 |
| Matrimonial | ₹ 500 |

ഇടയപത്രിക
5 സ്ത്രീപുരുഷ ബന്ധത്തിന്റെ പാരസ്പരികത തിരിച്ചറിയുക
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

കവർ സ്റ്റോറി
6 നഷ്ടപ്പെടുന്ന ബാല്യം
എയ്ഞ്ചൽ പ്രദീപ്

കവർ സ്റ്റോറി
9 സ്ത്രീ സുരക്ഷാ നിയമങ്ങൾ
അഡ്വ. ജെയ്സി കരിങ്ങാട്ടിൽ

കവിത
12 കപടമായ ലോകം
റെനി കെ. റെജി, കോയിപ്രം

കവിത
12 തള്ളിക്കളയല്ലേ നാഥാ
അനാമിക

കാഴ്ചപ്പാട്
13 ഓയാറിൽ പതിയിരിക്കുന്ന ദുഷ്ടാത്മാക്കൾ
ഡോ. എം. കുര്യൻ തോമസ്

ആത്മീയദർശനം
16 വി. മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മ
ഫാ. പി.വി. ജോൺ

ആരാധനാ വിജ്ഞാനീയം
19 വിശുദ്ധ വഴിയിലെവിരുദ്ധതകൾ
ഫാ. സഖറിയാ പനയ്ക്കാമറ്റം

ഞായർ ദിനധ്യാനം
21 ലോഗോസ്
ഫാ. പി.കെ. കോശി

ബാലപത്രിക 26
ഭദ്രാസന വാർത്തകൾ 27
സണ്ടേസ്കൂൾ വാർത്തകൾ 29

## പത്രാധിപസമിതി

**മാനേജിംഗ് എഡിറ്റർ & പബ്ലിഷർ**
അഭിവന്ദ്യ തോമസ് മാർ
അത്താനാസിയോസ് മെത്രാപ്പോലീത്താ
ഫോൺ: 0479 - 2453310, 2451331
E-mail: marathanasios@gmail.com

**ചീഫ് എഡിറ്റർ**
റവ. ഫാദർ ഏബ്രഹാം കോശി കുന്നുംപുറത്ത്
ഫോൺ: 0479 - 2450287, 9447431096
E-mail: frabrahamkoshy@gmail.com

**എക്സിക്യൂട്ടീവ് എഡിറ്റർ**
റവ. ഫാദർ വൈ. തോമസ്
ഫോൺ: 0479 - 2453551, 9495351959

**എഡിറ്റർ**
ശ്രീ. സജി പട്ടരുമഠം
ഫോൺ: 9446114346

**അസ്സോസിയേറ്റ് എഡിറ്റർ**
റവ. ഫാദർ സുനിൽ ജോസഫ് ഡാണാംപടിക്കൽ
ഫോൺ: 0479 - 2454504, 9947429667

**സർക്കുലേഷൻ മാനേജർ**
റവ. ഫാദർ തോമസ് വർഗ്ഗീസ്, കടവിൽ
ഫോൺ: 0479-2457586, 9447776146

**വെബ് അഡ്മിനിസ്ട്രേറ്റർ**
ശ്രീ. ബിനു ചാക്കോ
ഫോൺ: 0479-2311692, 9446697328
E-mail: binu303@gmail.com

**അംഗങ്ങൾ**
റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ
റവ. ഫാദർ തോമസ് വർഗീസ് അമയിൽ
റവ. ഫാ. ഐപ്പ് പി. സാം
റവ. ഫാ. മാത്യു ഏബ്രഹാം
റവ. ഫാ. ഷിബു വർഗ്ഗീസ്
ശ്രീ. ജോസ് പുതുവന
ശ്രീ. ഷാജൻ മാത്യു
ശ്രീ. എബി അലക്സാണ്ടർ
പ്രൊഫ. ബിൻസി റജി



# സ്ത്രീപുരുഷ ബന്ധത്തിന്റെ പാരസ്പരികത തിരിച്ചറിയുക

ദൈവിക സൃഷ്ടിയുടെ മനോഹാരിത നിലനിൽക്കുന്നത് പാരസ്പരികതയിലാണ്. സർവ്വശക്തൻ അവിടുത്തെ സ്വന്തസ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യർ തമ്മിൽ ലിംഗാധിഷ്ഠിതമായ വേർതിരിവ് ചരിത്രം പിന്നീട് സൃഷ്ടിച്ചതാണ്.

സ്ത്രീ എന്നത് ഒരു ഉപഭോഗവസ്തു എന്ന കാഴ്ചപ്പാട് ശക്തമായിരിക്കുന്നതാണ് നാം അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധി. ദൗത്യനിർവഹണത്തിനായി ദൈവം നിയോഗിച്ച തുല്യപങ്കാളികൾ എന്ന തിരിച്ചറിവ് നമുക്ക് നഷ്ടപ്പെടുന്നതാണ് ഇത്തരം അധമചിന്തകൾക്ക് ആധാരം. സ്ത്രീയും പുരുഷനും പരസ്പരവ്യക്തിത്വങ്ങളെ ആദരിക്കുകയും ദൈവരാജ്യമഹത്വത്തിനായി പ്രയത്നിക്കുകയും ചെയ്യുക എന്ന വേദശാസ്ത്ര ഉൾക്കാഴ്ച നമുക്ക് ഉണ്ടാകണം.

കൊച്ചുകുട്ടികൾ മുതൽ വൃദ്ധജനങ്ങൾ വരെ പീഡിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സാക്ഷരതയിൽ മുന്നേറിയ കേരളത്തിൽപോലും ഇത്രയും നീചമായ അക്രമണങ്ങൾ ഉണ്ടാകുന്നു എങ്കിൽ സാക്ഷരതയിൽ പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളുടെ ഗതി എന്താകും? ഉപഭോഗ സംസ്ക്കാരത്തിലൂന്നി സ്ത്രീയുടെ വ്യക്തിത്വവും അസ്തിത്വവും പരിഗണിക്കാതെ അവളുടെ ശരീരസൗന്ദര്യം മാത്രം പ്രദർശന വസ്തുവാക്കാനുള്ള കിടമത്സരങ്ങൾ ആണ് ഇന്ന് ദൃശ്യമാദ്ധ്യമങ്ങളിലൂടെ ആവർത്തിക്കപ്പെടുന്നത്.

സ്ത്രീയുടെ സംരക്ഷണം ആരുടെയും ഔദാര്യമല്ലെന്നും അത് അവളുടെ അവകാശമാണ് എന്നുമുള്ള ചിന്ത നാം വളർത്തിയെടുക്കണം. പെൺമയിലെ നന്മ തിരിച്ചറിഞ്ഞ്, സ്ത്രീത്വത്തിന്റെ സംരക്ഷണം സമൂഹത്തിന്റെ സന്തുലനാവസ്ഥയ്ക്ക് അടിസ്ഥാനം എന്ന കാഴ്ചപ്പാട് നാം കൂടുതലായി പങ്ക് വയ്ക്കണം. പുരുഷനെ മാറ്റിനിർത്തിയുള്ള സ്ത്രീവിമോചനമോ, സ്ത്രീയെ അടിച്ചമർത്തിയുള്ള പുരുഷമേധാവിത്വമോ ദൈവശാസ്ത്രപരമായും സഭാശാസ്ത്രപരമായും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതല്ല. സ്ത്രീപുരുഷ ബന്ധത്തിന്റെ പാരസ്പരികതയിൽ ഊന്നി നവ സമൂഹത്തിന്റെ നിർമ്മിതിക്കായി നാം പ്രയത്നിക്കേണ്ടിയിരിക്കുന്നു. ഈ വർഷത്തെ സഭാ മാനവശേഷി വിഭാഗത്തിന്റെ 'പെൺമയുടെ നന്മ' എന്ന പഠന പ്രക്രിയകൾ അതിനും സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു.

**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**




# നഷ്ടമാപ്പെടുന്ന ബാല്യം

**എയ്ഞ്ചൽ പ്രദീപ്**
(ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, അമല മെഡിക്കൽ കോളേജ് തൃശൂർ)

ഉദ്യോഗസ്ഥയായ ഒരു അമ്മ നാലാം ക്ലാസ്സിൽ പഠിക്കുന്ന ചിന്നുമോളെയുംകൊണ്ട് വന്നപ്പോൾ പരാതിയുടെ ഒരു കൂമ്പാരമായിരുന്നു. മൂന്നാം ക്ലാസ്സിൽ അവൾ ക്ലാസ് ഫസ്റ്റായിരുന്നു. എന്നാൽ കഴിഞ്ഞ ഒന്നര മാസമായി ചിന്നുമോൾക്ക് ആകെ മാറ്റം. ഉറക്കത്തിൽ ഞെട്ടിയെഴുന്നേറ്റു പേടിച്ചുകരയുക, അനിയനെ ഉപദ്രവിക്കുക, മുതിർന്നവരെ കാണുമ്പോൾ പേടി. സ്കൂൾ തുറന്ന് ഒരു മാസം കഴിഞ്ഞപ്പോഴേയ്ക്കും ടീച്ചർമാർ ചിന്നുമോളേപ്പറ്റി പരാതിയാണ്. ഈ രീതിയിൽ തുടരാൻ കഴിയില്ല എന്നാണ് ടീച്ചർ പറയുന്നത്. ഇനിയെന്തു ചെയ്യണം എന്ന ആവലാതിയായിരുന്നു ആ അമ്മയ്ക്ക്.

ചിന്നുമോളോട് തനിച്ചു സംസാരിച്ചപ്പോഴാണ് അമ്മ അറിയാത്ത ചില യാഥാർത്ഥ്യങ്ങൾ പുറത്തു വന്നത്. ചിന്നുമോളുടെ മേൽപറഞ്ഞ പ്രശ്നങ്ങളെല്ലാം ആരംഭിച്ചത് മദ്ധ്യവേനൽ അവധിക്കാണ്. അച്ഛനും അമ്മയും ജോലിക്കു പോകുന്നതിനാൽ ചിന്നുമോളും അനിയനും പകൽ സമയം മുഴുവൻ 'അങ്കിളി'ന്റെ വീട്ടിലായിരുന്നു. അവിടെയാണെങ്കിൽ റിട്ടയർ ചെയ്ത അങ്കിളും ആന്റിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ചിന്നുമോളോട് ഒരു പ്രത്യേക വാത്സല്യം അങ്കിളിനുണ്ടായിരുന്നു. അയാൾ പുറത്തുപോകുമ്പോൾ ചിന്നുമോളെ കൂടെക്കൂട്ടും. ചോക്ലേറ്റ്, ഐസ്ക്രീം ഒക്കെ അങ്കിൾ മോൾക്ക് വാങ്ങിക്കൊടുത്തു. ചിന്നുമോളുടെ തന്നെ വാക്കുകളിൽ പറഞ്ഞാൽ "അങ്കിളെന്നെ കെട്ടിപ്പിടിക്കും.... ഉമ്മ തരും, ഉച്ചയ്ക്ക് ഉറങ്ങുമ്പോൾ എന്നേം കൂടെക്കിടത്തും. കഥ പറഞ്ഞു തരും. ആദ്യമൊക്കെ എനിക്കങ്കിളിനെ ഒത്തിരി ഇഷ്ടമായിരുന്നു. പിന്നെ അങ്കിളെന്നെ കെട്ടിപ്പിടിക്കുമ്പോ വേദനയെടുക്കും. ഞാൻ കരയുമ്പോൾ അങ്കിളെന്റെ വായ് പൊത്തിപ്പിടിക്കും. അങ്കിള് ചീത്ത. എനിക്കിഷ്ടമില്ല. ഇത്രയും പറഞ്ഞ് ചിന്നുമോൾ പൊട്ടിക്കരഞ്ഞു. നിഷ്കളങ്കതയെ ചൂഷണം ചെയ്യുന്ന ബാലലൈംഗീക ചൂഷണമാണ് ചിന്നുമോളുടെ മേൽപറഞ്ഞ വാക്കുകൾ അനാവൃതമാക്കുന്നത്.

***എന്തൊക്കെയാണ് ബാലലൈംഗീക ചൂഷണം?***

സമ്മതമില്ലാത്തതോ, ബലപ്രയോഗത്തിലൂടെയോ ഉള്ള ലൈംഗീക ബന്ധങ്ങളെയാണ് പൊതുവേ ലൈംഗീക ചൂഷണമായി കരുതിയിരുന്നത്. എന്നാൽ കുട്ടികൾക്കെതിരെയുള്ള ലൈംഗീക ചൂഷണം മേൽപറഞ്ഞ നിർവ്വചനത്തിൽ നിന്നും വ്യത്യസ്ഥമാണ്. കുട്ടിയുടെ അനുവാദത്തോടെയാണെങ്കിൽപോലും പ്രായപൂർത്തിയായ ഒരാളുമായി ലൈംഗീക ഉത്തേജനം സാധ്യമാകുന്ന തരത്തിലുള്ള ഏതു പ്രവൃത്തിയും ബാലലൈംഗീക ചൂഷണമാണ്. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ കുട്ടികളുമായി ലൈംഗീക ധ്വനിയുള്ള സംസാരത്തിൽ

ഏർപ്പെടുന്നത്, ലൈംഗീകാവയവം കുട്ടികളുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നത്, ലൈംഗീകോത്തേജനം ഉണ്ടാക്കുന്ന തരത്തിൽ ചിത്രങ്ങളും സിനിമകളും മറ്റും കുട്ടികളെ കാണിക്കുന്നത് (Pronography), ലൈംഗീകത്വരതയോടെ കുട്ടികളെ സ്പർശിക്കുന്നത്, ചുംബിക്കുന്നത്, തലോടുന്നത്, അനാവശ്യമായി കുട്ടികളുടെ സ്വകാര്യഭാഗങ്ങളിൽ സ്പർശിക്കുന്നത്, മുതിർന്നവർ കുട്ടികളെക്കൊണ്ട് തങ്ങളുടെ ലൈംഗീകാവയവങ്ങളിൽ സ്പർശിപ്പിക്കുന്നതും അതുവഴി ഉത്തേജനം നേടുന്നതും, കുട്ടികളുടെ സമ്മതത്തോടെയോ, അല്ലാതെയോ ഉള്ള ലൈംഗീക ബന്ധം, ബലപ്രയോഗത്തിലൂടെ കുട്ടികളെ ലൈംഗീകമായി കീഴ്പ്പെടുത്തുന്നത്, മുതിർന്നവർ തങ്ങളുടെ ലൈംഗീകാവയവം കുട്ടികളുടെ ശരീരത്തിൽ ഉരയ്ക്കുന്നത് (Frottage) തുടങ്ങിയവയെല്ലാം ബാലലൈംഗീക ചൂഷണത്തിൽപ്പെടുന്നവയാണ്.

***ചൂഷണം എവിടെവെച്ച്? ആരിൽ നിന്ന്?***

പഠനങ്ങൾ സൂചിപ്പിക്കുന്നത് ലൈംഗീക ചൂഷണത്തിനുവിധേയരായ 75 മുതൽ 80 ശതമാനം വരെ കുട്ടികളും അവരുടെ ബന്ധുക്കളാലോ, കുടുംബസുഹൃത്തുക്കളാലോ, അതുമല്ലെങ്കിൽ അയൽക്കാരാലോ ചൂഷണം ചെയ്യപ്പെട്ടവരാണ്. അപരിചിതരാൽ ചൂഷണം ചെയ്യപ്പെടുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്.

കുട്ടികൾ ലൈംഗീക ചൂഷണത്തിനു വിധേയരാകുമ്പോൾ ബലപ്രയോഗങ്ങൾ താരതമ്യേന കുറവായിരിക്കും. ചൂഷകൻ കുട്ടിക്ക് പരിചയമുള്ള വ്യക്തിയാണെങ്കിൽ കുട്ടിക്ക് തന്നിലുള്ള വിശ്വാസത്തെയാണ് അയാൾ മുതലെടുക്കുക. ഇവരെ എതിർക്കാനും കുട്ടികൾക്ക് ഭയമായിരിക്കും. ബന്ധുക്കളോ, സുഹൃത്തുക്കളോ, പരിചയക്കാരോ ആയ ഇത്തരക്കാരുടെ മുമ്പിൽ കുഞ്ഞുങ്ങൾ തികച്ചും നിസ്സഹായകരായിത്തീരുമ്പോൾ ചൂഷണം എളുപ്പമാകും. ഒപ്പം ഇവർ ചൂഷണം ആവർത്തിക്കുകയും ചെയ്യും. അപരിചിതരാണ് ചൂഷണം ചെയ്യുന്നതെങ്കിൽ അത് ആവർത്തി ക്കപ്പെടാനുള്ള സാധ്യത പൊതുവേ കുറവായിരിക്കും. എന്നാൽ കൂടുതൽ കാലം തുടരുന്നത് കുടുംബാംഗങ്ങൾ നടത്തുന്ന ലൈംഗീക ചൂഷണമാണ്. തങ്ങളുടെ മക്കൾ ചൂഷണം ചെയ്യപ്പെടുന്ന എന്ന വസ്തുത പലപ്പോഴും മാതാപിതാക്കൾ അറിയാറില്ല. സ്നേഹം ഭാവിച്ച് ഇവർ കുട്ടികളുടെയും മാതാപിതാക്കളുടെയും വിശ്വാസം സമ്പാദിക്കും. സ്നേഹം നടിച്ച് നൽകുന്ന ചോക്ലേറ്റിലും ഐസ്ക്രീമിലുമൊക്കെ പതിയിരിക്കുന്ന ചതിക്കുഴികളെക്കുറിച്ച് കുട്ടികൾക്ക് യാതൊരുവിധ അറിവും ഉണ്ടാവില്ല. ഇത്തരത്തിൽ വിശ്വാസം നേടിയെടുത്തശേഷം അടുത്ത പടിയായി പരിലാളനങ്ങളും അതേത്തുടർന്ന് ശാരീരിക ബന്ധപ്പെടലിലും ചെന്നെത്തുന്നു. കുഞ്ഞുങ്ങളെ സംബന്ധിച്ച് നിഷേധിക്കാനോ, ഒന്നുറക്കെ കരയുവാനോ കഴിയാതെ പോകുന്നു. അച്ഛന്റെയും അമ്മയുടെയും മുൻപിൽ വച്ച് സ്നേഹം പ്രകടിപ്പിക്കുന്നവരെക്കുറിച്ച് അവരോട് പരാതിപ്പെടാനും പാവം കുട്ടികൾ ഭയപ്പെടുന്നു. ചില വിരുതന്മാരാകട്ടെ തങ്ങളുടെ ചൂഷണത്തിന്റെ കഥ വീട്ടിലാരോടൊങ്കിലും പറഞ്ഞാൽ 'കൊല്ലും' എന്നും മറ്റുമുള്ള ഭീഷണികളും ഉയർത്തും. അതുവഴി കുട്ടികളുടെ വായ് മൂടിക്കെട്ടാനും അവർക്കു സാധിക്കുന്നു. നഴ്സറി കാലഘട്ടത്തിലാരംഭിച്ച് കുട്ടിയുടെ കൗമാരകാലം വരെ തുടർന്നുപോയ ബന്ധങ്ങളും നിരവധിയാണ്.

***കുട്ടികൾക്കുണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ***

ലൈംഗീക ചൂഷണത്തിനരയാകുന്ന കുട്ടികൾക്ക് മാനസികവും, വൈകാരികവും, ശാരീരികവും ഒപ്പം ദൂരവ്യാപകവുമായി നിലനിൽക്കുന്നതുമായ പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടതായി വരുന്നുണ്ട്. ചൂഷകനോടുള്ള ദേഷ്യം, അടങ്ങാത്ത പ്രതികാരം, ആത്മവിശ്വാസമില്ലായ്മ, പഠനത്തിൽ പിന്നോക്കം പോകുക, ഒന്നിനോടും താല്പര്യമില്ലാതാകുക, ഒറ്റപ്പെടൽ വിട്ടുനിൽക്കാനുള്ള പ്രവണത, പൊതുവേ ഏതു കാര്യത്തിലും അസ്വസ്ഥതയും ദേഷ്യവും പ്രകടിപ്പിക്കുക, വിഷാദം, ആത്മഹത്യാ പ്രവണത, ഉറക്കമില്ലായ്മ, ദുഃസ്വപ്നങ്ങൾ കണ്ട് ഞെട്ടിയെഴുന്നേൽക്കുക, അകാരണമായി ഭയപ്പെടുക, ചൂഷണത്തെപ്പറ്റിയുള്ള ഓർമ്മകളുടെ വേട്ടയാടൽ, വ്യക്തിബന്ധങ്ങൾ നിലനിർത്താൻ സാധിക്കാതെ വരിക, മറ്റുള്ളവരെ വിശ്വസിക്കാൻ കഴിയാതിരിക്കുക, എല്ലാവരിൽ നിന്നും ഒഴിഞ്ഞുമാറി നടക്കുക, ഭക്ഷണത്തോട് വിരക്തി, വികാരങ്ങൾ ശരിയായ രീതിയിൽ പ്രകടിപ്പിക്കാൻ കഴിയാതെ വരിക, ചിലപ്പോൾ അസാധാരണമായ തരത്തിൽ വികാര വിക്ഷുബ്ധരാകുക, അസാധാരണമായ ലൈംഗീക പെരുമാറ്റങ്ങൾ പ്രകടിപ്പിക്കുക. ഇവയെല്ലാം ഒരു വ്യക്തിയിൽ പൂർണ്ണമായും ഉണ്ടാകണമെന്നില്ല. എന്നാൽ ഇവിയിലേതെങ്കിലും തരത്തിലുള്ള പ്രത്യാഘാതങ്ങൾ പെട്ടെന്നുതന്നെ കുട്ടികളിൽ ഉണ്ടാകാറുണ്ട്.

ദൂരവ്യാപകമായ പ്രത്യാഘാതങ്ങളിൽ പ്രധാന ലൈംഗീക പ്രശ്നങ്ങളാണ്. ലൈംഗീകതയോട് താല്പര്യമില്ലാതാകുക, വിവാഹശേഷം പങ്കാളിയുമായി ബന്ധപ്പെടാൻ കഴിയാതെ വരിക (Sexual dysfunctions) തുടങ്ങിയവയാണ്. ചിലരെ സംബന്ധിച്ച് ലൈംഗീകതയോട് അമിതമായ താല്പര്യവും കണ്ടുവരാറുണ്ട്. ചൂഷണത്തിനു വിധേയരായവർ ഭാവിയിൽ ചൂഷകരായി മാറുന്ന സംഭവങ്ങളും കുറവല്ല. എന്നാൽ മറ്റു ചിലരാകട്ടെ

മുതിർന്നു കഴിയുമ്പോൾ ബാല്യത്തിൽ സംഭവിച്ച ചൂഷണം തന്റെ തെറ്റുകൊണ്ടാണെന്ന് ചിന്തിച്ചുകൂട്ടുകയും കുറ്റബോധം വളർത്തുകയും ചെയ്യുന്നു. ഇവർ ക്രമേണ വിഷാദരോഗത്തിലും ആത്മഹത്യയിലേക്കുമൊക്കെ എത്തിച്ചേരുന്നു.

ലൈംഗീക പ്രശ്നങ്ങൾ കൂടാതെ വ്യക്തിബന്ധങ്ങൾ സൂക്ഷിക്കുന്നതിനും, വൈകാരികമായ ആശയവിനിമയങ്ങൾ നടത്തുന്നതിലും ഇവർ പരാജയപ്പെടുന്നതായി കുട്ടിക്കാലത്ത് ലൈംഗീക പീഡനത്തിനുവിധേയരായ കുടുംബിനികളിൽ നടത്തിയ പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഇവർക്കിടയിൽ നിഷേധാത്മകചിന്തകൾ (Negative thoughts) കണ്ടുവരുന്നുണ്ട്.

***എങ്ങനെ തടയാം?***

ലൈംഗീക ചൂഷണം നടക്കാൻ സാധ്യതയുള്ള സാഹചര്യങ്ങൾ കഴിവതും ഒഴിവാക്കേണ്ടത് മാതാപിതാക്കളുടെ കടമയാണ്. ബന്ധുവീടുകളിലും, സുഹൃത്തുക്കളുടെയും, അയൽക്കാരുടെയും വീടുകളിൽ കുട്ടികളെ ഏല്പിച്ച് പോകുന്നത് ഒഴിവാക്കുക. ബന്ധുക്കൾക്കും, സുഹൃത്തുക്കൾക്കും, അയൽക്കാർക്കും വീടുകളിൽ അമിത സ്വാതന്ത്ര്യം പ്രത്യേകിച്ച് കുട്ടികളുമായി ഇടപെടുന്നതിൽ നൽകാതിരിക്കുക. വിവാഹം പോലെ ബന്ധുക്കളും സുഹൃത്തുക്കളുമെല്ലാം ഒത്തുചേരുന്ന ചടങ്ങുകൾക്ക് പോകുമ്പോൾ തങ്ങളുടെ മക്കൾ എവിടെ, ആരുടെകൂടെ എന്തുചെയ്യുന്നു എന്ന് ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. ഇത്തരത്തിലുള്ള സന്ദർഭങ്ങളിൽ മക്കളെ കൂടെക്കിടത്തി ഉറക്കുന്നതാണ് സുരക്ഷിതം.

മാതാപിതാക്കളും മക്കളും തമ്മിൽ നല്ല ആശയവിനിയമം വളർത്തിയെടുക്കണം. എന്തിനും ഏതിനും ചൂരൽപ്രയോഗവും കുറ്റപ്പെടുത്തലുമാണ് മാതാപിതാക്കളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതെങ്കിൽ കുട്ടികളിൽ ഭയമാകും ഉടലെടുക്കുക. തന്മൂലം കുട്ടികൾ മാതാപിതാക്കളെ ഹിറ്റ്ലറിനു തുല്യമായി പരിഗണിക്കും. ഇത്തരത്തിലുള്ള മാതാപിതാക്കളുടെയടുത്ത് 'വിശേഷം' പറയാനും കൊച്ചുവർത്തമാനം പറയാനുമൊന്നും കുട്ടികൾ തയ്യാറാവില്ല. മറിച്ച് അവരെപ്പോഴും സുരക്ഷിതമായൊരു അകലം മാതാപിതാക്കളുമായി പാലിക്കും. അതിനാൽ മാതാപിതാക്കളും മക്കളും തമ്മിൽ സൗഹൃദത്തിൽ അധിഷ്ഠിതമായ ഒരു ബന്ധം വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഒപ്പം ഇവർ ചെയ്യുന്ന നല്ലകാര്യങ്ങളെ പ്രോത്സാഹിപ്പിക്കുകയും വേണംഉദാഹരണത്തിന് ക്ലാസ്സിലെ വിശേഷങ്ങൾ പറയുമ്പോൾ ചുട്ട മറുപടി കൊടുത്ത് എന്നെന്നേയ്ക്കുമായി അവരുടെ വായ് മൂടിക്കെട്ടുന്നതിനു പകരം അവരുടെ വാക്കുകൾ ശ്രദ്ധിക്കുന്നത്, തുടർന്ന് വിശേഷങ്ങൾ അച്ഛനമ്മമാരുമായി പങ്കുവയ്ക്കുന്നതിനെ പ്രോത്സാഹിപ്പിക്കും.

മാതാപിതാക്കൾ മക്കൾക്കുവേണ്ടി കുറച്ചുസമയം മാറ്റി വയ്ക്കുന്നത് ഉത്തമമാണ്. മക്കൾക്കുവേണ്ടി സമയം മാറ്റിവയ്ക്കാൻ ആവശ്യപ്പെടുമ്പോൾ അവരോടൊപ്പമിരുന്ന് അവരെ ഏതുസമയവും പഠിപ്പിക്കുവനല്ല ഉദ്ദേശിക്കുന്നത്. മറിച്ച് കുട്ടികളോടൊപ്പം ആയിരുന്ന് അവരുടെ കൂടെക്കൂടാനും, അവരോടൊത്ത് കളിക്കാനും, തമാശ പറയാനും തന്റെ കുട്ടിക്കാലത്തെ കഥകൾ പറയാനുമൊക്കെ മാതാപിതാക്കൾക്ക് കഴിയണം. ആ കുറച്ചു സമയത്തേക്കെങ്കിലും ശാസനയും, തെറ്റുതിരുത്തലും, ശിക്ഷയും മാറ്റിവച്ച് കൂട്ടുകാരെപ്പോലെ പെരുമാറണം. മാതാപിതാക്കളെ സംബന്ധിച്ച് കുട്ടിക്കാലത്തേക്ക് മനസ്സുകൊണ്ട് മടങ്ങിപ്പോകാനും ഇതൊരവസരമാണ്. അതോടൊപ്പം മാതാപിതാക്കളെ ഭയക്കേണ്ടതില്ലെന്നും തന്റെ പ്രശ്നങ്ങൾ ധൈര്യമായി പറയാവുന്ന ഒരു സുരക്ഷാസങ്കേതമാണ് അവരെന്നുമുള്ള ബോധ്യം കുട്ടിയെ തന്റെ പ്രശ്നങ്ങൾ മാതാപിതാക്കളുമായി പങ്കുവയ്ക്കുന്നതിനു സഹായിക്കും.

മേൽപറഞ്ഞ തരിത്തിലൊരു ബന്ധം കുട്ടിയുമായി ഉണ്ടാക്കിയെടുക്കാൻ മാതാപിതാക്കൾക്കു കഴിയുമ്പോൾ ചില അറിവുകൾ കുട്ടികൾക്ക് പറഞ്ഞു കൊടുക്കാനുള്ള വിമുഖതയും മാറും. പ്രത്യേകിച്ച് ലൈംഗീക കാര്യങ്ങളെപ്പറ്റിയുള്ള കുട്ടികളുടെ സംശയങ്ങൾ നിവാരണം ചെയ്തു കൊടുക്കുന്നതിനും ഒപ്പം ചെറിയ പ്രായത്തിൽ കുട്ടികൾ എന്തൊക്കെ കാര്യങ്ങൾ സൂക്ഷിക്കണം എന്നുള്ള അറിവ് പകരാനും മാതാപിതാക്കളെ പ്രാപ്തരാക്കും. അമേരിക്കൻ പീഡിയാട്രിക്സ് അസോസിയേഷന്റെ അഭിപ്രായത്തിൽ ലൈംഗീക വിദ്യാഭ്യാസത്തിൽ ആരംഭിക്കേണ്ടത് സ്കൂളിലല്ല മറിച്ച് വീടുകളിൽ നിന്നാണ്. ഇത്തരത്തിലൊരു അറിവ് വീട്ടിൽ പ്രത്യേകിച്ച് അമ്മയിൽ നിന്നും ലഭിച്ചു തുടങ്ങിയാൽ ബാലലൈംഗീക ചൂഷണത്തിന് ഒരു പരിധിവരെ തടയിടാൻ സാധിക്കും. സ്വകാര്യസുരക്ഷയെക്കുറിച്ച് മറ്റുള്ളവർ തങ്ങളുടെ സ്വകാര്യഭാഗങ്ങളിൽ സ്പർശിക്കാൻ അനുവദിക്കരുത് എന്നു തുടങ്ങുന്ന പാഠങ്ങൾ അമ്മമാരിൽ നിന്നു തന്നെ പഠിക്കുന്ന കുട്ടികൾക്ക് തങ്ങൾക്കു നേരെയുണ്ടാകുന്ന കൊച്ചു കൊച്ചു കടന്നു കയറ്റങ്ങളോട് പ്രതികരിക്കാനും അത് അമ്മയെ അറിയിക്കാനും സാധിക്കും.

ബാലലൈംഗീക ചൂഷണത്തെപ്പറ്റിയുള്ള ബോധവത്ക്കരണവും ആവശ്യമാണ്. മിക്കപ്പോഴും മാതാപിതാക്കൾ ഈ പ്രശ്നത്തെ നിസ്സാരവൽക്കരിക്കുകയും, നമ്മുടെ നാട്ടിൽ ഇങ്ങനെയൊന്നുമില്ല എന്നു വിശ്വസിക്കുകയും

ശേഷം – 12 ാം പേജിൽ





# സ്ത്രീ സുരക്ഷാ നിയമങ്ങൾ

**അഡ്വ. ജെയ്സി കരിങ്ങാട്ടിൽ**

സമൂഹത്തിൽ നീതിനടപ്പാക്കുക, സുരക്ഷിതത്വം ഉറപ്പുവരുത്തുക, നന്മനിറഞ്ഞ ഒരു സമൂഹം സൃഷ്ടിക്കുക എന്നിവയാണ് നിയമസംവിധാനങ്ങളുടെ ലക്ഷ്യം. എന്നാൽ ഈ നിയമ സംവിധാനങ്ങളെല്ലാം അട്ടിമറിച്ചുകൊണ്ട് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുകയാണ്. സ്ത്രീ സംരക്ഷണത്തിനുവേണ്ടി ധാരാളം നിയമങ്ങൾ നിലവിലുണ്ടെങ്കിലും സ്ത്രീകൾക്ക് സംരക്ഷണം ലഭിക്കാത്ത അവസ്ഥയാണ്. അതിനാൽ ദേശത്തിന്റെയും കാലത്തിന്റെയും, സംസ്കാരത്തിന്റെയും അതിർത്തിക്കപ്പുറത്ത് വൈവിധ്യങ്ങളും, വൈരുദ്ധ്യങ്ങളും മറന്ന് വനിതകൾ നീതിയ്ക്കും സുരക്ഷിതത്വത്തിനുമായി മുന്നേറേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സ്ത്രീ സമൂഹം അനുഭവിക്കുന്ന വിവേചനങ്ങളും പീഡനങ്ങളും ചെറുക്കുവാനും സമൂഹത്തിൽ സ്ത്രീകളുടെ പദവിയും സുരക്ഷയും ഉറപ്പാക്കുവാനും, സ്ത്രീ നീതിയെപ്പറ്റിയും അവകാശത്തെപ്പറ്റിയും വ്യക്തമായ അവബോധം സ്ത്രീകൾക്ക് ഉണ്ടാകണം.

സ്ത്രീ-പുരുഷ സമത്വത്തിൽ അധിഷ്ഠിതമായ വ്യവസ്ഥിതി സംജാതമായെങ്കിൽ മാത്രമേ നീതിപൂർവ്വമായ സാംസ്കാരിക മുന്നേറ്റവും വികസനവും സാധ്യമാകൂ. അതിനാൽ സാമൂഹിക നന്മയ്ക്കും നീതിയുടെ പരിപാലനത്തിനും സാംസ്കാരിക മുന്നേറ്റത്തിനും കരുത്തേകാൻ സ്ത്രീകൾ മുഖ്യധാരയിലേക്ക് എത്തണം. ഇതുവഴി പൊതുജീവിതത്തിൽ സ്ത്രീ-പുരുഷ സമത്വം കൈവരിക്കുവാനും സമൂഹത്തിൽ രാഷ്ട്രീയ, സാമൂഹിക, സംസ്കാരിക, സാമ്പത്തിക രംഗങ്ങളിൽ മികവു പുലർത്തുവാനും സാധിക്കും. സമൂഹത്തിലെ എല്ലാ തലങ്ങളിലും പുരുഷനോടൊപ്പം എത്തുന്ന കാഴ്ചപ്പാടാണ് സ്ത്രീ പുരുഷ സമത്വ സാമൂഹിക നീതി.

**സ്ത്രീ സുരക്ഷാ നിയമങ്ങൾ**

സ്ത്രീകൾക്ക് മാന്യമായ ജീവിതനിലവാരം ഉറപ്പാക്കുവാൻ കഴിയുന്ന ഒരു സാമൂഹിക സ്ഥിതി നിലവിൽ വരണം. അതിന് ധാർമ്മികവും നിയമപരവുമായ പരിരക്ഷ അനിവാര്യമാണ്. സ്ത്രീകളുടെ അന്തസ്സും അഭിമാനവും ഉയർത്തുവാൻ അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് ഓരോ പൗരന്റെയും കടമയാണ്. ഒപ്പം സ്ത്രീസമത്വവും, സ്വാതന്ത്ര്യവും സുരക്ഷിതത്വവും സംരക്ഷിക്കപ്പെടണം. ഇന്ത്യൻ ഭരണഘടന ഇത് ഉറപ്പു നൽകുകയും ചെയ്യുന്നു. കൂടാതെ സ്ത്രീകൾക്ക് സാമൂഹിക ഗാർഹിക സംരക്ഷണം നൽകുന്നതിനും സ്ത്രീകളുടെ അന്തസ്സ് സംരക്ഷിക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനുമുള്ള അനവധി നിയമങ്ങൾ നിലവിലുണ്ട്. എന്നാൽ അവ ഫലപ്രദമായി നടപ്പാക്കുവാൻ ഗവണ്മെന്റിനും നീതിന്യായ വ്യവസ്ഥിതികൾക്കും കഴിയാതെ വരുന്നു. ഇന്ത്യയിൽ ഏറ്റവും പുതിയതായി സ്ത്രീകളുടെ 'സ്വകാര്യതയും മാന്യതയും' സംരക്ഷിക്കുന്നതിനുള്ള നിയമവും യാഥാർത്ഥ്യമാകുന്നു. എന്നാൽ ഇത്തരം നിയമങ്ങളെപറ്റി സ്ത്രീകൾക്ക് ശരിയായ അറിവോ ബോധ്യമോ ഇല്ല. സ്ത്രീ നീതിയും പങ്കാളിത്വവും നഷ്ടപ്പെടുന്ന മേഖലകളും സ്ത്രീകൾ തിരിച്ചറിയണം. അതിന് നിയമ-സാമൂഹിക അവബോധം നേടിയെടുക്കണം. സ്ത്രീ നിയമബോധനം വ്യാപകമാക്കുവാനുള്ള സംവിധാനവും



ഉണ്ടാകണം.

ഇന്ത്യൻ ഭരണഘടന മൗലീക അവകാശങ്ങളിൽ ഉൾപ്പെടുത്തി സ്ത്രീക്കും പുരുഷനും തുല്ല്യസ്ഥാനം നൽകുന്നു. അതിനാൽ തുല്യത സ്ത്രീയുടെ മൗലീക അവകാശമാണ്. പൊതുസ്ഥലങ്ങളിൽ പ്രവേശിക്കുവാനും പൊതു സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുവാനും ലിംഗാടിസ്ഥാനത്തിലുള്ള വിവേചനം പാടില്ലന്ന് ഇന്ത്യൻ ഭരണഘടന നിഷ്ക്കർഷിക്കുന്നു. ജാതി, വർഗ്ഗം, വർണ്ണം, ജനനസ്ഥലം എന്നിവയുടെ പേരിൽ വിവേചനം പാടില്ല (അനുഛേദം 15 (1)). കൂടാതെ സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായി പ്രത്യേകം നിയമ നിർമ്മാണം നടത്തുവാനും ഭരണകൂടത്തിന് അധികാരം നൽകുന്നു (അനുഛേദം 15 (3)). ഇത്തരത്തിൽ നിയമ നിർമ്മാണം നടത്തുമ്പോൾ സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം തുല്ല്യത ലഭിക്കുവാൻ അവകാശമുണ്ട്. നിയമത്തിനു മുമ്പിൽ സമത്വം, തുല്ല്യ ജോലിക്ക് തുല്ല്യ വേതനം, അവസര സമത്വം, അഭിപ്രായ സ്വാതന്ത്ര്യം എന്നിവയും ഭരണ ഘടന ഉറപ്പു നൽകുന്നു.

സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനു വേണ്ടി ധാരാളം പ്രത്യേക നിയമങ്ങളും നിലവിലുണ്ട്. സ്ത്രീധന സമ്പ്രദായത്തിന് അറുതി വരുത്തുവാൻ 1961–ൽ *"സ്ത്രീധന നിരോധന നിയമം"* നിലവിൽ വന്നു. സ്ത്രീധനനം കൊടുക്കുന്നതും, വാങ്ങുന്നതും, വാങ്ങുവാനും കൊടുക്കുവാനും പ്രേരിപ്പിക്കുന്നതും, സ്ത്രീധനം ആവശ്യപ്പെടുന്നതും കുറ്റകരമാണ്. സ്ത്രീധനത്തിന്റെ പേരിൽ പെൺകുട്ടികൾ പീഡനത്തിനിരയായി മരിച്ചാൽ ഭർത്താവിനോ ബന്ധുക്കൾക്കോ കുറഞ്ഞത് ഏഴ് വർഷം തടവു ശിക്ഷ നൽകുവാനും നിയമമുണ്ട്. എന്നാൽ വിവാഹ സമയത്ത് വധുവിനോ വരനോ നൽകപ്പെടുന്ന സമ്മാനങ്ങളെ സ്ത്രീധനത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്. എന്നാൽ സ്ത്രീധന സമ്പ്രദായം അതിശക്തമാണ്.

സ്ത്രീകളെ നിന്ദ്യമായും അശ്ലീലകരമായും ചിത്രീകരിക്കുന്നത് തടയുന്നതിനുള്ള നിയമമാണ് *"അശ്ലീല ചിത്രീകരണ നിരോധന നിയമം"* (Indecent Representation of women (prohibition) Act). ഇത് 1986 –ൽ നിലവിൽ വന്നു. പരസ്യം, പ്രസിദ്ധീകരണം, ലഘുലേഖ, വർണ്ണചിത്രം, സ്ലൈഡ്, ഫിലിം, ഫോട്ടോ, പ്രദർശനങ്ങൾ തുടങ്ങിയവയിൽ സ്ത്രീകളെ നിന്ദ്യമായും അശ്ലീലകരമായും ചിത്രീകരിക്കുന്നത് കുറ്റകരമാണ്. എന്നാൽ ഇത് വിസ്മരിച്ചുള്ള പരസ്യങ്ങളും പ്രദർശനങ്ങളും സർവ്വവ്യാപകമാണെങ്കിലും ഭരണകർത്താക്കൾ മൗനം ദീക്ഷിക്കുകയാണ്.

സമൂഹത്തിലെ ദുരാചാരങ്ങളായ വേശ്യാവൃത്തി ലൈംഗിക ചൂഷണം മറ്റ് അസാന്മാർഗ്ഗിക നടപടികൾ തുടങ്ങിയവ തടയുന്നതിനുള്ള നിയമമാണ് *"അസന്മാർഗ്ഗിക വ്യാപരം തടയൽ നിയമം"* (Immoral Traffic Prevension Act). ഇത് 1986–ൽ നിലവിൽ വന്നു. ഈ നിയമമനുസരിച്ച് പതിനാറ് വയസിൽ താഴെയുള്ള കുട്ടികളെ ലൈംഗിക ചൂഷണത്തിന് ഇരയാക്കുന്നത് ശിക്ഷാർഹമാണ്. തൊഴിൽ മേഖലകളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക ചൂഷണം തടയുന്നതിനുമുള്ള പ്രത്യേക ചട്ടങ്ങൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. എങ്കിലും അനുദിനം സ്ത്രീപീഡനവും കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങളും വർദ്ധിക്കുന്നില്ലേ?

*"ഗർഭഛിദ്ര നിയമം"* (Medical Termination of Pregnancy Act), 1971 –ൽ നിലവിൽ വന്നു. ഗർഭഛിദ്രം ക്രിമിനൽ കുറ്റമാണ്. എന്നാൽ ബലാത്സംഗം മൂലമുണ്ടാകുന്ന ഗർഭമാണെങ്കിൽ ഗർഭഛിദ്രത്തിന് നിയമതടസ്സമില്ല. ഗർഭസ്ഥ ശിശുവിന്റെ ലിംഗ നിർണ്ണയത്തിനു വേണ്ടി ടെസ്റ്റുകൾ നടത്തുന്നതും ഗർഭസ്ഥ ശിശുവിന്റെ ലിംഗ നിർണ്ണയം ഗർഭിണിയോടോ, ബന്ധുക്കളോടോ വെളിപ്പെടുത്തുന്നതും ഗർഭസ്ഥ ശിശുവിന്റെ *"ലിംഗ നിർണ്ണയ നിയന്ത്രണ നിയമ"*മനുസരിച്ച് കുറ്റകരമാണ്. ഇത്തരത്തിൽ നിയമമുണ്ടെങ്കിലും പെൺ ഭ്രൂണഹത്യ വ്യാപകമാണ്.

സ്ത്രീകൾ സ്വന്തം വീടുകളിൽ ചൂഷണത്തിനിരയാകുന്നതിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിന് വേണ്ടിയുള്ള ശക്തമായ നിയമമാണ് *"ഗാർഹിക പീഡന നിരോധന നിയമം"* (Protection of women from domestic violence Act). ഇത് 2005–ൽ നിലവിൽ വന്നു. ഇതിൻപ്രകാരം സ്തീകൾക്ക് സുരക്ഷിത താമസം, ചെലവിനു കിട്ടുക, കുട്ടികളെ വിട്ടുകിട്ടൽ, നഷ്ടപരിഹാരം, സംരക്ഷണം എന്നിവ ലഭിക്കുന്നു. സ്ത്രീക്ക് സ്വാഭിമാനത്തോടെ, സ്വാതന്ത്ര്യത്തോടെ സുരക്ഷിതമായി ജീവിക്കുന്നതിനുള്ള സാമൂഹിക സാഹചര്യമാണ് നിയമം ലക്ഷ്യമിടുന്നത്. ശാരീരിക–ലൈംഗിക അതിക്രമങ്ങൾ മാത്രമല്ല വാക്കുകൾ കൊണ്ടും വൈകാരികമായും ഉള്ള അതിക്രമങ്ങളും ഗാർഹിക പീഡനത്തിൽ ഉൾപ്പെടുന്നു. സ്ത്രീപീഡനത്തിൽ സ്വഭവനത്തിനുള്ളിൽ വർദ്ധിക്കുന്നത് നിർഭാഗ്യകരം.

ഇന്ത്യൻ പിൻതുടർച്ചാവകാശ നിയമമനുസരിച്ച് സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പം മാതാപിതാക്കളുടെ സ്വത്തിൽ അവകാശം ലഭിക്കും. 1986 –ൽ മേരിറോയി കേസിലാണ് ഈ വിധിയുണ്ടായത്. 1951 മുതൽ ഇതിന് മുൻകാല പ്രാബല്ല്യമുണ്ട്. അതായത് 1951 ഏപ്രിലിന് ശേഷം പിതൃസ്വത്തിൽ പെൺമക്കൾക്കും ആൺമക്കൾക്കും തുല്ല്യമായി അവകാശം ലഭിക്കും. സ്വത്തുക്കളെ സംബന്ധിച്ച് യാതൊരു വ്യവസ്ഥയും ഇല്ലാതെ മരിക്കുമ്പോൾ മാത്രമാണ് പിൻതുടർച്ചാവകാശത്തിലെ വകുപ്പുകൾ പ്രസക്തമാകുന്നത്. എന്നാൽ ഇന്നും സ്വത്ത് വിഭജനത്തിൽ നീതിപൂർവ്വമായ സമീപനം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.

സ്ത്രീകൾക്കു നേരേയുള്ള അതിക്രമങ്ങൾ അന്വേഷിക്കുക, സ്ത്രീകളുടെ പ്രശ്നങ്ങളിൽ നീതി ഉറപ്പാക്കുക, സ്ത്രീ ശക്തീകരണത്തിനും സുരക്ഷയ്ക്കുമുള്ള ശുപാർശകൾ സർക്കാരിന് സമർപ്പിക്കുക എന്നീ ലക്ഷ്യത്തോടെ പ്ര

വർത്തിക്കുന്ന *വനിതാ കമ്മീഷൻ,* വ്യക്തിയുടെ ജീവനും സ്വാതന്ത്ര്യത്തിനും സമത്വത്തിനും അന്തസ്സിനും സംരക്ഷണം നൽകത്തക്കവിധം രൂപപ്പെടുത്തിയിട്ടുള്ള *മനുഷ്യാവകാശ കമ്മീഷൻ,* മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ജീവനാംശത്തിനും ക്ഷേമത്തിനായുള്ള നിയമം (Protection and welfare of Parents and Elders Act). എന്നിവ ലഭ്യമാണ്. എന്നാൽ ഇവ ഫലപ്രദമായി നടപ്പാക്കപ്പെടുന്നില്ല എന്നുള്ളതാണ് സ്ത്രീസുരക്ഷയ്ക്കെതിരെയുള്ള പ്രധാന വെല്ലുവിളി. തുല്യ ജോലിക്ക് തുല്യ വേതനം. മാതൃശിശു പരിപാലന രംഗത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ധാരാളം പദ്ധതികൾ, കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50% സംവരണം, സ്ത്രീകളുടെ ക്ഷേമവും ശക്തീകരണവും മുൻനിർത്തി അയൽകൂട്ടങ്ങളും കുടുംബശ്രീ പദ്ധതികളും. സ്ത്രീകളിൽ സമ്പാദ്യശീലവും സാമ്പത്തീക സുരക്ഷ വർദ്ധിപ്പിക്കുന്നതിന് സ്വയം സഹായ സംഘങ്ങൾ, പരാതികൾ അറിയിക്കുവാൻ ഹെൽപ് ലൈൻ നമ്പരുകൾ, ത്രിതല പഞ്ചായത്തുകളിൽ ജാഗ്രതാ സമിതികൾ, എല്ലാ ജില്ലകളിലും ഏർപ്പെടുത്തിയിട്ടുള്ള വനിതാ സെൽ, കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ധാരാളം കുടുംബ ക്കോടതികൾ ഇവയെല്ലാം സ്ത്രീ സുരക്ഷിതത്വത്തിനു വേണ്ടിയുള്ള പദ്ധതികളാണ്. കൂടാതെ സ്ത്രീകളെ പോലീസ് സ്റ്റേഷനിൽ വിളിച്ചു വരുത്തി ചോദ്യം ചെയ്യാൻ പാടില്ല. ചോദ്യം ചെയ്യണമെന്നുണ്ടെങ്കിൽ സ്ത്രീകളെ അവരുടെ വീട്ടിൽ കുടുംബാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ വേണം. കഴിവതും വനിതാ പോലീസിന്റെ സേവനം ഉപയോഗിക്കണം. ഇങ്ങനെ എത്രയോ അവകാശങ്ങൾ സ്ത്രീകൾക്ക് ഉറപ്പു നൽകുന്നു. സ്ത്രീയുടെ അന്തസ്സിനും മാന്യതക്കും കോട്ടം തട്ടുന്ന തരത്തിൽ വാക്കുകൾ ഉച്ചരിച്ചാലോ, ആഗ്യം കാണിക്കുകയോ, അപമര്യാദയായി പെരുമാറിയാലോ, കമന്റടി, തൊട്ടുരുമിയാത്ര ഇവയെല്ലാം കുറ്റകൃത്യത്തിന്റെ പരിധിയിൽ വരും. അതിനാൽ ഇത്തരത്തിൽ സ്ത്രീകളെ ശല്ല്യം ചെയ്യുന്നവർക്കെതിരെ പരാതി നൽകുവാൻ സ്ത്രീകൾക്ക് കഴിയും.

സർക്കാർ തലത്തിൽ ധാരാളം പദ്ധതികൾ സ്ത്രീ സുരക്ഷയ്ക്കും ക്ഷേമത്തിനും സ്ത്രീ ശക്തീകരണത്തിനുമായി ആവിഷ്ക്കരിച്ചിട്ടുണ്ട്. സ്ത്രീ നീതി, സമത്വം, സാമൂഹിക പരിരക്ഷ, സാമ്പത്തിക സുരക്ഷിതത്വം തുടങ്ങിയ വിവിധ കർമ്മപദ്ധതികളിലൂടെ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സഹായിക്കുന്നവയാണ്.

നിയമ സുരക്ഷ സംവിധാനങ്ങളെപ്പറ്റിയുള്ള അറിവില്ലായ്മ സ്ത്രീപീഡനങ്ങൾ മറച്ചുവയ്ക്കുവാൻ കാരണമായിത്തീരുന്നു. അതിനാൽ ബോധവൽക്കരണം അനിവാര്യമാണ്. സ്ത്രീകൾ അവരുടെ സ്വയം ശക്തി തിരിച്ചറിഞ്ഞ് ആത്മവിശ്വാസത്തോടെ മുന്നേറണം. ഇതിന് നിയമ ബോധനം വളരെ അനിവാര്യമാണ്. സാമൂഹിക പുരോഗതിയിലേക്ക് എത്തിച്ചേരണമെങ്കിൽ സാമ്പത്തിക സാമൂഹിക, രാഷ്ട്രീയ മേഖലകളിൽ ശക്തമായ സ്ത്രീ സാന്നിധ്യം ഉണ്ടാകണം. സ്ത്രീകളോടുള്ള വിവേചനം പൂർണ്ണമായി ഒഴിവാക്കുവാൻ കഴിയണം.കൂടാതെ സ്ത്രീകൾ അന്തസ്സും സുരക്ഷിതത്വവും നഷ്ടപ്പെടുത്തുന്നവർക്കുള്ള ശിക്ഷാനടപടികൾ ഇന്ത്യൻ ശിക്ഷാനിയമത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ ഫലപ്രദമായി നടപ്പാക്കണം.

നിയമ വാഴ്ചയുടെ ദുർബലാവസ്ഥ സമൂഹത്തെ നശിപ്പിക്കും. അതിനാൽ കൂടുതൽ കാർക്കശ്യമുള്ള നിയമങ്ങൾ ഉൾപ്പെടുത്തിയും, പ്രത്യേക വനിതാ കോടതികൾ സ്ഥാപിച്ചും – നീതി ന്യായ വ്യവസ്ഥിതി വിപുലപ്പെടുത്തണം. ശാസ്ത്രീയമായ കുറ്റാന്വേഷണവും വേഗത്തിലുള്ള വിചാരണയും നീതി നടപ്പാക്കുന്നതിനുള്ള കർത്തവ്യബോധ്യവും സുതാര്യതയും നീതിന്യായ വ്യവസ്ഥിതിക്ക് ഉണ്ടാകണം.

നീതിക്കുവേണ്ടി പോരാടുവാനും അവകാശങ്ങൾ സംരക്ഷിക്കുവാനും സ്ത്രീ സുരക്ഷ ഉറപ്പാക്കുവാനും ഭരണഘടനാപരവും നിയമപരവുമായ അവകാശങ്ങളെപ്പറ്റിയും സംരക്ഷണങ്ങളെപ്പറ്റിയും സ്ത്രീകൾ ബോധവതികളാകണം. ലഭ്യമായ സമയം, കഴിവ്, വിവരം, വിജ്ഞാനം ഇവ ഉപയോഗപ്പെടുത്തി സാമ്പത്തിക സുരക്ഷിതത്വം കൈവരിക്കുവാനും കഴിയണം. നിലവിലുള്ള സാമൂഹിക ചുറ്റുപാടുകൾ മനസ്സിലാക്കി വിവിധ മേഖലകളിൽ പ്രവർത്തിക്കുവാൻ തക്ക ആത്മവിശ്വാസം പകർന്നു നൽകത്തക്കവിധത്തിൽ വിവിധങ്ങളായ കർമ്മപദ്ധതികൾ രൂപപ്പെടുത്തുവാൻ “പെണ്മയുടെ നന്മ” എന്ന പദ്ധതിയിലൂടെ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് കഴിയണം. കേന്ദ്ര–ഭദ്രാസന–ഇടവക തലങ്ങളിൽ നിയമ സാക്ഷരതാ സെമിനാറുകളും, നിയമ ബോധനവും ഫലപ്രദമായി നടപ്പാക്കുവാൻ കഴിയണം. സ്ത്രീകൾക്ക് ശക്തിയും കരുത്തും പകർന്ന് അവരെ സമൂഹത്തിലും സഭയിലും നേതൃത്വ നിരയിലേക്ക് കൊണ്ടുവരുവാൻ ശ്രദ്ധിക്കുകയും ചെയ്യണം. അതിനാവശ്യമായ ഭരണഘടനാ ഭേദഗതികൾ വരുത്തുവാനും തയ്യാറാകണം.

പ്രതിബദ്ധതയോടും കഠിനാധ്വാനത്തോടും പ്രതിസന്ധികളെ തരണം ചെയ്ത് സമൂഹത്തിൽ സ്ത്രീ നീതിയും സുരക്ഷിതത്വവും സംരക്ഷിക്കപ്പെടണം. കുടുംബ ബന്ധങ്ങളെയും ഭാവി തലമുറയെയും ഭദ്രമായി മുമ്പോട്ട് നയിക്കേണ്ട ഉത്തരവാദിത്വം ഏറ്റെടുക്കണം. സമത്വ സുന്ദരമായ സമൂഹ നിർമ്മിതിക്കായി സ്ത്രീ–പുരുഷ വിവേചനമില്ലാതെ ഒരുമിച്ച് ക്രിയാത്മകമായി പ്രവർത്തിക്കുന്ന ഒരു സാമൂഹിക ജീവിതം വളരണം. സ്ത്രീ നീതിയും സുരക്ഷിതത്വവും എല്ലായിടത്തും ഉറപ്പാക്കണം. സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പാക്കുമെന്നും സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങൾ തടയുമെന്നും നമുക്ക് പ്രതിജ്ഞയെടുക്കാം. സ്ത്രീ നിതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാം. ●

കവിത

# കപടമായ ലോകം

റെനി കെ. റെജി, കോയിപ്രം



കപടതകൾ നിറയും ലോകം തൻ
അസ്ഥികൾ ക്ഷയിച്ചു പോകുന്നു
അഹങ്കാരം നിറയും ലോകം തൻ
ജീവൻ നിലച്ചു പോകുന്നു
വ്യാജസ്നേഹം കാട്ടി ലോകത്തെ
ചവുട്ടി അരയ്ക്കും മാനവർ

ഭൂമിയെ കയ്യടക്കി ഭരിക്കും മാനവർ
രക്ഷതൻ കണങ്ങൾ ഇല്ലാതെ
പാഴ്‌വിധിയായി ഭൂമി
ദുഷ്ക്കരങ്ങളിൽ നിന്നു
വീണ്ടെടുക്കേണ്ടിയിരിക്കുന്നു
നാം ആ മാതൃഭൂമിയെ........

# തള്ളിക്കളയല്ലേ നാഥാ



അനാമിക

ഒരു മാത്ര ഞാനീ കുരിശിൻ ചുവട്ടിൽ
തല ചായ്ച്ചുറങ്ങട്ടെ നാഥാ!........
എവിടെയും കിട്ടാത്ത സ്നേഹത്തണലിൽ
കറകൾ കഴുകി ഞാനുറങ്ങീടട്ടേ
ഇത്രയും ജന്മങ്ങൾ പാഴായ പാപി ഞാൻ
ഒരുനാളും തള്ളല്ലേ, പൊന്നു നാഥാ
അവിടുത്തെ കരുതലിൽ എന്നും കഴിയുവാൻ
കൊതിയോടെ ഞാനിന്നു വന്നിടുന്നു
പോയ ദിനങ്ങളെ ഓർത്തുകരഞ്ഞും
ഇനിയൊരു ജീവിതം കൊതിയോടെ ഓർത്തും
അഗതി ഞാനണയുന്നീ തിരുപാദത്തിൽ
കരുതലോടെന്നെ നീ ചേർത്തീടേണേ
അവിടുത്തെ സ്നേഹം മാത്രം മതിയിനി
ആ മാർവ്വിലഭയം തരിക നാഥാ
നിന്നോമന മകളല്ലേ ഞാനും
തള്ളിക്കളയല്ലേ അനാഥയായി ഇനി

8–ാം പേജിൽ നിന്നും

ചെയ്യുന്നു. അതുകൊണ്ടുതന്നെ ഈ പ്രശ്നം നമുക്കിടയിലും ഉണ്ടെന്നും, കുട്ടികൾ ഏതെല്ലാം സാഹചര്യങ്ങളിൽ ചൂഷണം ചെയ്യപ്പെടുന്നു, എങ്ങനെ ചൂഷണത്തെ തടയാം, ചൂഷണത്തിനു വിധേയാരായാലുണ്ടാകുന്ന പ്രശ്നങ്ങൾ, അവയെ എങ്ങനെ അഭിമുഖീകരിക്കണം തുടങ്ങിയവയെക്കുറിച്ചുള്ള ബോധവൽക്കരണം മാതാപിതാക്കൾക്ക് നൽകേണ്ടതാണ്. അതുവഴി മാതാപിതാക്കളെ വെറും കാഴ്ചക്കാരും, കേൾവിക്കാരുമായിരിക്കുന്ന അവസ്ഥയിൽ നിന്നും തങ്ങളുടെ മക്കളുടെ കാര്യത്തിൽ ശ്രദ്ധാലുക്കളാകാൻ സഹായിക്കും.

***എന്തു ചെയ്യണം ?***

തങ്ങളുടെ മക്കൾ ചൂഷണത്തിനു വിധേയരായി എന്നറിഞ്ഞാൽ പല മാതാപിതാക്കളും പിന്നീട് മക്കളെ കൂടുതൽ നിയന്ത്രിക്കും. ഒപ്പം ചൂഷണം നടന്നതിനെപ്പറ്റി 'ഞാനൊന്നുമറിഞ്ഞില്ല' എന്ന ഭാവവും, ഈ രണ്ടു പ്രവണതയും കുട്ടികളിൽ മാനസിക സംഘർഷം വർദ്ധിക്കുവാനേ ഉപകരിക്കൂ. സ്നേഹവാത്സല്യങ്ങളോടെയുള്ള പരിചരണവും പരിഗണനയും ഈ കുട്ടികൾക്ക് ആവശ്യമാണ്. കുട്ടിയെ ഒറ്റപ്പെടുത്താതെയും കുറ്റപ്പെടുത്താതെയും തന്റെ കരുതലും പിന്തുണയും മാതാപിതാക്കൾ നൽകണം. മാനസിക സംഘർഷങ്ങൾ ഏറുന്ന സാഹചര്യമാണുള്ളതെങ്കിൽ വിദഗ്ദ്ധ മനഃശാസ്ത്ര സഹായം തേടുന്നതും ഉചിതമാണ്.

വീട്ടുമുറ്റത്ത് നാം ചെടികൾ നട്ടുവളർത്താറുണ്ട്. ആ കൊച്ചു പൂന്തോട്ടത്തിലെ പൂക്കൾ പുഴുവരിക്കുന്നത് നമ്മളാരും ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ടുതന്നെ പുഴുവരിക്കാതിരിക്കാനുള്ള മുൻകരുതൽ നാം സ്വീകരിക്കാറുണ്ട്. ഏതെങ്കിലും കീടങ്ങൾ നാം വന്നാൽ നാമവയെ നശിപ്പിച്ചു കളഞ്ഞ് പൂന്തോട്ടം സംരക്ഷിക്കുക പതിവാണ്. അങ്ങനെയെങ്കിൽ വീട്ടുമുറ്റത്തെ പൂന്തോട്ടങ്ങളെക്കാൾ പ്രാധാന്യമർഹിക്കുന്നതാണ് കുടുംബമെന്ന മലർവാടി. അതിൽ വിടരുന്ന മുകുളങ്ങളാണ് മക്കൾ. ഈ കൊച്ചു മുകുളങ്ങൾക്ക് പുഴുക്കുത്തേല്ക്കാത്ത ഒരു ബാല്യം സമ്മാനിക്കേണ്ടത് മാതാപിതാക്കളുടെയും സമൂഹത്തിന്റെ തന്നെയും കടമയാണ്. ആ കടമ അവഗണിച്ച് വീഴ്ചവരുത്താമോ?

●

# ഓയാറിൽ പതിയിരിക്കുന്ന ദുഷ്ടാത്മാക്കൾ

**ഡോ. എം. കുര്യൻ തോമസ്**

ഗതികിട്ടാപ്രേതങ്ങൾ അലഞ്ഞുതിരിയുന്ന ഒരിടമാണ് സൈബർ സ്പേസ്. ഊരുംപേരുമില്ലാത്ത പല കായിതങ്ങളും ഇതിൽ പ്രത്യക്ഷപ്പെടും. ആരെക്കുറിച്ചും എന്തും പറയാവുന്ന ഒരിടമായി ഇന്നു സൈബർ സ്പേസ് മാറിയിരിക്കുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ ശവസംസ്കാര ശുശ്രൂഷയിൽ പരാമർശിക്കുന്ന ...*ഓയാറിൽ പതിയിരിക്കുന്ന ദുഷ്ടാത്മാക്കൾ*... ഇവയാണോ എന്നു സംശയിക്കേണ്ട സാഹചര്യമാണ് പലപ്പോഴുമുണ്ടാകുക.

പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കായും പ. ഫ്രാൻസിസ് മാർപ്പാപ്പായും തമ്മിൽ 2013 സെപ്റ്റംബർ 6-ന് റോമിൽവെച്ച് കൂടിക്കാണുന്ന വാർത്ത വെളിയിൽവന്നതോടെ അതിനേപ്പറ്റി ഇത്തരമൊരു പിതൃശൂന്യ സൃഷ്ടിയും സൈബർ സ്പേസിൽ അവതരിച്ചു. *കണ്ടാൽ കളി. കണ്ടില്ലേൽ കാര്യം* എന്നനിലയിൽ പടച്ചുവിട്ട ഒന്നാണ് ഈ വിശ്വാമിത്ര സൃഷ്ടി. മറുപടി അർഹിക്കുന്ന ഒന്നല്ലങ്കിലും, ഇതിന്റെ വിശദീകരണം വായ്മൊഴിയായി പ്രചരിപ്പിക്കുന്ന ചില വ്യാജപ്രാസ്താവനകൾക്കു മറുപടിയാകും എന്നതിനാൽ മാത്രം രേഖപ്പെടുത്തുകയാണ്.

വിചിത്രമായ നിഗമനങ്ങളാണ് പ. കാതോലിക്കാ ബാവായുടെ റോം സന്ദർശനത്തേപ്പറ്റി ഈ പിതൃശൂന്യ സൃഷ്ടിയിൽ അവതരിപ്പിക്കുന്നത്. ആർച്ചുബിഷപ്പ് മാർ ഈവാനിയോസിനു ശേഷം നിലച്ചുപോയ *പുനരൈക്യശ്രമം* പൂർത്തിയാക്കാനാണത്ര പ. ബാവാ റോം സന്ദർശിക്കുന്നത്. ഐക്യം ഉടൻ പൂർത്തിയാകുന്നതിനാൽ കാതോലിക്കായുടെ സ്ഥാനം, വിവാഹിതരായ വൈദീകർ, വൈദീക വിദ്യാഭ്യാസം മുതലായ വിശദാംശങ്ങൾ അവർ ചർച്ച ചെയ്യുമത്രെ! മുന്നോട്ട് വരികൾക്കിടയിൽ വായിച്ചാൽ *കാതോലിക്കായുടെ സ്ഥാനം* എന്നാൽ, *പുനരൈക്യം*മൂലം മലങ്കര മൊത്തമായി തിരുവനന്തപുരം മേജർ ആർച്ചു ബിഷപ്പിന് അധീനമായിക്കഴിയുമ്പോൾ തൊഴിലില്ലാതാവുന്ന പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയന്റെ *ഗതി എന്താവും* എന്നതായിരുന്നു ചർച്ചാവിഷയം എന്നു ലേഖനകർത്താവ് ഉദ്ദേശിച്ചതായി തോന്നും.

രണ്ടു കാര്യങ്ങൾ ഇവിടെ വ്യക്തമാക്കിക്കൊള്ളട്ടെ. ഒന്നാമതായി സന്ദർശനാനുമതി യാചിച്ച് കാത്തു കെട്ടിക്കിടന്നു നടത്തിയ ഒരു മുഖംകാണിക്കലല്ല 2013 സെപ്റ്റംബർ 5-നു റോമിൽ നടന്നത്. സമന്മാരായ ഇരു സഭാ തലവന്മാർ തമ്മിലുള്ള ഒരു കൂടിക്കാഴ്ചയായിരുന്നു അത്. യഥാർത്ഥത്തിൽ ഇത് റോമൻ കത്തോലിക്കാ സഭയുടെ പൊന്തിഫിക്കൽ കൗൺസിൽ ഫോർ പ്രമോട്ടിംഗ് ക്രിസ്ത്യൻ യൂണിറ്റിയും മലങ്കര സഭയുടെ ഡിപ്പാർട്ട്മെന്റ് ഓഫ് എക്യൂമിനിക്കൽ റിലേഷൻസും ഏതാണ്ട് രണ്ടു വർഷം മുമ്പ് നിശ്ചയിച്ച ഒരു കൂടിക്കാഴ്ചയായിരുന്നു. 2013 സെപ്റ്റംബർ മാസത്തിൽ പോപ്പ് ബനഡിക്ട് പതിനാറാമനും പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കായും റോമിൽവെച്ച് കൂടിക്കാണുക എന്നതായിരുന്നു പരസ്പര ധാരണ. പക്ഷേ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ അപ്രതീക്ഷിതമായി സ്ഥാനത്യാഗം ചെയ്തതിനെത്തുടർന്ന് കൂടിക്കാഴ്ച അനിശ്ചിതത്വത്തിലായി. ഏങ്കിലും പുതിയ മാർപാപ്പാ സ്ഥാനമേറ്റതിനേത്തുടർന്ന് കൂടിക്കാഴ്ചയ്ക്കു താൽപര്യം പ്രകടിപ്പിച്ചു. പ. ബാവാ ഇംഗ്ലണ്ടിലെ ബ്രിസ്റ്റൾ പള്ളി കൂദാശയ്ക്കായി സെപ്റ്റംബറിൽ യൂറോപ്പു സന്ദർശിക്കുമ്പോൾ സൗകര്യമാണന്നു അറിയിച്ചതിനേത്തുർന്നാണ് ഇപ്പോൾ ഈ സമാഗമം പുനഃക്രമീകരിച്ചത്.

രണ്ടാമതായി, ഈ കൂടിക്കാഴ്ചയുടെ ക്രമീകരണങ്ങളും, സ്വീകരണത്തിന്റെ രീതിയും, ചർച്ച ചെയ്ത വിഷയങ്ങളും റോമിൽനിന്നും ഔദ്യോഗികമായും അനൗദ്യോഗികമായും ലഭിക്കുന്നവയാണ്. ഊഹാപോഹങ്ങൾ പ്രചരിപ്പിക്കുന്നതിനു പകരം യാഥാർത്ഥ്യം എന്തെന്ന് അന്വേഷിച്ചറിയുക. ഒന്നുമാത്രം വ്യക്തമാക്കാം. മാർപ്പാപ്പാ-കാതോലിക്കാ കൂടിക്കാഴ്ചയിൽ മലങ്കര സഭ റോമാ സഭയിൽ ലയിക്കുക എന്ന വിഷയം ചർച്ച ചെയ്തിട്ടില്ല. കേവലം സൗഹൃദ സന്ദർശനത്തിനപ്പുറം ഒന്നും ഇരുഭാഗവും ഉദ്ദേശിച്ചിരുന്നുമില്ല.

പ. കാതോലിക്കാ ബാവായുടെ റോം സന്ദർശനത്തേപ്പറ്റിയുള്ള അടുത്ത *കണ്ടെത്തൽ* അതിലും വിചിത്രമാണ്. തിരുവനന്തപുരം റീത്തിന്റെ സ്ഥാപകൻ മാർ ഈവാനിയോസിനെ

തിരെ കാലാകാലങ്ങളിൽ മലങ്കര സഭ നടത്തിയിട്ടുള്ള വിമർശനങ്ങൾക്ക് മാർപാപ്പായോട് ക്ഷമ ചോദിക്കാനാണത്രേ പ. കാതോലിക്കാ ബാവാ റോം സന്ദർശിച്ചത്! മലങ്കര സഭയുടെ ചിലവിൽ ഉന്നത വിദ്യാഭ്യാസം നടത്തി, അതേ സഭയുടെ ബഥനി ആശ്രമത്തിന്റെ മെത്രാപ്പോലീത്തായായി പട്ടംകെട്ടപ്പെട്ട പണിക്കരുവീട്ടീൽ ഗീവർഗീസ് മാർ ഈവാനിയോസ് റോമാ സഭയിൽ ചേർന്നത് മലങ്കര സഭ ആവശ്യപ്പെട്ടിട്ടല്ല. സ്വന്ത താല്പര്യവും ഇച്ഛാഭംഗവുംമൂലം റോമൻ കത്തോലിക്കാ സഭയിൽ ചേർന്ന അദ്ദേഹത്തെ *പുകഞ്ഞകൊള്ളി പുറത്ത്* എന്നു മാത്രമേ മലങ്കര സഭ കരുതിയിട്ടുള്ളു. ഒരുപക്ഷേ അവിടെയും അദ്ദേഹം ആഗ്രഹിച്ച സ്ഥാനം ലഭിക്കാതിരുന്നതിൽ ചിലർ അദ്ദേഹത്തോടു സഹതപിച്ചേക്കാം. അതവരുടെ കാര്യം. 1930-ൽ റോമാ സഭയിൽച്ചേർന്ന് 1932-ൽ റോമാ സഭയിലെ തിരുവനന്തപുരം ആർച്ചുബിഷപ്പായി ഉയർത്തപ്പെട്ട മാർ ഈവാനിയോസിനെ ദൈവദാസനോ, വാഴ്ത്തപ്പെട്ടവനോ, പരിശുദ്ധനോ ആക്കുന്നത് റോമൻ കത്തോലിക്കാ സഭയുടെ മാത്രം കാര്യമാണ്. ആ പ്രക്രിയിൽ മലങ്കര സഭയ്ക്ക് യാതൊരു ബന്ധവുമില്ല താൽപ്പര്യവുമില്ല. ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മാതൃസഭയോടു ചെയ്ത കൊടുംചതി തുറന്നു പറഞ്ഞതിൽ മലങ്കര സഭയ്ക്ക് പശ്ചാത്തപിക്കേണ്ട കാര്യമില്ല. അവ പിൻവലിക്കാൻ തയാറുമല്ല.

സാന്ദർഭികമായി ഒരു വസ്തുതകൂടി ചൂണ്ടിക്കാണിക്കട്ടെ. ഇരുപതാം നൂറ്റാണ്ടിൽ മലങ്കര നസ്രാണികളെ റോമൻ കത്തോലിക്കാ സഭയിൽ ചേർക്കാനുള്ള പരിശ്രമം മാർ ഈവാനിയോസിന്റെ സൃഷ്ടിയല്ല. *പുനരൈക്യം* എന്ന് ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന ഈ റോമാവഴക്ക പ്രക്രിയുടെ പിതാവ് മാർ ഈവാനിയോസിനെ റോമാ സഭയിലേയ്ക്കു സ്വീകരിച്ച കൊല്ലത്തെ ലത്തീൻ ബിഷപ്പ് ഡോ. മരിയാ ബൻസിഗറാണ്. 1914-ൽ അദ്ദേഹം കറ്റാനത്ത് ആരംഭിച്ച മലങ്കര സഭാംഗങ്ങളുടെ റോമാവൽക്കരണ മിഷന്റെ ഫലമാണ് മാർ ഈവാനിയോസിന്റെ പോലും ആ സഭയിലേയ്ക്കുള്ള പ്രവേശനം. അന്നു മുതൽ കൊല്ലം ലത്തീൻ രൂപത മലങ്കര സഭയിൽനിന്നും റോമാ സഭയിൽ ചേർത്ത 10,000 നസ്രാണികളേയും 9 വൈദീകരേയും 1955 ഏപ്രിൽ 29-ലെ *Multarum Fidelium....* എന്ന ബൂളാ വഴിയാണ് മലങ്കര റീത്തിന്റെ ഭാഗമാക്കുന്നത്. അത്രയും നസ്രാണികളെ *ആദയപ്പെടുത്തുവാൻ* മാർ ഈവാനിയോസിനോ പ്രഭൃതികൾക്കോ 1930 മുതൽ ശ്രമിച്ചിട്ട് സാധിച്ചോ എന്നത് മറ്റൊരു പ്രസക്തമായ ചോദ്യം. ഏതായാലും *മലങ്കര കത്തോലിക്കാ സഭ* എന്നു ഇന്നു സ്വയം വിളിക്കുന്ന റോമൻ കത്തോലിക്കാ സഭയുടെ സീറോ-മലങ്കര റീത്തിന്റെ സ്ഥാപകൻ മാർ ഈവാനിയോസല്ല. അത് ഡോ. മരിയാ ബൻസിഗറാണ്. അതേ കാലത്തുതന്നെ കോട്ടയത്തെ ക്നാനായ റോമൻ കത്തോലിക്കാ രൂപത ക്നാനായ സമുദായത്തിൽ നിന്നും പുതുതായി റോമൻ കത്തോലിക്കാ സഭയിലേയ്ക്കു ചേർത്തുതുടങ്ങിയവർ ഇന്നും ആ രൂപതയിൽ *മലങ്കര ഫൊറോന* ആയി നിലനിൽക്കുന്നു എന്നതും വസ്തുതയാണ്.

മുമ്പ് പലപ്പോഴും സൂചിപ്പിച്ചിട്ടുള്ളത് സാന്ദർഭികമായി ഒരിക്കൽക്കൂടി ആവർത്തിക്കട്ടെ. മലങ്കര സഭ ഉപയോഗിക്കുന്ന പാശ്ചാത്യ സുറിയാനി ആരാധനാക്രമം വെട്ടിത്തിരുത്തി ഉപയോഗിക്കുന്ന ഒരു റോമൻ കത്തോലിക്ക അതിരൂപത എന്നതിനേക്കാൾ ഉപരി, മലങ്കര സഭയുടെ പിന്തുടർച്ച അവകാശപ്പെടാൻ തിരുവനന്തപുരം അതിരൂപതയ്ക്ക് യാതൊരു അർഹതയുമില്ല. കണക്കെടുത്താൽ ഈ അതിരൂപതയിൽ മറ്റു ചില വിഭാഗങ്ങളെ അപേക്ഷിച്ച് മാർ ഈവാനിയോസിന്റെ വംശത്തിൽപ്പെട്ട പഴയ മലങ്കര നസ്രാണികൾ എത്ര ശതമാനം വരും? അതു അതി ന്യൂനപക്ഷമോ ഭൂരിപക്ഷമോ?

മലങ്കര സഭ കാലാകാലങ്ങളിൽ നിർവചിച്ച സ്ഥാനങ്ങളാണ് മലങ്കര സഭാദ്ധ്യക്ഷനുള്ളത്. അവയുടെ നിലയും വിലയും അവർക്കറിയാം. ഏതെങ്കിലും മേലധികാരി ദാനം നൽകിയതോ ഉദ്യോഗക്കയറ്റം നൽകിയതോ വിലയ്ക്കു വാങ്ങിയതോ ആയ സ്ഥാനങ്ങളല്ല അവ. ഇല്ലാത്ത സ്ഥാനങ്ങൾ ഉണ്ടന്നുനടിച്ച് എടുത്തണിയാറുമില്ല. സ്ഥാനമാനങ്ങളുടെ പ്രലോഭനത്തിൽ അവർ വീഴുകയുമില്ല. 1986-ൽ പൗരസ്ത്യ കാതോലിക്കായുടെ ആസ്ഥാന ദേവാലയമായ കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വെച്ച് *ഞാൻ റോമിലെ പാപ്പായാണ്, അങ്ങ് കോട്ടയത്തിന്റെയും* എന്നൊരു ചൂണ്ട പ. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഇട്ടതും, അതിനു ഉരുളയ്ക്കുപ്പേരിപോലെ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ നൽകിയ മറുപടിയും, അതിന്റെ പിന്നിലെ *ചായപ്പുനരൈക്യവും* ചരിത്രത്തിന്റെ ഭാഗമാകയാൽ ഇവിടെ ആവർത്തിക്കുന്നില്ല. അഥവാ വിവരിച്ചാലും സ്ഥാന-ധന മോഹ പ്രേരിതരായി അടിമത്വം സ്വയം ശിരസാവഹിച്ചവരുടെ പിൻഗാമികൾക്ക് അതു മനസിലാവുകയുമില്ല.

തിരുവനന്തപുരം അതിരൂപതാ അദ്ധ്യക്ഷനെ മേജർ ആർച്ചു ബിഷപ്പോ, കർദ്ദിനാളോ ആക്കുന്നത് റോമാ സഭയുടെ തീരുമാനവും, ആ സഭയുടെ അദ്ധ്യക്ഷനായ റോമാ പാപ്പായുടെ ദയാവായ്പ്പുമാണ്. അതിൽ മലങ്കര സഭയ്ക്കു കാര്യവും താൽപ്പര്യവുമില്ല. ആർക്കും സംഘടിപ്പിക്കാവുന്ന ആഘോഷങ്ങളിലും സ്വീകരണങ്ങളിലും പങ്കെടുക്കേണ്ട കാര്യവും മലങ്കര സഭയ്ക്കില്ല.

പ. കാതോലിക്കാ ബാവായുടെ ഇപ്പോഴത്തെ റോം സന്ദർശനത്തോടെ മലങ്കര സഭ റോമൻ കത്തോലിക്കാ സഭയിൽ ലയിക്കുമെന്നും, അതോടെ തിരുവനന്തപുരം മലങ്കര സഭയുടെ ആസ്ഥാനമാകുമെന്നും, തുടർന്ന് പൗരസ്ത്യ കാതോലിക്കായുടെ ആസ്ഥാനമായ ദേവലോകം അരമന മ്യൂസിയമായി മാറ്റുമെന്നുള്ള നിരീക്ഷണമാണ് അടുത്തത്. അതായത് തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ് ക്ലിമ്മീസ് കർദ്ദിനാൾ

തോട്ടുങ്കൽ മലങ്കര സഭാദ്ധ്യക്ഷനാകും! മലർപ്പൊടിക്കാരന്റെ സ്വപ്നമെന്നുപോലും ഇതിനെ വിശേഷിപ്പിക്കാനാവില്ല. എങ്കിലും ഒന്നു വ്യക്തമാക്കട്ടെ. റോമൻ കത്തോലിക്കാ സഭയും മലങ്കര സഭയും തമ്മിൽ വേദശാസ്ത്ര, ദൈവശാസ്ത്ര, സഭാവിജ്ഞാനീയ മേഖലകളിൽ അനേകം വൈജാത്യങ്ങളുണ്ട്. അവ പരിഹരിക്കുക ക്ഷിപ്രസാദ്ധ്യമല്ല. അവയിൽ സമവായം ഉണ്ടാകാതെ ഇരുസഭകളും തമ്മിൽ വി. കുർബാന സംസർഗ്ഗംപോലും സാദ്ധ്യമല്ല. മലങ്കര സഭയ്ക്കെന്നല്ല, ഒരു ഓറിയന്റൽ ഓർത്തഡോക്സ് സഭയ്ക്കും അതിന്റെ സത്യവിശ്വാസം ഭേദപ്പെടുത്താൻ അധികാരമില്ലതാനും.

പ. പത്രോസ് ശ്ലീഹയ്ക്കു സമമായ പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനവും അതിനു ശക്തമായ വേദശാസ്ത്ര അടിത്തറയുമുള്ള മലങ്കര സഭയെ റോമൻ കത്തോലിക്കാ സഭയുടെ രൂപതയോ അതിരൂപതയോ ആക്കുക സാദ്ധ്യമല്ലന്നു ആ സഭയിലെ വേദശാസ്ത്രജ്ഞന്മാർക്കറിയാം. ലോകത്തൊരിടത്തും *വാളും, കുരിശിട്ട കാശും, പാൽപ്പൊടിയും* അതിനുള്ള പ്രലോഭനമായി ഇന്നത്തെ ഉത്തരകൊളോണിയൽ കാലത്ത് ഉപയോഗിച്ചിട്ടു ഫലമില്ലന്നും റോം തിരിച്ചറിഞ്ഞിട്ടുണ്ട്. പക്ഷേ ഒന്നുണ്ട്. എന്നെങ്കിലും മലങ്കര സഭയും റോമൻ കത്തോലിക്കാ സഭയും തമ്മിൽ പരിപൂർണ്ണ കൂദാശാ സംസർഗത്തിൽ എത്തിയാൽ അന്ന് ഇല്ലാതാവുന്നത് തിരുവനന്തപുരം അതിരൂപതയും മലങ്കര കത്തോലിക്കാ റീത്തുമായിരിക്കും.

മലങ്കര സഭയും, അന്ത്യോഖ്യാ പാത്രിയർക്കീസ് *സിറിയായിൽനിന്നും പാലായനം ചെയ്തതിനാൽ* (ഈ പ്രയോഗം കായിത കർത്താവിന്റെയാണ്) കേരളത്തിലെ മുൻ പാത്രിയർക്കീസ് വിഭാഗവും ഉടനെ റോമാ സഭയിൽ - അതായത് തിരുവനന്തപുരം അതിരൂപതയിൽ - ചേരുമെന്നും അതോടെ അത് എറണാകുളം-അങ്കമാലി സീറോ മലബാർ അതിരൂപതയേക്കാൾ ശക്തി പ്രാപിക്കുമെന്നും സ്വപ്നം കാണുന്നു. ഇതിനു മറുപടി പറയേണ്ടത് എറണാകുളം-അങ്കമാലി സീറോ മലബാർ അതിരൂപതയും റോമൻ കത്തോലിക്കാ സഭയുമാണ്.

സഭകൾ തമ്മിലുള്ള ഐക്യത്തിനു താൻ ഏതു ത്യാഗത്തിനും തയാറാണന്ന് കർദ്ദിനൾ ക്ലിമ്മീസ് നേരത്തെ പ്രസ്താവിച്ചത്രേ! അദ്ദേഹത്തിന്റെ മുൻഗാമിയും ഇത്തരമൊരു *ത്യാഗത്തിനു* മുമ്പു തയാറായിരുന്നു. കാത്തലിക് ബിഷപ്പ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യയുടെ പ്രസിഡന്റായിരുന്ന ഡൽഹി ആർച്ച് ബിഷപ്പ് അലൻ ഡി ലാസ്റ്റിക്ക് അപ്രതീക്ഷിതമായി മരണമടഞ്ഞതോടെ ആ സ്ഥാനം വൈസ് പ്രസിഡന്റായിരുന്ന ഇദ്ദേഹത്തിന്റെ മുൻഗാമിക്കു ലഭിച്ചു. അയോദ്ധ്യാ പ്രശ്നം കത്തിനിന്ന കാലമായിരുന്നു അത്. അയോദ്ധ്യ പ്രശ്നം പരിഹരിക്കുവാൻ മദ്ധ്യസ്ഥനാകാൻ താൻ തയാറാണന്നും, അതിനൊരു *കരു ആകുവാൻ* താൻ സന്നദ്ധനാണെന്നും അന്നത്തെ പുതിയ സി.ബി.സി.ഐ. പ്രസിഡന്റ് തിരുവനന്തപുരത്തുവെച്ച് പ്രസ്ഥാവിച്ചു. കാറ്റിൽ പറന്ന ആ ത്യാഗത്തേക്കാൾ വലുതാണോ ഇത്?

അടുത്ത അവകാശവാദം മാർപാപ്പായും പൗരസ്ത്യ കാതോലിക്കായും തമ്മിലുള്ള കൂടിക്കാഴ്ചയ്ക്ക് *അനുമതി ലഭിക്കുവാൻ* തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ് *പിന്തുണ* നല്കി എന്നതാണ്. ഒരു സഹോദരീ സഭയുടെ അദ്ധ്യക്ഷനെ സ്വീകരിക്കുന്നതിന് റോമൻ കത്തോലിക്കാ സഭ അതിലെ *210-ാം കൂറു തമ്പുരാന്റെ* അനുമതി തേടി എന്നു പ്രചരിപ്പിക്കുന്നത് സ്വന്ത സഭയേപ്പറ്റിയുള്ള അജ്ഞതയോ അല്പത്തരമോ? അതോ മാർപാപ്പായെ ഒന്നോരണ്ടോ മിനിറ്റു മുഖം കാണിക്കുവാൻ പൗരസ്ത്യ തിരുസംഘത്തിന്റെ വരാന്തയിൽ കാത്തുകെട്ടിക്കിടക്കുകയോ, അല്ലെങ്കിൽ റോമാ സഭയിലെ മെത്രാന്മാർക്ക് നിശ്ചിത കാലയളവിലൊരിക്കലുള്ള *നിർബന്ധിത മുഖം കാണിക്കൽ* ചടങ്ങുവരെ കാത്തിരിക്കുകയോ ചെയ്തുള്ള പരിചയത്തിൽനിന്നും നിർവചിച്ചതോ?

സഹോദരൻ സഹോദരനെ സൽക്കരിക്കുന്നത് അവന്റെ ശക്തി-സമ്പത്തുകൾ നോക്കിയിട്ടല്ല. പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ പൗരസ്ത്യ കാതോലിക്കായ്ക്കു കിട്ടിയ അതേ നിലവാരത്തിലുള്ള സ്വീകരണം കോൺസ്റ്റാന്റിനോപ്പിളിലെ എക്യൂമിനിക്കൽ പാത്രിയർക്കീസ് ബർത്തലോമ്യോ പ്രഥമനും, അർമീനിയായുടെ സുപ്രിം കാതോലിക്കാ കരേക്കിൻ ദ്വിതീയനും, കോപ്ടിക് മാർപാപ്പാ തെവദ്രോസ് ദ്വിതീയനും, അന്ത്യോഖ്യാ പാത്രിയർക്കീസ് പ. ഇഗ്നാത്തിയോസ് സഖാ പ്രഥമനും, നെസ്തോറിയൻ കാതോലിക്കാ മാർ ദിൻഹാ നാലാമനും റോമിലെ മാർപ്പാപ്പാ നൽകി, ഇനിയും നൽകും. കാരണം അംഗബലം എത്രയായയാലും അവരും തന്നെപ്പോലെ സ്വതന്ത്ര ഭരണാധികാരമുള്ള സഭാദ്ധ്യക്ഷന്മാരാണന്ന് മാർപാപ്പായ്ക്കറിയാം.

എത്ര ദരിദ്രനാണെങ്കിലും ദുർബലനാണെങ്കിലും സഹോദരൻ സഹോദരൻ തന്നെയാണ്. അതേ സമയം എത്ര പ്രഗൽഭനാണെങ്കിലും സമ്പന്നാണെങ്കിലും ഉന്നതനാണെങ്കിലും ജീവനക്കാരൻ തൊഴിലാളി മാത്രമാണ്. ഇരുവരോടുമുള്ള സമീപനത്തിൽ എപ്പോഴും ഈ വൈജാത്യം പ്രകടമാണന്നത് ലോകനിയമമാണ്. ഇവരെ തിരിച്ചറിയാനുള്ള വിവേകവും വിവേചനവും മാർപാപ്പായ്ക്കും റോമൻ കത്തോലിക്കാ സഭാ അധികാരികൾക്കുമുണ്ട്. ഈ യാഥാർത്ഥ്യം മനസിലാക്കാതെ മൂഢസ്വർഗത്തിൽ വസിക്കുന്ന തൊഴിലാളിയേപ്പറ്റി പരിതപിക്കുകയല്ലാതെ മറ്റു മാർഗ്ഗമൊന്നുമില്ല. ●

## വൈദീക മിഷൻ

ചെങ്ങന്നൂർ ഭദ്രാസന വൈദീക മിഷന്റെ ആഭിമുഖ്യത്തിൽ ഇടവകകൾ കേന്ദ്രീകരിച്ച് ഗാന ശുശ്രൂഷ, വചന പ്രബോധന ശുശ്രൂഷകൾ, സമർപ്പണ ശുശ്രൂഷ എന്നിവ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് :- ഫാ. വിൽസൺ ശങ്കരത്തിൽ (9446190419)

യോഹ. 11:5 – 16, 14:1 – 6, 20:19 – 31

# വി. മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മ

ഫാ. പി.വി. ജോൺ

വി. മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മദിനങ്ങളായി സഭാ കലണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നത് ജൂലായ് 3 ഉം ഡിസംബർ 21 ഉം ആണ്. ജൂലൈ മൂന്ന് സെന്റ് തോമസ് ദിനമായി അറിയപ്പെടുന്നു. വി. മാർത്തോമ്മാ ശ്ലീഹാ മൈലാപ്പൂരിൽ വെച്ച് ശൂലത്താലുള്ള കുത്തേറ്റ് രക്തസാക്ഷിയായതിന്റെ ഓർമ്മ ദിനമാണ് ഡിസംബർ 21. എന്നാൽ സെന്റ് തോമസ് ദിനമായി നാം കൊണ്ടാടുന്ന ജൂലൈ മൂന്നാകട്ടെ മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പ് മൈലാപ്പൂരിൽ നിന്ന് എടുത്ത് എസേസ്സായിൽ കൊണ്ടുപോയി പ്രതിഷ്ഠിച്ച ദിനമാണ്. അന്നുമുതൽ അവിടെയുള്ള സഭകൾ ജൂലായ് മൂന്ന് മാർത്തോമ്മായുടെ ഓർമ്മ ദിനമായി ആചരിച്ചു. അന്ത്യോക്യൻ പേർഷ്യൻ സഭകളുമായുള്ള ബന്ധത്തിൽ നാമും ജൂലായ് മൂന്ന് പെരുന്നാളായി ആചരിച്ചു തുടങ്ങി. ഡിസംബർ 21 ആണ് വി. മാർത്തോമ്മായുടെ രക്തസാക്ഷിദിനമെന്ന് അറിയാമായിരുന്നിട്ടും ഇന്നു നാം ജൂലായ് 3 ന് അമിതമായ പ്രാധാന്യം നൽകുന്നുവെന്നതാണ് വിചിത്രമായ വസ്തുത.



ജൂലായ് മൂന്നിന് നാം എന്തിന് ഇത്ര മാത്രം പ്രാധാന്യം കല്പിക്കുന്നു? വിദേശികൾ ഭാരതത്തിന്റെ അപ്പോസ്തോലനായ വി. മാർത്തോമ്മാ ശ്ലീഹായുടെ ഭൗതീക അവശിഷ്ടം മൈലാപ്പൂരിലെ കബറിടത്തിൽ നിന്നും എടുത്തുകൊണ്ടുപോയെങ്കിലും, ആർക്കും അപഹരിക്കാൻ കഴിയാത്ത അദ്ദേഹത്തിന്റെ രക്തം ഇഴുകിച്ചേർന്ന ഭാരതത്തിന്റെ മണ്ണിൽ മുളച്ചുവളർന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ എന്തേ ആ പരിശുദ്ധന്റെ ഓർമ്മ ദിനത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകുന്നില്ല? ജൂലായ് 3 മാറാനായ പെരുന്നാളാണെന്ന് കരുതി നമ്മുടെ എല്ലാ പള്ളികളിലും വി. കുർബ്ബാന അർപ്പിക്കുമ്പോൾ ഭാരതത്തിന്റെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിദിനമായ ഡിസംബർ 21 ന് അദ്ദേഹത്തിന്റെ നാമത്തിൽ സ്ഥാപിതമായിട്ടുള്ള ചില പള്ളികളിൽ മാത്രം വി. കുർബ്ബാന അർപ്പിക്കുകയും പള്ളി

പ്പെരുന്നാളായി ആചരിക്കുകയും ചെയ്യുന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ബഹുഭൂരിപക്ഷം പള്ളികളിലും അന്ന് വി. കുർബ്ബാന അർപ്പിക്കുന്നില്ലായെന്നത് ഒരു വിരോധാഭാസമായി ഇന്ന് അവശേഷിക്കുന്നു. വിദേശാധിപത്യത്തിൽ നിന്നു നാം മോചിതരായി, സ്വയശീർഷകത്വമുള്ള സഭയായി, കാതോലിക്കേറ്റായി എന്നൊക്കെ നാം അഭിമാനിക്കുകയും കാതോലിക്കാ സിംഹാസനത്തെക്കുറിച്ച് ഊറ്റം കൊള്ളുകയും ചെയ്യുമ്പോഴും വിദേശ മേൽക്കോയ്മയെ നാം അറിയാതെ അംഗീകരിക്കുകയല്ലേ. ജൂലായ് മൂന്നിന് ഡിസംബർ 21 നേക്കാൾ പ്രാധാന്യം കല്പിച്ചു കൊടുക്കുമ്പോൾ നാം ചെയ്യുന്നത്. വി. ദൈവമാതാവിന്റെ ഓർമ്മ ആചരിക്കുന്നതുപോലെയും, വി. പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മപോലെയും പ്രാധാന്യം നൽകി ഡിസംബർ 21 ഒരു വലിയ പെരുന്നാളായി ആചരിക്കുവാൻ നാം തയ്യാറാകാത്തത് എന്തുകൊണ്ട്? എന്ന ചോദ്യം ഇവിടെ സംഗതമാണ്. സഭാ കലണ്ടറിൽ മറ്റ് വിശേഷ ദിവസങ്ങളെപ്പോലെ മാത്രം ഈ ദിവസത്തെ രേഖപ്പെടുത്തി നാം സംതൃപ്തരാകുന്നു. വി. കുർബ്ബാനക്രമത്തിലും വി. വേദവായനക്കുറിപ്പിലും വി. തോമ്മാശ്ലീഹായുടെ ഓർമ്മദിനം ഒരു അനുബന്ധക്കുറിപ്പ് മാത്രമാണ്. വി. വേദവായനക്കുറിപ്പിൽ പ്രത്യേക പെരുന്നാളുകൾക്ക് എന്ന വിഭാഗത്തിൽ വി. മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മ ദിനത്തിന്റെ വേദവായനകൾ ഉൾപ്പെടുത്തിയിരിക്കുന്നു. സുറിയാനി പാരമ്പര്യത്തെ അതേപടി സ്വീകരിച്ചപ്പോൾ ഇങ്ങനെ വന്നു ഭവിച്ചതാണ് എന്ന് സമാധാനിക്കുവാൻ നമുക്ക് കഴിയുമോ? വി. വേദവായനക്കുറിപ്പ് നാം പരിഷ്കരിച്ചപ്പോൾ വി. തോമ്മാശ്ലീഹായുടെ ഓർമ്മ ദിനമായ ഡിസംബർ 21 കാലക്രമമനുസരിച്ച് ചേർക്കുവാൻ എന്തുകൊണ്ട് നമുക്ക് കഴിയാതെ പോയി. അതുകൊണ്ടു തന്നെ ഭാരതത്തിന്റെ അപ്പോസ്തോലനും, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കാവൽപിതാവും, കാതോലിക്കേറ്റ് സിംഹാസനം ആരുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്നുവോ, ആ പരിശുദ്ധനായ തോമ്മാശ്ലീഹായ്ക്ക് വിശ്വാസികളുടെ ഹൃദയത്തിൽ അർഹിക്കുന്ന സ്ഥാനം ലഭിക്കുന്നില്ലായെന്നത് ഒരു പരമമായ സത്യമാണ്. ഡിസംബർ 21 ആണ് വി. മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിദിനം എന്നിവ തിരിച്ചറിയാത്തവരാണ് 90 ശതമാനം ഓർത്തഡോക്സുകാരും ഇതിന് ഒരു മാറ്റം അനിവാര്യമായിരിക്കുന്നു. സഭാനേതൃത്വത്തിന്റെ സത്വര ശ്രദ്ധ ഈ കാര്യത്തിൽ പതിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

വി. മാർത്തോമ്മാ ശ്ലീഹായുടെ മഹത്വം നാം പൂർണ്ണമായി മനസ്സിലാക്കിയിട്ടുണ്ടോ എന്ന കാര്യത്തിൽ സംശയിക്കണം. സുവിശേഷങ്ങൾ പരിശോധിക്കുമ്പോൾ മറ്റൊരു സത്യം നമുക്ക് തിരിച്ചറിയാൻ കഴിക്കുന്നു. സമവീക്ഷണ സുവിശേഷങ്ങളായ വി. മത്തായി, വി. മർക്കോസ്, വി. ലൂക്കോസ് എന്നിവരുടെ സുവിശേഷങ്ങളിൽ വി. തോമ്മാശ്ലീഹായെ ശിഷ്യന്മാരുടെ പേരുകൾ രേഖപ്പെടുത്തിയിരിക്കുന്ന കൂട്ടത്തിൽ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ വി. യോഹന്നാന്റെ സുവിശേഷം വേറിട്ടു നിൽക്കുന്നു. ഈ സുവിശേഷത്തിന് ചില പ്രത്യേകതകൾ ഉണ്ട്. ഇത് കർത്താവിന്റെ ജീവചരിത്ര വിവരണമല്ലെന്നതാണ് ഏറ്റവും വലിയ സവിശേഷത. മറ്റു സുവിശേഷകർ പ്രാധാന്യം കല്പിക്കാതെ വിട്ടുകളഞ്ഞതും, എന്നാൽ പ്രാധാന്യം അർഹിക്കുന്നതുമായ ചുരുക്കം ചില സംഭവങ്ങൾ മാത്രമാണ് വി. യോഹന്നാൻ തന്റെ സുവിശേഷത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കാനാവിലെ കല്യാണം, ലാസറിനെ ഉയിർപ്പിച്ച സംഭവം, കുരുടനെ സൗഖ്യമാക്കിയതിന്റെ സുദീർഘമായ വിവരണം. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണം, ശമര്യാക്കാരിയുമായുള്ള സംവാദം, 'ഞാൻ ആകുന്നു' എന്ന ഏഴു പ്രസ്താവങ്ങൾ, മൂന്ന് അദ്ധ്യായങ്ങളിൽ നീണ്ടു കിടക്കുന്ന അന്ത്യപ്രഭാഷണം, മഹാപുരോഹിത പ്രാർത്ഥന തുടങ്ങിയ പ്രധാന സംഭവങ്ങളിൽ ഉൾപ്പെടുത്തുന്നവ തന്നെയാണ് ദിദിമോസ് തോമസിനെക്കുറിച്ചുള്ള പരാമർശങ്ങളും, താൻ എഴുതിയ സുവിശേഷത്തിന്റെ ലക്ഷ്യമെന്താണെന്ന് യോഹ. 20:30, 31 വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കുമ്പോഴാണ് വി. തോമ്മാശ്ലീഹായുടെ പ്രാധാന്യം സുവ്യക്തമാകുന്നത്. ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റ് അനേകം അത്ഭുതങ്ങളും അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തുവെന്ന് വിശ്വസിക്കേണ്ടതിനും, ജീവൻ ഉണ്ടാകേണ്ടതിനും അനുപേക്ഷണീയവും അനിവാര്യവുമാണെന്ന് വി. യോഹന്നാൻ ദൈവാത്മാവിൽ തിരിച്ചറിഞ്ഞിരിക്കുന്നുവെന്ന് ആ വേദഭാഗങ്ങൾ ശ്രദ്ധിക്കുമ്പോൾ മനസ്സിലാകും. മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമികളായ നമുക്കും ഈ തിരിച്ചറിവ് ഉണ്ടാകേണ്ടിയിരിക്കുന്നു.


ഈ ആമുഖ ചിന്തകളുടെ വെളിച്ചത്തിൽ ഇന്നത്തെ ഏവൻഗേലിയോൻ ഭാഗങ്ങൾ പഠിക്കുമ്പോഴാണ് ദിദിമോസ് തോമസ് എന്ന വി. മാർത്തോമ്മാ ശ്ലീഹായുടെ മഹത്വം ദർശിക്കുവാൻ കഴിയുന്നത്. സന്ധ്യാ, പ്രഭാതം, വി.കുർബ്ബാന എന്നിങ്ങനെ യഥാക്രമം യോഹ. 11:5-16; 14:1-7; 20:19-31 എന്നീ മൂന്നു വേഗഭാഗങ്ങളാണ് ഏവൻഗേലിയോനുകളായി വി. സഭ ക്രമപ്പെടുത്തിയിരിക്കുന്നത്. മൂന്നു ഭാഗങ്ങളും ഗൗരവമായ പഠനം അർഹിക്കുന്നു. എങ്കിലും വി. കുർബ്ബാനയുടെ ഏവൻഗേലിയോനിൽ നിന്നുതന്നെ നമ്മുടെ പഠനം ആരംഭിക്കാം. വി. മാർത്തോമ്മാ ശ്ലീഹായുടെ ഏറ്റം അധികം തെറ്റിദ്ധരിക്കപ്പെടുവാൻ കാരണമായ ഒരു വേദഭാഗമാണിത്. സംശയാലുവെന്ന് മുദ്രകുത്തപ്പെടുവാനും പൗരോഹിത്യ നൽവരം അദ്ദേഹത്തിന് ലഭിച്ചില്ലായെന്നു പറയു

വാനും പലരേയും പ്രേരിപ്പിച്ച വേദഭാഗമാണല്ലോ ഇത്. തോമ്മാ ഒരു കപ്യാരുപോലും അല്ലാ എന്നു പറഞ്ഞുപോയതിന്റെ പാപം കഴുകി കളയാനായി ഒരു 'ഡ്യൂപ്ലിക്കേറ്റ്' കാതോലിക്കായെ വാഴിച്ച് ചിലർ തൃപ്തിയടയുമ്പോൾ പത്രോസിന് മാത്രമാണ് പരമാധികാരം എന്ന് സമ്മതിച്ച് ഏറ്റുപറഞ്ഞ് തങ്ങൾ പരിത്യജിച്ചു കളഞ്ഞ മാർത്തോമ്മൻ പാരമ്പര്യം സ്വാപിച്ചെടുക്കാമെന്ന വ്യാമോഹത്തോടെ ഒരു 'ട്രിപ്ലിക്കേറ്റ്' കാതോലിക്കായെ സൃഷ്ടിച്ച് ആശ്വസിക്കുകയാണ് ചിലർ. ഒരു കാര്യത്തിൽ ഇവിടെ സന്തോഷിക്കുവാൻ നമുക്ക് വകയുണ്ട് വി. തോമ്മാ ശ്ലീഹായെ തള്ളിപ്പറഞ്ഞവരെല്ലാം. അദ്ദേഹത്തിന്റെ മാഹാത്മ്യത്തെ എതിരില്ലാതെ അംഗീകരിക്കുന്നുവെന്നതുതന്നെ ആശ്വാസകരമാണ്.

ഏവൻഗേലിയോൻ ഭാഗത്തേക്ക് കടക്കാം. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ നേരം വൈകിയപ്പോൾ ശിഷ്യന്മാർ ഇരുന്നിരുന്ന സ്ഥലത്ത് യഹൂദന്മാരെ പേടിച്ച് വാതിൽ അടച്ചിരിക്കെ യേശുവന്ന് നടുവിൽ നിന്ന് നിങ്ങൾക്ക് സമാധാനം എന്ന് പറയുകയും തന്റെ കൈയ്യും വിലാപ്പുറവും അവരെ കാണിക്കുകയും, ശിഷ്യന്മാർ സന്തോഷിക്കുകയും ചെയ്യുന്നു. പിന്നെ, പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നുവെന്ന് പറഞ്ഞ് അവരുടെ മേൽ ഊതി അവരോട് പരിശുദ്ധാത്മാവിനെ കൈക്കൊൾവീൻ, ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കും ആരുടെ പാപങ്ങൾ നിങ്ങൾ നിർത്തുന്നുവോ അവർക്ക് നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു. പൗരോഹിത്യ നൽവരം ഇവിടെ വച്ചാണ് ശിഷ്യന്മാർക്ക് ലഭിച്ചത് എന്ന് പറയുവാൻ ഈ ഭാഗം കാരണമായിത്തീർന്നു വി. മത്തായി 16:19 ൽ ഈ അധികാരം പത്രോസിനു മാത്രമായി നൽകിയെന്നും വി. മത്താ. 18:18 ൽ 'നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും' എന്ന് സത്യമായിട്ടു നിങ്ങളോടു പറയുന്നു. എന്നിങ്ങനെ പാപമോചനാധികാരം സഭയ്ക്കു നൽകുന്നുവെന്ന അർത്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതും ഇതിനോടു ചേർത്തു വായിക്കേണ്ടതാണ്. ശ്ലീഹാത്വം ഈ ഒറ്റ സന്ദർഭംകൊണ്ടു മാത്രം ലഭിച്ച ഒന്നല്ല. കർത്താവ് അവരെ വിളിച്ചു ചേർത്ത നാൾ മുതൽ പന്ത്രണ്ടു ശിഷ്യന്മാർക്കും ഒരുപോലെ ലഭിച്ച നൽവരം ആണ് ഇത്. നഷ്ടപ്പെട്ടുപോയ യൂദായെപ്പോലും ഇതിൽനിന്ന് മാറ്റിനിർത്തിയിരുന്നില്ല. പന്ത്രണ്ടു സിംഹാസനങ്ങളും കർത്താവ് ഇവർക്ക് വാഗ്ദാനം ചെയ്തിരിക്കുന്നു. 'വി. കുർബ്ബാന സ്ഥാപിച്ചുകൊണ്ട് ഞാൻ വരുവോളം എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം അനുഷ്ഠിച്ചുകൊൾവീൻ' എന്നു പറഞ്ഞുകൊണ്ട് കൂദാശകളുടെ മകുടമായ വി. കുർബ്ബാന അർപ്പിക്കുവാനുള്ള അധികാരവും പന്ത്രണ്ടുപേർക്കും ഒരുപോലെ നൽകിയിരിക്കുന്നു. മാത്രമല്ല, യൂദായുടെ സ്ഥാനത്തേക്കും തിരഞ്ഞെടുക്കപ്പെട്ട മത്ഥിയാസിനും ശ്ലീഹാത്വവും പൗരോഹിത്യ നൽവരവും ലഭിച്ചിരിക്കുന്നു. പന്ത്രണ്ടുപേരിൽ പെടാത്തവനായ പരി. പൗലോസ് പോലും താനും അപ്പോസ്തോല ഗണത്തിൽപ്പെടുന്നുവെന്ന് ശക്തമായി പറഞ്ഞപ്പോൾ ശിഷ്യന്മാർ ആരും എതിർത്തു പറഞ്ഞിട്ടുമില്ല. പിന്നെ എങ്ങനെ കർത്താവ് വിളിച്ചുചേർത്ത് മൂന്നരവർഷക്കാലം തന്നോടൊപ്പം കൊണ്ടുനടന്നു പരിശീലിപ്പിച്ച വി. മാർത്തോമ്മാ മാത്രം അന്യനാകും. ഊതിയതുകൊണ്ടു മാത്രം ലഭിച്ച പദവിയല്ല ശ്ലീഹന്മാരുടേത് എന്ന് ഇവിടെ വ്യക്തമാക്കുന്നു.

എന്നാൽ യേശു വന്നപ്പോൾ പന്തിരുവരിൽ ഒരുവനായ ദിദിമോസ് എന്ന തോമസ് അവരോടുകൂടെ ഉണ്ടായിരുന്നില്ല. മറ്റു ശിഷ്യന്മാർ തങ്ങൾ കണ്ടകാര്യം തോമസിനോടു പറഞ്ഞപ്പോൾ, 'ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും വിലാപ്പുറത്ത് കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കുകയില്ലായെന്നു പറഞ്ഞു. തോമസ് ഒരു അന്തർമുഖനും നിരാശനും, സംശയാലുവുമായിരുന്നുവെന്ന് പറയുവാൻ ഈ ഭാഗം കാരണമായി ഭവിച്ചു. (തുടരും)

## അഭിനന്ദനങ്ങൾ



സണ്ടേസ്കൂൾ ചെങ്ങന്നൂർ ഡിസ്ട്രിക്ട്തല കലാമത്സരത്തിൽ ജൂനിയർ വിഭാഗം സംഗീതത്തിനും, പ്രസംഗത്തിനും ഒന്നാം സ്ഥാനവും, ഗ്രൂപ്പ് സോംഗിന് രണ്ടാം സ്ഥാനവും നേടി ഡിസ്ട്രിക്ട് "കലാപ്രതിഭയും ഭദ്രാസനതല കലാമത്സരങ്ങളിൽ പ്രസംഗത്തിന് ഒന്നാം സ്ഥാനവും നേടിയ ബഥേൽ എം.ജി.എം. സണ്ടേസ്കൂൾ വിദ്യാർത്ഥിയും കരിങ്ങാട്ടിൽ പ്രിൻസ് ജോണിന്റെയും ബിജി പ്രിൻസിന്റെയും മകൻ നവീൻ പ്രിൻസ് തോമസ്.



പരുമല പെരുന്നാളിനോടനുബന്ധിച്ച് ഭദ്രാസന യുവജനപ്രസ്ഥാനം സംഘടിപ്പിച്ച ഗാനപ്രഭാഷണപരമ്പര അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് ഉത്ഘാടനം ചെയ്യുന്നു. ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ, ഫാ. കെ. ഒ. തോമസ്, സജി പട്ടരുമഠം, ബിജു മാത്യു, ജോബിൻ കെ. ജോർജ്ജ്, സണ്ണി പുഞ്ചമണ്ണിൽ, ഡാർവിൻ ജോർജ്ജ് എന്നിവർ സമീപം.



*“വ്യത്തികളാൽ കർത്താവേ! ഞാൻ*
*നിൻ കോപത്തിനു പാത്രമതായ്*
*കരുണാബ്ധ നീ കോപിക്കാ*
*സുസ്ഥിരമേ നിൻ നിർമ്മലത”*

# വിശുദ്ധ വഴിയിലെ വിരുദ്ധതകൾ

**ഫാ. സഖറിയാ പനയ്ക്കാംമറ്റം**

ഞങ്ങളുടെ പ്രവൃത്തികളാൽ നിന്നെ ഞങ്ങൾ കോപത്തിന് ആഗ്രഹമില്ലാത്തവനാകുന്നു. നീ കരുണാപൂർണ്ണനായിരിക്കുന്നതുകൊണ്ട് നിന്റെ വിശുദ്ധി സ്ഥിരമായുള്ളതുമാകുന്നു. (ബുധൻ - സൂത്താറ) നമസ്ക്കാരം

‘പ്ലാസ്റ്റിക് നിരോധിത മേഖല’ എന്ന ബോർഡ് സ്ഥിരമായി സ്ഥാപിച്ചിട്ടുള്ള സഭാ സ്ഥാപനങ്ങളുടെ പരിസരവും ദേവാലയങ്ങളുടെ അങ്കണവും ഏവർക്കും ഇന്ന് പരിചിതമാണ്. പെരുന്നാളുകളും വിശേഷപ്പെട്ട പൊതുസമ്മേളനങ്ങളും ക്രമീകരിക്കപ്പെടുമ്പോൾ പരിസരത്തെ അലങ്കരിക്കുന്നതും അലങ്കോലപ്പെടുത്തുന്നതും ‘സ്പോൺസർ’ ചെയ്ത വ്യക്തികളോട് ബന്ധപ്പെട്ട പ്ലാസ്റ്റിക് ബോർഡുകളും മൾട്ടിനാഷണൽ കമ്പനികളുടെ പ്രചാരണത്തിനുള്ള ഫ്ളെക്സ് ബോർഡുകളും ആണ്. വിശുദ്ധന്മാരുടെ നാമത്തിലുള്ള പെരുന്നാളിൽ സംബന്ധിക്കുവാൻ വിദൂരതയിൽ നിന്നും എത്തിച്ചേരുന്നവർക്ക് അനുഭവവേദ്യമാകുന്നത് ഏതോ വലിയ കമ്പനിയുടെ വാർഷികത്തിൽ പങ്കെടുക്കുന്നതിന് എത്തിച്ചേർന്ന പ്രതീതിയാണ്. പ്ലാസ്റ്റിക് തോരണങ്ങളുടെ കിലുകിലാരവം വളരെ അകലെ നിന്നു തന്നെ ആരംഭിച്ചിരിക്കും. ആരാധന നടന്നുകൊണ്ടിരിക്കുന്ന വിശുദ്ധ സ്ഥലത്തോടു അടുക്കുമ്പോൾ കൂടുതൽ കേൾക്കുന്നത് കർണ്ണ കഠോരമായ അറിയിപ്പുകൾ കമ്പനികൾക്കുവേണ്ടി ആവർത്തിച്ചുകൊണ്ടിരിക്കുന്ന ശബ്ദകോലാഹലവും ആണ്. എങ്കിലും മനോവേദനയിൽ നിറകണ്ണുകളോടെ നീങ്ങുന്നവരെ ലക്ഷ്യം വെച്ച് വീഡിയോക്കാരും മാധ്യമങ്ങളും ‘നിയമങ്ങളൊന്നും ബാധിക്കാത്തവരായി’ യഥേഷ്ടം അവരുടെ ദൗത്യം നിറവേറ്റിക്കൊണ്ടിരിക്കും. വിശുദ്ധി വിറ്റഴിയുന്ന കാലഘട്ടം! കമ്പോള സംസ്ക്കാരം പെരുന്നാൾ ദിനങ്ങളുടെ ഭക്തിയെ നിഷ്പ്രഭമാക്കുന്നു.

ഇതിനെയെല്ലാം അതിജീവിച്ച് പ്രതീക്ഷയോടെ വി. കുർബ്ബാന അനുഭവിക്കുവാനായി നൂറുകണക്കിന് വിശ്വാസികൾ തള്ളിക്കയറുമ്പോൾ പലപ്പോഴും തിരസ്കരണത്തിന്റെ ശബ്ദങ്ങളും നിരാശാജനകമായ ആംഗ്യഭാഷകളുമാണ് പ്രകടമാക്കുന്നത്. വലിയ ജനാവലി വി. കുർബ്ബാന അനുഭവിക്കുവാൻ നിരനിരയായി വരുമ്പോൾ അതിന്റെ അനുതാപത്തിന് ചേർന്ന് വി. കുർബ്ബാന നൽകുന്നവരുടെ എണ്ണവും വർദ്ധിപ്പിക്കുന്നത് അഭികാമ്യവുമായിരിക്കും.

റോമൻ കത്തോലിക്കാ സഭയിൽ അനുഷ്ഠാനങ്ങളിലെ അനുസരണത്തോട് ബന്ധപ്പെട്ട് നിയമാവലികൾ ശക്തിയായിനടപ്പിൽ വരുത്തുവാൻ ശ്രമിച്ചത് 16-ാം നൂറ്റോണ്ടോടുകൂടി ആയിരുന്നു എന്ന് മനസ്സിലാക്കാം. സഭയിൽ നിന്നും പ്രോട്ടസ്റ്റന്റുകാർ കലഹിച്ചു പിരിഞ്ഞത്, നിയമസംവിധാനത്തിന് കൂടുതൽ ഊന്നൽ കൊടുക്കാത്തത് കൊണ്ടാണ് എന്ന നിഗമനം ട്രന്റ് സുന്നഹദോസ് മനസ്സിലാക്കി. ഇഗ്നേഷ്യസ് ലൊയോളയെപോലെയുള്ളവർ വിശ്വാസികൾക്ക് സഭയിൽ വേണ്ടതായ അനുസരണത്തെപ്പറ്റി തുടരെയുള്ള ഉൽബോധനങ്ങൾ നൽകി ജെസ്യൂട്ട് സംഘത്തിന്റെ ജനയിതാവായ ഇഗ്നേഷ്യസ് ലൊയോളായുടെ ലിഖിതങ്ങളിൽ അത് വളരെ പ്രകടമാക്കിയിരിക്കു

ന്നു. "നാം സഭയോട് എല്ലാവിധത്തിലും ഏകമനസ്സിലും അഭിപ്രായ ഐക്യത്തിലും യോജിച്ചവരായിരിക്കണം. അതായത് നമ്മുടെ ദൃഷ്ടിയിൽ വെളുത്തയായി കാണപ്പെടുന്ന ഏതെങ്കിലുമൊന്നിനെ സഭ കറുത്തതാണെന്ന് പ്രഖ്യാപിച്ചുകൊള്ളണം''. (Spiritual Exercise part 11-13) അനുസരണത്തെ ഒരു ദൈവീക നൽവരമായി കരുതുന്ന റോമാ സഭ പ്രായോഗിക തലത്തിൽ അതിനെ സംരക്ഷിക്കുന്ന രീതി ദൈവേഷ്ടത്തിന് വിപരീതമാണെന്ന് ചിന്തിക്കുന്ന പണ്ഡിതരായ കത്തോലിക്കാ വിശ്വാസികൾ ഉണ്ട്. ഇപ്രകാരം നിർബന്ധിച്ചുള്ള അനുസരണമല്ല ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നത്. "ദൈവം ആഗ്രഹിക്കുന്നത്, സ്നേഹത്തിലും സ്വാതന്ത്ര്യത്തിലും നിന്നുത്ഭൂതമാകുന്ന അനുസരണമാണ്'' - ഡോക്ടർ, പൗലോസ് മാർ ഗ്രീഗോറിയോസ്.

സാമൂഹ്യതലത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന നിയമലംഘനങ്ങൾ നമുക്ക് വളരെ പരിചയമാണ്. ട്രാഫിക് നിയമങ്ങൾ തെറ്റിക്കുന്നത് അതിനെക്കുറിച്ച് അജ്ഞതയുള്ളവരാണെങ്കിലും കൂടുതൽ ലംഘിക്കുന്നത് അതിനോട് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റും ആണല്ലോ. "No parking area' പലപ്പോഴും ക്രമീകരിച്ചിരിക്കുന്നത് നിയമലംഘനം വരുത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നവരുടെ വാഹനങ്ങൾക്ക് വിശ്രമിക്കുവാനാണ്. അതുപോലെ 'വാഹനങ്ങൾ അകത്ത് പ്രവേശിക്കരുത്' എന്ന ബോർഡ് പല പൊതുസ്ഥലങ്ങളുടെയും പ്രധാന കവാടത്തിൽ തന്നെ വ്യക്തമായി കാണുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥലങ്ങളോട് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയും വിഹരിക്കുന്നതും വിശ്രമിക്കുന്നതും വിലക്കപ്പെട്ട ഇടങ്ങളിൽ തന്നെ വമ്പന്മാർ സമൂഹത്തെയും സമുദായത്തെയും പിടിച്ചടക്കുന്നു. പെരുന്നാളുകളും പൊതുസമ്മേളനങ്ങളും അവരുടെ പ്രശക്തിയുടെ വിഹാരരംഗങ്ങൾ തന്നെ.

പ്രപഞ്ചത്തിലേക്ക് നോക്കുമ്പോൾ വലിയ ഒരു സത്യം മനസ്സിലാക്കുന്നു. ഒന്നിന്റെ നിലനില്പ് മറ്റൊന്നിനെ ആശ്രയിച്ചു മാത്രമാണ്. ഇരുമ്പ് വളരെ ശക്തിയുള്ളതും കുഴപ്പമുള്ളതും ആണ്. (Strong & Hard) എന്നാൽ ഒരു തീപ്പെട്ടിക്കൊള്ളിയിൽ ആരംഭിക്കുന്ന തീകൊണ്ട് അതിനെ ഉരുക്കുവാൻ സാധിക്കും. തീ വളരെ ശക്തിയുള്ള പ്രപഞ്ച സത്യമാണ്. എന്നാൽ ഒരു കൈവെള്ളയിൽ കോരിയെടുക്കുന്ന വെള്ളം അഗ്നിയെ ഇല്ലാതെയാക്കും. വെള്ളം ശക്തിയുള്ള ഊർജ്ജം ഉൾക്കൊള്ളുന്നതാണ്. എന്നാൽ ലക്ഷക്കണക്കിന് കിലോമീറ്റർ ദൂരെ നിന്നു വരുന്ന പ്രകാശം ശക്തിയുള്ളതു തന്നെ. മനുഷ്യബുദ്ധി അതിനെ തടഞ്ഞു നിർത്തി ശീതളഛായ സൃഷ്ടിക്കും. പ്രപഞ്ചത്തെ കീഴടക്കുന്ന മനുഷ്യന്റെ ശക്തി അത്ഭുതാവഹം! എന്നാൽ മനുഷ്യനിൽ ഭയം വന്നു കഴിയുമ്പോൾ ശക്തിക്ഷയിച്ചു പോകുന്നു. ഭയത്തെ കീഴടക്കുവാൻ സാധിക്കുന്നത് നിഷ്കളങ്കമായ സ്നേഹത്തിന് മാത്രം. സ്നേഹം എന്നത് അത് നൽകുന്നവരെയും അത് സ്വീകരിക്കുന്നവരെയും ജീവിതം മുഴുവൻ ബന്ധിപ്പിക്കുന്നു. അവരുടെ മരണശേഷവും അത് അവരെ പിന്തുടർന്നുകൊണ്ടിരിക്കും. "വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനില്ക്കുന്നു. ഇവയിൽ വലിയതോ സ്നേഹം തന്നെ"

സൺഡേസ്കൂൾ കുഞ്ഞുങ്ങൾ വശം കൊടുത്തയയ്ക്കുന്ന നുള്ളരിയും, സ്ത്രീസമാജ അംഗങ്ങൾ പള്ളിയിൽ ആഴ്ചതോറും എത്തിച്ചുകൊണ്ടിരുന്ന പിടിയരിയും കിഴുത്തയുള്ള നാണയങ്ങൾ കൂടുതൽ ലഭിച്ചുകൊണ്ടിരുന്ന തളിക്കപ്പാത്രത്തിലെ സ്തോത്രകാഴ്ചയും പ്രധാനവരുമാന മാർഗ്ഗങ്ങളാക്കി വളർത്തിയെടുത്ത മലങ്കര ഓർത്തഡോക്സ് സഭ ഇന്ന് എല്ലാത്തിനും സമ്പന്നമത്രേ. ●

---

**വായനക്കാരുടെ പ്രതികരണങ്ങൾ ക്ഷണിക്കുന്നു.**
**ചീഫ് എഡിറ്റർ, ബഥേൽ പത്രിക, പി.ബി. 38, ബഥേൽ അരമന ചെങ്ങന്നൂർ 689 121**

**പ്രതികരണപത്രിക**

# പെസഹാ വ്യാഴാഴ്ച കുർബാന രാവിലെ ആക്കാവുന്നതല്ലേ?

യൽദോപെരുന്നാൾ, കൃംതാഞായറാഴ്ച ദിവസങ്ങളിൽ പ്രത്യേക ശുശ്രൂഷകളും വി. കുർബാനയും രാത്രിയിൽ (വെളുപ്പിന്) ആണല്ലോ നടത്തുന്നത്. ഇത് വളരെ ഉചിതമായ ക്രമീകരണമാണ്. എന്നാൽ പെസഹാവ്യാഴാഴ്ച നമസ്കാരവും വിശുദ്ധകുർബ്ബാനയും വെളുപ്പിന് ക്രമീകരിക്കുന്നതിന്റെ സാങ്കത്യം മനസ്സിലാകുന്നില്ല. പെസഹാവ്യാഴാഴ്ച അനുസ്മരിക്കുന്ന സംഭവങ്ങൾ വ്യാഴാഴ്ചയ്ക്കും വെള്ളിയാഴ്ചയ്ക്കും ഇടയ്ക്കുള്ള രാത്രിയിലാണ് നടന്നത്. റോമൻ കത്തോലിക്കർ വ്യാഴാഴ്ച വൈകുന്നേരവും മാർത്തോമ്മാക്കാർ രാവിലെയുമാണ് പെസഹാവ്യാഴാഴ്ച കുർബാന നടത്തുന്നത്. നമ്മുടെ സഭയിൽ വൈകുന്നേരം വി. കുർബാനയില്ലാത്തതിനാൽ വ്യാഴാഴ്ച രാവിലെ നമസ്കാരവും വി. കുർബാനയും ക്രമീകരിക്കുന്നതല്ലേ നല്ലത്? രാത്രി നമസ്കാരം തലേന്ന് സന്ധ്യാ-സൂത്താറ നമസ്കാരത്തിനുശേഷമോ വ്യാഴാഴ്ച രാവിലെയോ നടത്താവുന്നതാണല്ലോ. വലിയനോമ്പാരംഭത്തിലെ ശുബ്ക്കോനോ ശുശ്രൂഷാ ഞായറാഴ്ച സന്ധ്യയ്ക്കു നടത്താൻ അനുവദിക്കുന്നതുപോലെ ഈ കാര്യവും അനുവദിക്കണമെന്ന് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിനോട് അപേക്ഷിക്കുന്നു.

ജോൺ വർഗ്ഗീസ്, ഇരവിപേരൂർ,



# ὁ λόγος

# ഞായർ ദിന ധ്യാനം

**ഫാ. പി. കെ. കോശി**

I. **കൂദോശ് ഈത്തോ ഞായർ – നവംബർ 3** (Mlt. 16:13-32) **താരതമ്യം :** Mk: 8:27-33; Lk: 9:18-22

'ക്ദോഷ്' എന്ന എബ്രായ പദത്തിന് വേർതിരിയ്ക്കപ്പെട്ടത് എന്നർത്ഥം. കൂദോശ് ഈത്തോ എന്ന സുറിയാനി പദത്തിന്റെ അർത്ഥം സഭയുടെ ശുദ്ധീകരണം എന്നാണ്. സഭയുടെ ആരാധനാ വർഷത്തിന്റെ ആരംഭദിനമായ കൂദോശ് ഈത്തോ ഒക്ടോബർ 29നും നവംബർ 5നും ഇടയിൽ വരുന്ന ഞായറാഴ്ചയാണ് "സുമ്മോറോ കാലം" (Advent Season) അറിയിപ്പിന്റെ കാലം അഥവാ വചനിപ്പിന്റെ കാലം എന്ന് ഇത് അറിയപ്പെടുന്നു.

ദൈവത്തിനായി വേർതിരിയ്ക്കപ്പെടുന്നത് വിശുദ്ധം എന്നറിയപ്പെടുന്നു. യെരുശലേം ദേവാലയത്തിനുള്ള സ്ഥലമായി ദാവീദ് തിരഞ്ഞെടുക്കുന്നത് ഓർന്നാന്റെ മെതിക്കളമാണ് മെതിക്കളത്തിൽ പതിരും നെല്ലും വേർതിരിയ്ക്കപ്പെടുന്നു. ഇത് ശുദ്ധീകരിയ്ക്കലാണ്. സഭയുടെ ശുദ്ധീകരണത്തിലൂടെ സഭാംഗങ്ങളെ ദൈവത്തിനായി ശുദ്ധീകരിച്ച് വേർതിരിക്കുന്നു.

യേശു കൈസരിയ ഫിലിപ്യായിൽ എത്തുകയും ക്രിസ്തു ആരാണ് എന്ന അഭിപ്രായം ആരായുകയും ചെയ്യുമ്പോൾ ജനങ്ങളുടെ മറുപടിയും ശിഷ്യന്മാരുടെ മനസ്സിലാക്കലും വ്യക്തമാക്കപ്പെടുകയും തനിയ്ക്കു നേരിടാനുള്ള പീഡാനുഭവവും വിശദീകരിക്കുന്ന ഏവൻഗേലിയോൻ ഭാഗം സാധാരണ ദേവാലയം കൂദാശ ചെയ്യുമ്പോഴും ഉപയോഗിക്കുന്നു. പ്രധാനമായി മൂന്ന് ചിന്തകൾ.

**1. സമഗ്രമായ ശുദ്ധീകരണം ആവശ്യം:–** സഭാശുദ്ധീകരണമെന്നാൽ സഭാമക്കളുടെ സമഗ്രമായ ശുദ്ധീകരണമാണ്. "ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പീൻ. ശുദ്ധീകരണം കൂടാതെ ആരും ക്രിസ്തുവിനെ കാണുകയില്ല." എബ്രാ. 12:14 ക്രിസ്തുവിനെ കാണുവാനുള്ള ഏകമാർഗ്ഗം വിശുദ്ധീകരണമാണ്. ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരാകുവീൻ എന്ന് ദൈവം കല്പിക്കുമ്പോൾ വിശുദ്ധീകരണത്തിന്റെ ശ്രേഷ്ഠത വെളിപ്പെടുത്തുന്നു. വിശുദ്ധിയും വിശ്വാസവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. നീ നില്ക്കുന്ന സ്ഥലം വിശുദ്ധമാകയാൽ കാലിൽ നിന്ന് ചെരുപ്പ് അഴിച്ചു കളവാൻ മോശയോട് യഹോവ കല്പിക്കുമ്പോൾ മോശയ്ക്ക് ആബോദ്ധ്യവും വിശ്വാസവും ഉണ്ടാകുന്നു. ഇന്നത്തെ വിശ്വാസികൾക്ക് ദേവാലയത്തിൽ ചെരുപ്പ് കാലിലിട്ടുകൊണ്ട് നിൽക്കുവാനുള്ള പ്രവണത വിശുദ്ധിയും വിശ്വാസമില്ലായ്മയുടെയും പ്രതിധ്വനിയാണ്. വിശ്വാസത്തിനു വ്യതിചലനമുണ്ടാകുമ്പോൾ വിശുദ്ധിയ്ക്കും സന്മാർഗ്ഗികതയ്ക്കും കോട്ടം സംഭവിക്കും. വിശുദ്ധ മാമോദീസയിലൂടെ വിശുദ്ധീകരണം പ്രാപിച്ച വ്യക്തി ക്രമാനുഗതമായി വിശുദ്ധിയിലേക്ക് വളരുന്നു. വ്യക്തി വിശുദ്ധനായി വിശുദ്ധന്മാരുടെ കൂട്ടായ്മയായ സഭയിലൂടെ വിശുദ്ധി നിലനിർത്തുമ്പോൾ സഭയും സമഗ്രമായ ശുദ്ധീകരണത്തിലേക്ക് വളരുന്നു. വി. കുർബാനയിൽ ഈ വിശുദ്ധതകൾ വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും നൽകപ്പെടുന്നു എന്നു പറയുമ്പോൾ സഭാഗാത്രം മുഴുവന്റെയും സമഗ്രമായ ശുദ്ധീകരണമാണ്.

**2. സ്വയം ദർശനം ആവശ്യം :–** ജനങ്ങൾ എന്നെ ആരെന്നു പറയുന്നു? നിങ്ങൾ എന്നെ ആരെന്നു പറയുന്നു എന്ന ചോദ്യം യേശുവിന്റെ പരസ്യശുശ്രൂഷയുടെ നിർണ്ണായക ഘട്ടത്തിലാണ്. ജനങ്ങൾ അകലെ നിന്നും ശിഷ്യന്മാർ അടുത്തുനിന്നുമാണ് യേശുവിനെ കാണുന്നത്. അവരുടെ ദർശനത്തിനും സാക്ഷ്യത്തിനും വലിയ പ്രാധാന്യമുണ്ട്. ഏതാണ്ട് 400 വർഷത്തോളം പ്രവാചകതത്വം നിന്നുപോയപ്പോൾ വീണ്ടും ഒരു പ്രവാചക ശബ്ദം വന്നു എന്നതാണ് ജനത്തിന്റെ ചിന്ത. എന്നാൽ ശിഷ്യന്മാർ സ്വയദർശനത്തിലൂടെ മനസ്സിലാക്കിയതിനാൽ 'ജീവനുള്ള ദൈവത്തിന്റെ പുത്രൻ' എന്നു മറുപടി അറിയേണ്ടവിധം അറിഞ്ഞതിന്റെ അടിസ്ഥാനം. യെശയ്യാവിന്റെ അധരത്തിൽ തീക്കനൽ തൊടുവിയ്ക്കുമ്പോൾ സ്വയം അറിയുകയും ദൈവത്തെ അറിയുകയും ചെയ്യുന്നു. അപ്പോൾ തന്റെ കുറവിനെക്കുറിച്ചും ദൈവത്തിന്റെ വലിയമയെക്കുറിച്ചും മനസ്സിലാക്കുന്നു. വിശുദ്ധ കുർബ്ബാന അനുഭവിക്കുമ്പോൾ ഈ അറിവ് ഉണ്ടാകണം. ബുദ്ധിപരമായ അറിവല്ല ആളത്വപരമായ അറിവാണ് പ്രധാനം. യേശുവിന്റെ ചോദ്യത്തിനുള്ളഉത്തരമായി ജോൺ ക്രിസോസ്റ്റം എഴുതിയത് "യേശുവിൽ നിന്നുള്ള അന്വേഷണം തന്റെ ദൈവത്വവും മനുഷ്യത്വവും പൂർണ്ണമായി വെളിപ്പെടുത്തുന്നതാണ്" എന്നത്രെ. പൗലോസിന് ദമസ്കോസിന്റെ പടിവാതിൽക്കൽവെച്ച് ലഭിച്ച അറിവ് "ക്രിസ്തുവിനെ അറിയുകയല്ലാതെ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല" (ഫിലി. 3:10) എന്ന തലത്തിലേക്ക് എത്തുന്നു. യേശുക്രിസ്തു എനിക്കാര് എന്ന സ്വയദർശനം കൂദോശ് ഈത്തോയിലൂടെ ലഭ്യമാകണം.

**3. സഭയുടെ പ്രബലത :–** പാറമേൽ പണിത സഭ പാതാളഗോപുരങ്ങളാൽ തകർക്കപ്പെടുകയില്ല എന്നതാണ് സഭയുടെ പ്രബലത. സഭയുടെ പ്രബലത ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. മത്തായി 16:18,19; എഫേസ്യ. 2:20; 1 കോരി. 3:11 ഇവിടെയെല്ലാം ക്രിസ്തു സഭയുടെ മൂലക്കല്ലും അപ്പോസ്തോലന്മാരും പ്രവാചകന്മാരും അടിസ്ഥാനക്കല്ലുകളുമായി പണിയപ്പെട്ടിരിക്കുന്ന കെട്ടിടത്തോട് സഭയെ ഉപമിക്കുന്നു. അടിസ്ഥാനം ബലപ്പെട്ടിരുന്നതിനാൽ ഒരു ശക്തിക്കും അതിനെ കീഴ്പ്പെടുത്താൻ

കഴിയില്ല. കേസ്സുകൾ, വഴക്കുകൾ തുടങ്ങി ആഭ്യന്തരവും ബാഹ്യവുമായ ശക്തികൾ സഭയെ കീഴ്പ്പെടുത്താൻ ശ്രമിച്ചാലും ജീവനുള്ള കല്ലായ ക്രിസ്തുവിൽ (1 പത്രോ. 2:4-10) ചേർത്ത കല്ലായി സഭയും വിശ്വാസികളും നിലനിൽക്കുന്നു.

"സഭയുടെ ഭിത്തിയെ ബലവത്താക്കുക ശിലമേൽ നിർത്തി"... ഹൂത്തോമോ പ്രാർത്ഥനയിൽ പ്രബലമായ അടിസ്ഥാനമാണ് സഭയ്ക്ക്. കാരണം വെളി. 8:3,4ൽ പറഞ്ഞിരിക്കുന്ന വിശുദ്ധന്മാരുടെ പ്രാർത്ഥനയും ധൂപാർപ്പണവും ചേർന്ന് ദൈവസന്നിധിയിലേക്ക് എത്തുന്നതാണ് ഓർത്തഡോക്സ് ആരാധന. കൊട്ടും കോട്ടും പാട്ടും സൂട്ടും ധരിച്ചു വരുന്ന ഇന്നത്തെ ഇറക്കുമതി ചെയ്യപ്പെട്ട സമൂഹത്തിന്റെ അടിസ്ഥാനമല്ല നമ്മുടേത്. വികലതകൾ നുഴഞ്ഞുകയറുമ്പോൾ കോട്ടംതട്ടാതിരിക്കാൻ കൂദോശ് ഈത്തോയിലൂടെ നമ്മെ ശുദ്ധീകരിക്കാം.

II. **ഹൂദോസ് ഈത്തോ ഞായർ - നവംബർ 10 യോഹ. 10:22-38**

പ്രതിഷ്ഠാ പെരുന്നാൾ അഥവാ നവീകരണ പെരുന്നാളാണ് ഹൂദോസ് ഈത്തോ. "നിരന്തര ഹോമയാഗം നിർത്തലാക്കുകയും ശൂന്യമാക്കുന്ന മ്ലേച്ഛ ബിംബത്തെ പ്രതിഷ്ഠിക്കുകയും ചെയ്യുന്ന കാലം" എന്ന് ദാനിയേൽ പ്രവചനം 12:11 ൽ പറഞ്ഞിരിക്കുന്നത് യാഥാർത്ഥ്യമാക്കിക്കൊണ്ട് ബി.സി. 169 ൽ അന്തിയോക്കസ് എപ്പിഫാനസ് യെരുശലേം ദേവാലയം പിടിച്ചടക്കി. അവിടെ സീയൂസ് ദേവന്റെ പ്രതിമ പ്രതിഷ്ഠിക്കുകയും പന്നിയെ ബലിയർപ്പിക്കുകയും ചെയ്തു. ഇങ്ങനെ അശുദ്ധമാക്കിയതിനെ ബി.സി. 165 ൽ മത്തത്തിയാസും മക്കളും ചേർന്ന് പിടിച്ചടക്കുകയും യൂദാ മക്കാബിയസിന്റെ നേതൃത്വത്തിൽ ശുദ്ധീകരിച്ച് വീണ്ടും പ്രതിഷ്ഠിക്കുന്നതാണ് ആണ്ടുതോറും പ്രതിഷ്ഠ പെരുന്നാളായി കൊണ്ടാടുന്നത്. യേശുക്രിസ്തു മിശിഹായെന്ന് സംശയിക്കുന്ന യഹൂദർക്കുള്ള മറുപടിയും തന്റെ നല്ല പ്രവർത്തികൾ പിതാവിനെ വെളിപ്പെടുത്തുന്നതും പ്രവർത്തികളിൽ വിശ്വസിപ്പാനുമുള്ള ആഹ്വാനവും വായനാഭാഗത്ത്.

**ഹൂദോശ് ഈത്തോയുടെ 3 പ്രാധാന്യങ്ങൾ**

1. **പ്രതിഷ്ഠയുടെ പെരുനാൾ** (Feast of Dedication)

യോഹന്നാൻ. 10:22 1 മക്കാബി. 4:52-59 ഭാഗങ്ങളിൽ യരുശലേമിന്റെ പ്രതിഷ്ഠാ പെരുന്നാളിനെക്കുറിച്ചും 8 ദിവസം മഹാസന്തോഷത്തോടും ആഹ്ലാദത്തോടും ഭവനങ്ങളുടെ മുമ്പിൽ ദീപാലങ്കാരത്തോടെ പ്രകാശത്തിന്റെ ഉത്സവമായി ആചരിക്കുന്നതിനാൽ feast of light അഥവാ ഹനൂഖാ പെരുനാൾ എന്നറിയപ്പെടുന്നു. ഇത് യഹൂദന്മാരുടെ ക്രിസ്തുമസ് ആയും ചിത്രീകരിക്കാം. കല്ലും മണ്ണും കൊണ്ട് പണിയപ്പെട്ട യെരുശലേം ദേവാലയത്തിന്റെ സ്ഥാനത്ത് ജീവനുള്ള കല്ലുകളായി വിശ്വാസികൾ നിർമ്മിക്കപ്പെട്ട ദൈവമന്ദിരമാകുന്ന സഭ നശിക്കപ്പെടാനുള്ളതല്ല പ്രതിഷ്ഠിക്കപ്പെടേണ്ടതാണ്. (യോഹ. 2:19-21, എഫേ. 2:20-22, 1 കോരി. 3:16-17, 6:19). വിശ്വാസികൾക്ക് മാമോദീസായിലൂടെ ലഭിച്ച കൃപയെ പ്രതിഷ്ഠിക്കണം. വിവിധ സാഹചര്യത്താൽ വെന്തും, കരിഞ്ഞും, പൊളിഞ്ഞും കിടക്കുന്നതിനെ നിന്ദാപാത്രമാകാതെ പണിയപ്പെടേണ്ടതും പ്രതിഷ്ഠിക്കപ്പെടേണ്ടതായുമുണ്ട് (നെഹ. 2:17). ദൈവനാമത്തിൽ ചെയ്യുന്ന പ്രവർത്തികൾക്ക് പ്രതിഷ്ഠ ആവശ്യമുണ്ട്. യോഹ. 10:25 ദൈവത്തിന്റെ പേരിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ ക്രിസ്തീയ സാക്ഷ്യം വഹിക്കുന്നവയോ? "നിന്റെ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ....." എന്ന് പാടുമ്പോൾ പലതും വേലകളും ക്രിയകളും വേലികളുമായി അധപതിക്കുമ്പോൾ പ്രതിഷ്ഠ ആവശ്യമാകുന്നു. പല പ്രസ്ഥാനങ്ങളും സ്ഥാപകോദ്ദേശത്തിൽ നിന്നു വ്യതിചലിക്കുമ്പോൾ പ്രതിഷ്ഠ ആവശ്യമായി വരുന്നു. യേശുവിനെ കല്ലെറിയുന്നതിലൂടെ യഥാർത്ഥ പ്രതിഷ്ഠയായ യേശുവിനെ യഹൂദർ തള്ളിക്കളയുന്നു.

2. **പുതുക്കത്തിന്റെ പെരുന്നാൾ** (Feast of Renewal)

നശിപ്പിക്കപ്പെട്ടത് പണിതെങ്കിലേ പുതുക്കപ്പെടുകയുള്ളു. മാമോദീസായിലൂടെ പുതുക്കം പ്രാപിച്ച് പുതുസൃഷ്ടിയായവരാണ് വിശ്വാസികൾ. മാമോദീസാ വെളിച്ചത്തിൽ വി. മൂറോൻ ഒഴിക്കുമ്പോൾ "ഈ മാമോദീസാ വെള്ളത്താൽ പഴയ മനുഷ്യൻ പുതുതാക്കപ്പെട്ട് നവീകരിയ്ക്കപ്പെടുവാൻ വേണ്ടി....." എന്ന് പ്രാർത്ഥിക്കുന്നു. പഴയ മനുഷ്യന്റെ അവസ്ഥയ്ക്ക് മാറ്റം സംഭവിക്കുന്നതാണ് പുതുക്കം അഥവാ നവീകരണം. പൗലോസ് പഠിപ്പിക്കുന്ന പ്രകാരം ക്രിസ്തുവിൽ സകലവും പുതുതാക്കപ്പെടുന്ന അവസ്ഥ. നവീകരണ സഭകൾ മനുഷ്യന്റെ അവസ്ഥയ്ക്ക് മാറ്റം വരുത്താതെ നവീകരിയ്ക്കപ്പെട്ടവർ എന്നു പറയുന്നതിലർത്ഥമില്ല. ദൈവത്തെ അറിയേണ്ടപ്രകാരം അറിയുന്നതാണ് പുതുക്കം. ശൗൽ പൗലോസായപ്പോൾ പുതുക്കം പ്രാപിച്ചു. മീൻപിടുത്തക്കാർക്ക് ലഭിച്ച അറിവ് വേദശാസ്ത്രപരമല്ല ദൈവബന്ധത്തിലൂടെ ലഭിച്ചത്. ഈ അറിവ് മനുഷ്യബുദ്ധിക്കതീതമാണ്. പെന്തക്കോസ്തിയിൽ പരിശുദ്ധാത്മാ പ്രാപനത്തിൽ പുതുക്കം പ്രാപിക്കുന്നു. "ഞങ്ങളെ നൽനിലമാക്കണമെ നാഥാ നിൻ കൃപയാൽ" എന്നു പാടുമ്പോൾ പുതുവയലാക്കപ്പെടുന്ന അനുഭവം. ഹൂദോശ് ഈത്തോ പുതുക്കത്തിന്റെ പെരുന്നാളാണ്.

3. **പുനഃപ്രതിഷ്ഠയുടെ പെരുനാൾ** (Feast of Rededication)

ശുദ്ധീകരണം പ്രതിഷ്ഠയുടെ ഉറപ്പ് വർദ്ധിപ്പിക്കുന്നു. യറുശലേം ദേവാലയം പല പ്രാവശ്യം നശിപ്പിക്കപ്പെടുകയും പുനഃപ്രതിഷ്ഠ നടത്തുകയും ചെയ്യുന്നു. "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു. ഞാൻ അവയെ അറിയുകയും അവ എന്നെ അനുഗമിക്കുകയും ചെയ്യുന്നു" യോഹ. 10:25. ദൈവശബ്ദം കേൾക്കുകയും അതിനനുസൃതമായി അനുഗമിക്കുകയും ചെയ്യണമെങ്കിൽ പുനഃപ്രതിഷ്ഠ ആവശ്യമാണ്. ഇടയന്റെ ശബ്ദത്തേക്കാൾ മറ്റ് പല ശബ്ദങ്ങളുടെയും പിന്നാലെ പോകുന്ന ആടുകൾ. ഞാനും പിതാവും ഒന്നാകുന്നു എന്നു പറയുമ്പോൾ അദ്വൈത വേദാന്തത്തിലെ (യോഹ. 10:29) അഹം ബ്രഹ്മാസ്മിക്കു സമാനം. പിതാവിനോട് ചേർന്ന് പുനപ്രതിഷ്ഠിക്കപ്പെടുമ്പോൾ ദുഷ്ടനിൽനിന്ന് കാക്കുകയും സുരക്ഷിക്കുകയും നൽകുകയും നിത്യജീവൻ നൽകുകയും ചെയ്യും.

"മനസ്സ് കലുഷിതമായും മലിനമായും ഇരിക്കുന്ന ഒരുവൻ ദൈവത്തെ അറിയുന്നില്ല. മനസ്സ് വികല സങ്കല്പങ്ങളിൽനിന്നും മുക്തമായി ശുദ്ധീകരിക്കുമ്പോൾ ദൈവം കൂടുതൽ നമുക്കഭിമുഖമായി മാറുന്നു. നടപ്പ് നിഷ്കളങ്കമാകുമ്പോൾ ദൈവദർശനം വേഗമായിത്തീരും." എന്ന് മനുഷ്യനെപ്പറ്റി നിസ്സായിലെ വി. ഗ്രീഗോറിയോസ് പഠിപ്പിക്കുന്നു. സഭയുടെ പ്രതിഷ്ഠാ ദിവസം ദൈവത്തെ അന്വേഷിച്ചു കണ്ടെത്താം. പുനഃപ്രതിഷ്ഠ മനുഷ്യനിൽ ഉത്തമ പരിവർത്തനം ഉളവാക്കുന്നു. വിശ്വാസികളും സഭയും സ്വയം പ്രതിഷ്ഠിച്ചും പുതുക്കപ്പെട്ടും പുനഃപ്രതിഷ്ഠിക്കപ്പെടും ക്രിസ്തീയജീവിതം നയിക്കാം.

III. **സഖറിയായോടുള്ള അറിയിപ്പിന്റെ ഞായർ നവംബർ 17 (രക്ഷാകർതൃദിനം)** Lk: 1:1-25

രക്ഷാകർതൃദിനമായി (Parents Day) സഭ ആചരിക്കുന്നു. ഈ ദിവസം സഖറിയാ പുരോഹിതന് അരുളപ്പാട് ലഭിക്കുകയും ചില നിർഭാഗ്യാവസ്ഥകളും നിർദ്ദേശങ്ങളും നൽകപ്പെടുന്നതുമായ ഭാഗം പ്രതിപാദിക്കുന്നു.

**1. കുറ്റമറ്റ ജീവിതം നയിച്ച മാതാപിതാക്കൾ**

സഖര്യാവും ഏലിശുബായും ദൈവസന്നിധിയിൽ നീതിയുള്ളവരുംസകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്ത ജീവിതം നയിച്ചവരുമായിരുന്നു. ഇന്ന് മാനുഷിക നീതിയിലും ഭൂരിപക്ഷ നീതിയിലും ഇടം തേടുന്നവരാണ് അധികവും. "നിങ്ങൾ മനുഷ്യരുടെ മുമ്പിൽ നിങ്ങളെതന്നെ....." ലൂക്കോസ് 16:15-16. നീതിബോധത്തിൽ പൊതിഞ്ഞ സ്വാർത്ഥജീവിതം നയിക്കുന്നവരിൽ നിന്നും വ്യത്യസ്തമാണ് ഈ മാതാപിതാക്കൾ. അഹറോന്യ പുരോഹിതന്മാരെ 24 ഗണമായി തിരിച്ചിരിക്കുന്നതായും അബിയാഗണം എട്ടാമത്തേതാണ് എന്നും ഇവരുടെ ചുമതലകളും അതിവിശുദ്ധ സ്ഥലത്ത് രാവിലെയും വൈകിട്ടും ധൂപം കാട്ടുന്നതായും അതിനുള്ള അവസരമാണ് സഖര്യാവിനു ലഭിച്ചതെന്നും മനസ്സിലാക്കാം (1 ദിനവൃ: 23:3-6;

24–ാം അദ്ധ്യായം പുറപ്പാട് 30:6–8) മാനുഷിക ബലഹീനതകൾ ദൈവസന്നിധിയിലെ നല്ല ജീവിതത്തിന് ചുമതലകൾ നിർവ്വഹിക്കുന്നതിന് തടസ്സമാകുന്നില്ല.

"ചിതയിൽ നിന്നുഞാനുയിർത്തെഴുന്നേല്ക്കും
ചിറകുകൾ പൂപോൽ വിടർന്നെഴുന്നേല്ക്കും"

എന്ന് ഒ.എൻ.വി. കുറുപ്പ് പാടുമ്പോൾ പ്രതിസന്ധിയിലും പ്രയാസത്തിലും കുറ്റമറ്റ ജീവിതം നയിക്കുക ആവശ്യം.

**2. ആത്മീയർക്കും ഭൗമീക ദുഃഖമുണ്ട്.**

മനുഷ്യരുടെ പ്രയാസങ്ങളും ദുഃഖങ്ങളും ദൈവസന്നിധിയിൽ സമർപ്പിച്ച് ദൈവീക സമാധാനവും ദുഃഖപരിഹാരവും നൽകുന്നവനാണ് സഖര്യാവ് എങ്കിലും സ്വകാര്യമായ ദുഃഖങ്ങൾ ജീവിതത്തിലുണ്ട്. ദുഃഖമില്ലാത്ത ജീവിതമല്ല മനുഷ്യരുടേത് എന്ന പഠിപ്പിക്കുന്നു. മക്കളില്ലായ്മ കുറവായി സമൂഹം കാണുന്നു. കുറവുകൾ ദൈവസന്നിധിയിൽ നിന്നകറ്റുന്നില്ല. വേദനയുടെ അവസ്ഥയിലും ആത്മീയ സംതൃപ്തി നേടുന്നു. മാനുഷിക വേദന പള്ളിയിൽ പോകുന്നതിനോ പ്രാർത്ഥിക്കുന്നതിനോ തടസ്സമാകുന്നില്ല. ഇന്ന് പള്ളിയിൽ പോകാതിരിക്കാൻ പലർക്കും ചെറിയ കാര്യങ്ങൾ മതി തടസ്സമായിട്ട്. "വന്ധ്യത്വം ദൈവമഹത്വം വെളിവാക്കുന്ന ബലഹീനത" എന്ന് വി. ഓറിഗൺ പഠിപ്പിക്കുന്നു. വന്ധ്യകളായിരുന്ന അനേകമാതാക്കളെ വേദപുസ്തകം കാണിക്കുന്നു (സാറാ: ഉല്പ. 11:30, റിബേക്കാ ഉല്പ. 25:21, റാഹേൽ ഉല്പ. 29:31, ഹന്നാ 1 ശമു. 1:2). ഈ മാനുഷിക ബലഹീനതകളിൽ ദൈവമഹത്വം വെളിവാക്കപ്പെടുന്നു. "Prospirity spirituality" യുടെ കാലഘട്ടത്തിൽ മാനുഷിക ദുഃഖം തീർത്തുതരുന്ന വാഗ്ദത്തക്കാർ ധാരാളമുണ്ട്. എന്നാൽ യേശുക്രിസ്തു കഷ്ടതയെ ഒരിക്കലും അവഗണിച്ചില്ല. Infertility clinic" കൾ സജീവമായിരിക്കുന്ന ഇന്ന് ഭൗമീകദുഃഖങ്ങൾക്കവസാനമുണ്ടാക്കാനുള്ള തത്രപ്പാടും വർദ്ധിച്ചിട്ടുണ്ട്.

**3. ധൂപ പ്രാർത്ഥനയിൽ ദൈവശബ്ദം കേൾക്കുന്നു.**

ഓർത്തഡോക്സ് ആരാധനയിൽ തൂയോബോ, ധൂപപ്രാർത്ഥന, മദ്ധ്യസ്ഥപ്രാർത്ഥന പ്രധാനമാണ്. വിശ്വാസികൾ ഈ സന്ദർഭത്തിൽ ദേവാലയത്തിൽ ഉണ്ടാകണം. ഈ സന്ദർഭത്തിലാണ് ദൈവികശബ്ദം കേൾക്കുവാൻ കഴിയുന്നത്. പള്ളിയിൽ പുക എന്തിന് എന്ന് ചിന്തിക്കുന്ന തലമുറ വർദ്ധിച്ചിരിക്കുന്നു. ജലപ്രളയശേഷം നോഹയുടെ ബലിയിൽ സുഗന്ധം. ദൈവസന്നിധിയിൽ എത്തിയപ്പോൾ ദൈവം സംസാരിക്കുന്നു. വെളി. 8:3,4, 5:8 വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപകലശം ദൂതന്റെ കയ്യിൽ നിന്ന് ദൈവസന്നിധിയിലെത്തുന്നു. ധൂപപ്രാർത്ഥനയിൽ ദർശനം ലഭിച്ചു എന്ന് ജനം മനസ്സിലാക്കുന്നു. സഖര്യാവിന്റെ നാവിന്റെ ബന്ധനത്താൽ, വി. ആരാധനയിൽ സംബന്ധിയ്ക്കുന്ന വിശ്വാസികൾ ധൂപാർപ്പണത്തിന്റെ പ്രാധാന്യം മനസ്സിലാക്കാതെ പള്ളിയ്ക്കു പുറത്തും പള്ളികെട്ടിടങ്ങളിലും സ്വയം ധൂപം വയ്ക്കുന്ന അവസ്ഥ.

**3. ദൈവശബ്ദത്തിൽ സംശയിക്കുന്ന സഖര്യാവ്**

അതിശയത്തിൽ നിന്നുള്ള സംശയമാണ് സഖര്യാവിന്. കാരണം അതിവിശുദ്ധ സ്ഥലത്തേക്കുള്ള പ്രവേശനം, അരുളപ്പാട്, ദൂതന്റെ വചനത്തിലെ അസാദ്ധ്യതകളുടെ സാധുത്വം ഇവ സംശയത്തിനു കാരണമാകുന്നു. തന്റെ മാനുഷിക ബലഹീനതയെക്കുറിച്ചുള്ള ബോദ്ധ്യമാണ് സംശയത്തിന് കാരണം. അബ്രഹാമിന് വാഗ്ദാനം ലഭിക്കുമ്പോഴും, സാറാ ചിരിക്കുമ്പോഴും, യെശയ്യാവിനും മോശയ്ക്കും ദർശനം ലഭിക്കുമ്പോഴും പരിമിതിയിൽ നിന്നുള്ള സംശയം അല്ലാതെ വിശ്വാസത്തിന്റെ കുറവല്ല. അവിശ്വാസികളെ വിശ്വാസികളാക്കേണ്ട പുരോഹിതൻ അവിശ്വസിച്ചപ്പോൾ ശിക്ഷ നൽകുന്നു. പുരോഹിതന്മാരുടെ ശവസംസ്കാരത്തിലെ പ്രാർത്ഥനയിൽ "നിനക്ക് ആത്മീയ കീർത്തനം പാടിയ വാകളും, നാവുകളും അടയ്ക്കപ്പെട്ടവയായി തീരരുതേ" എന്നത് പൗരോഹിത്യത്തിൽ പ്രധാനമാണ്. പുരോഹിതൻ ദൈവദൂതനാകയാൽ പരിജ്ഞാനവും ഉപദേശവും നാവിന്മേൽ ഉണ്ടാകണമെന്ന് മാലാഖി പ്രവാചകൻ ഓർമ്മിപ്പിയ്ക്കുന്നതും സഖര്യാവ് വിസ്തരിച്ചത് സംശയത്തിന് കാരണമാകുന്നു.

**4. നിന്ദ നീക്കപ്പെട്ട മാതാപിതാക്കൾ**

മനുഷ്യരുടെ ഇടയിലുള്ള നിന്ദ നീക്കപ്പെട്ടതിൽ സന്തോഷിക്കുന്ന മാതാപിതാക്കൾ. മക്കളില്ലായ്മ സമൂഹനിന്ദയ്ക്ക് കാരണമാണ്. പരിഹാരം ദൈവത്തിലൂടെ മാത്രം. ഉല്പ. 30:23 റാഹേൽ നിന്ദിക്കപ്പെട്ടതിനാൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. മത്താ. 5:11 ൽ പറയുന്ന പ്രകാരം ദൈവത്തിനായി മനുഷ്യർ പഴിക്കുകയും നിന്ദിക്കുകയും ചെയ്യുമ്പോൾ ഭാഗ്യം എന്നാണ്. ദൈവം മാനുഷിക ലൗകിക നിന്ദയും കുറവും നീക്കിത്തരുന്നു. ലഭ്യമാക്കപ്പെടുന്ന പുത്രൻ മുഖാന്തിരം നിന്ദ നീക്കപ്പെടുന്നു.

സഭ രക്ഷാകർതൃദിനമായി ആചരിക്കുമ്പോൾ സ്വന്തം യജമാനനെ അറിയുന്ന നായ പേ പിടിച്ചാലുള്ള അവസ്ഥ. മനുഷ്യവർഗ്ഗത്തിനു പേ പിടിച്ചിരിക്കുന്നു. മാധ്യമങ്ങൾ ശ്രദ്ധിച്ചാൽ മാതാപിതാക്കൾ "സംരക്ഷകരാകുന്നതിനുപകരം ഹന്തകരമാകുന്ന അവസ്ഥ" ഇന്നിന്റെ മാതാപിതാക്കളിൽ നിന്നും വ്യത്യസ്തമായിരിക്കുന്നു സഖര്യാവും ഏലിശുബായും "രക്ഷാകർത്താക്കളാവുക രക്ഷാഹന്താക്കളാവാതിരിക്കുക."

**ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ : നവംബർ 24 ലൂക്കോ:1:26–38**

'ഒമ്പതു മാസം നിന്നെയേറ്റാൻ തൻപ്രാർത്ഥനയാൽ എന്ന ബോസൂവായുടെ അടിസ്ഥാനമായി മാർച്ച് 25 (ക്രിസ്തുമസ് ഡിസംബർ 25) ദുഃഖവെള്ളിയാഴ്ച ആയാലും പെരുന്നാൾ ആയി പൗരസ്ത്യ സഭ ആചരിക്കുന്നു.

ഗബ്രിയേൽ ദൂതൻ കന്യകമറിയാമിന് സന്ദേശം നൽകുന്നതും അതിൽ സംഭ്രമിക്കുകയും ദൈവകല്പനയ്ക്കു മുമ്പിൽ പൂർണ്ണ വിധേയത്വം പ്രഖ്യാപിക്കുന്നതുമായ ഭാഗം. ദൈവനിയോഗത്തിൽ കന്യകമറിയാമിൽ കാണുന്ന 3 പ്രത്യേകതകൾ ചിന്തിയ്ക്കാം.

**1. അതിശയോക്തി**

ദൈവീക നിയോഗത്തിൽ അതിശയിക്കുകയും അത്ഭുതപ്പെടുകയും ചെയ്യുന്ന മറിയാം. യൗസേഫിനു വിവാഹം നിശ്ചയിച്ചിരിക്കുന്ന ബാലിക, വിവാഹം കഴിഞ്ഞിട്ടില്ലാത്തവൾ ഗർഭവതിയാകും എന്ന വാർത്ത, നീ കൃപനിറഞ്ഞവൾ, നിനക്കു വന്ദനം, ദൈവം നിന്നോടുകൂടെ തുടങ്ങിയ വാക്കുകൾ അതിശയോക്തി ഉളവാകുന്നതാണ്. മറിയാം ദൈവമാതാവ് എന്ന് ആദ്യം പറഞ്ഞത് ഗബ്രിയേൽ ദൂതനും രണ്ടാമത് പറഞ്ഞത് എലിസബേത്തും, കന്യകമറിയാം ദൈവമാതാവല്ല ക്രിസ്തുമാതാവാണ് എന്ന നെസ്തോറിയോസിന്റെ വേദവിപരീതം ആദിമസഭയിലുണ്ടായപ്പോൾ അതിനെതിരായി രൂപീകൃതമായ വിശ്വാസപ്രമാണത്തിനടിസ്ഥാനം ഗബ്രിയേലിന്റെയും എലിസബേത്തിന്റെയും പ്രഖ്യാപനമാണ്. കൃപനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന വേണ്ടാ എന്ന് പഠിപ്പിയ്ക്കുന്നവർ ഈ ഭാഗം കൂടുതൽ ശ്രദ്ധിക്കണം.

ന്യായമായും ഭയമുണ്ടാകുന്ന സന്ദേശം ലഭിക്കുമ്പോൾ ദൈവകൃപ അധികമായി പ്രാപിക്കുന്ന മറിയാം. ദൈവദാനമാണ് കൃപ. അത് എല്ലാവർക്കും ലഭിക്കുകയില്ല. കന്യകമറിയാം ആവശ്യപ്പെടാതെ നൽകുന്നതാണ് കൃപ. ആദാമും ഹവ്വായും നന്മ തിന്മകളുടെ അറിവിനായി ഫലം കഴിച്ചു. പക്ഷെ പാപത്തിൽ അകപ്പെട്ടു. "കന്യകമറിയാം ദൈവമാതാവ് എന്ന് കബറിൽ കിടന്നുകൊണ്ട് എന്റെ അസ്ഥികൾ പോലും വിളിച്ചുപറയും. എന്റെ നിരൂപണയിൽപോലും സംശയമുണ്ടായാൽ ഞാൻ നെസ്തോറിനോടൊന്നിച്ച് അഗ്നിനരകത്തിൽ നിപതിയ്ക്കും" എന്ന് വി. അപ്രേം പ്രാർത്ഥിക്കുന്നു. ദൈവമാതാവിന്റെ കന്യകത്വത്തെയും ദൈവമാതാവിനെ തന്നെയും വേണ്ട എന്നു പറയുന്നവർക്കുള്ള യഥാർത്ഥ മറുപടിയാണ് ഈ പ്രാർത്ഥന. ദൈവനിയോഗത്തിലെ അതിശയം മാനുഷികം.

**2. അയോഗ്യത**

ദൈവനിയോഗത്തിൽ അയോഗ്യത ബോദ്ധ്യപ്പെടുക സ്വാഭാവികം. ഇതെന്തൊരു വന്ദനം എന്ന് ചിന്തിക്കുന്നു. ദൈവീക ദർശനത്തിൽ അയോഗ്യതയെക്കുറിച്ചുള്ള ബോധ്യം പ്രധാനമാണ്. മോശയെ വിളിക്കുന്നു (പുറപ്പാട് 3,4) ബലഹീനതയെക്കുറിച്ചുള്ള ബോധ്യം. ദൈവം

വിളിച്ചിട്ടുള്ള എല്ലാവരും തങ്ങളുടെ ബലഹീനതയെയും കുറവിനെയും കുറിച്ച് ബോധ്യമുള്ളവരായി തീരുന്നു. ഇന്ന് അയോഗ്യത ചിന്തിക്കാതെ ദൈവവിളി ഉണ്ടാക്കുന്നവർ അനേകർ.

"ജീവിതത്തിനൊരു ലക്ഷ്യം ഉണ്ടായിരിക്കുക. ആ ലക്ഷ്യം പ്രാപിക്കാൻ ഈശ്വരൻ തന്നിരിക്കുന്ന സർവ്വശക്തിയുമുപയോഗിച്ച് ഇറങ്ങി പുറപ്പെടുക'' ചിന്തകനായ കാർലൈന്റെ വാക്കുകൾ. മറിയാമും, മോശയും, ഏലിയാവും, യെറമിയാവും ഒക്കെ സർവ്വശക്തിയോടും ഇപ്രകാരം പുറപ്പെട്ടവരായിരുന്നു. പഴമ വായനയിൽ ഉല്പ. 28:10-22 ൽ യാക്കോബിന്റെ ദർശനത്തിലും അയോഗ്യത ഓർത്ത് ബലികഴിക്കുകയും ദൈവമാതാവിന്റെ മുൻകുറിയായി നൽകപ്പെടുകയുമാണ്. സ്വർഗ്ഗവും ഭൂമിയും ബന്ധിക്കുന്ന ഗോവേണിയായി ദൈവപുത്രന് ജന്മം നൽകിയ മറിയാം അനാഥയും ബലഹീനതയും ദേവാലയ പ്രമാണിമാരുടെ കാരുണ്യത്താൽ ജീവൻ നിലനിർത്തിയവളുമായിരുന്നു. യോഗ്യരെന്ന് സ്വയം ചിന്തിച്ച അനേകം യഹൂദസ്ത്രീകൾ ദൈവമാതാവാൻ ആഗ്രഹിച്ചു എങ്കിൽ സ്വയം താഴ്മ ധരിച്ച മറിയാമിനെ അയോഗ്യതകൾ നീക്കി സജ്ജമാക്കുന്നു. ലൂക്കോ. 1:35 അത്യുന്നതന്റെ ശക്തി ലഭിച്ചപ്പോൾ മാനസിക ബലഹീനത മാറ്റപ്പെടുന്നു.

**3. അനുസരണം**

മറിയാമിന്റെ അനുസരണവും വിധേയപ്പെടലും സമർപ്പണവുമാണ് ഇതാ ഞാൻ കർത്താവിന്റെ ദാസി വാക്കുപോലെ ഭവിക്കട്ടെ എന്ന പ്രതിവചനത്തിൽ ദൈവനിയോഗത്തിന് പൂർണ്ണമായി സമർപ്പിക്കുന്നതാണ് അനുസരണം. നിശബ്ദമായ ശ്രവണമാണ് ഇന്നിന്റെ ആവശ്യം. മറിയാം കുറച്ചു മാത്രം സംസാരിക്കുകയും കൂടുതൽ കേൾക്കുകയും ചെയ്യുന്നു. യാക്കോ. 1:19 കേൾപ്പാൻ വേഗതയും പറവാൻ വാചാലതയും പ്രവർത്തനവും അല്ല ആവശ്യം. നിശബ്ദമായ അനുസരണമാണ്. മറിയാമിന്റെ നിശബ്ദസാന്നിദ്ധ്യം കുരിശിന്റെ ചുവട്ടിൽ കുറുപ്രാവിന്റെ ദുഃഖംപോലെ നിശബ്ദമായ സാന്നിദ്ധ്യം, വിശുദ്ധരിൽ അതിവിശുദ്ധയായ മറിയാം നിശബ്ദയായിരുന്നു. യഥാർത്ഥ വിശുദ്ധന്മാർ നിശബ്ദരാണ്, നിസ്വരാണ്, നിസ്വാർത്ഥരാണ്, ശക്തിപ്രകടനത്തെക്കാൾ നിശബ്ദസാന്നിദ്ധ്യം അറിയിക്കുക. ഓർത്തുഡോക്സ് പഠിപ്പിക്കലിൽ ഇളക്കത്തിന്റെ ആത്മാവല്ല. ഇന്ന് പരിശുദ്ധാത്മ സാന്നിദ്ധ്യങ്ങളും പ്രാപിക്കലും ബഹളം വെയ്ക്കുന്നവരുടെയും തുള്ളുന്നവരുടെയും ശബ്ദകോലാഹലമുണ്ടാക്കുന്നവരുടെയും ഇല്ലാത്ത ഭാഷ പറയുന്നവരുടേതുമാണ് എന്ന ചിന്തയിലേക്ക് മാറിയിരിക്കുന്നു.

പ. പരുമല തിരുമേനിയുടെ പെരുന്നാൾ ആചരിച്ചു കഴിഞ്ഞു. അദ്ദേഹം ശാന്തമായ ആദ്ധ്യാത്മികതയിലുടെ പരിമളം പരത്തിയതിനാലാണ് സുകുമാർ അഴീക്കോടിനെപ്പോലെയുള്ള ക്രിസ്തേതരും ബഹുമാനിക്കുകയും പരുമല തിരുമേനി എന്നതിലുപരി 'പരിമള തിരുമേനി' എന്ന നാമം നൽകുകയും ചെയ്തത്. നമുക്ക് സമകാലീനനായും ഗുരുനാഥനായും ജീവിച്ച് ദൈവസന്നിധിയിലായ ഗീവറുഗീസ് മാർ ഈവാനിയോസ് തിരുമേനി ആധുനിക കാലഘട്ടത്തിലും നിശബ്ദ സേവനത്തിന്റെയും സാന്നിദ്ധ്യത്തിന്റെയും പ്രതീകമാണ്. ഇപ്രകാരമുള്ള എത്രയോ ശ്രേഷ്ഠ പിതാക്കന്മാരുടെ നിശബ്ദസാന്നിദ്ധ്യവും സാമീപ്യവുമാണ് സഭയെ നയിച്ചതും നിലനിർത്തുന്നതും "ശബ്ദകോലാഹലമുണ്ടാക്കുന്നവർ ശ്രദ്ധയാകർഷിക്കുന്നവരും അശുദ്ധാത്മാക്കളും, ആത്മാവില്ലാത്തവരുമായിരിക്കും" ഇതാ ഞാൻ കർത്താവിന്റെ ദാസി എന്നത് അനുസരണവും വിധേയത്വവുമാണ്. ദൈവമാതാവ് അതിന്റെ മാതൃകയാണ്. മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെടാം.

**ഏലിശുബായുടെ അടുത്തേക്കുള്ള മറിയാമിന്റെ യാത്ര : വനിതാദിനം ഡിസം. 1 ലൂക്കോ:1:39-56**

"മറിയാമേലിശുബാ ലക്ഷ്യോപാഞ്ഞെത്തിയ
വിസ്മയനൗകങ്ങൾ വാഗ്മിയെയേലുശുബാ
മറിയാം രക്ഷകനെപ്പെറ്റാരാലംബം
ഹാലേലുയ്യാ ഉ ഹാലേലുയ്യാ തൽപ്രാർത്ഥനയെന്നും"

വെള്ളിയാഴ്ച സന്ധ്യാനമസ്കാരത്തിലെ കോലോയിൽ ചേർത്തുപാടുന്ന ഭാഗം ആണ് ഇന്നത്തെ ധ്യാനവിഷയം. വി. ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രമാണ് ഈ ഭാഗമുള്ളത്.

**1. ലൂക്കോ. 1:39-41 : മാതൃകാപരമായ ഒരു ഒത്തുചേരൽ**

നല്ലവരായ രണ്ടുസ്ത്രീകൾ മറിയാമും ഏലിശുബായും ഒന്നിയ്ക്കുന്ന സന്ദർഭം. ദൈവകൃപ ലഭിച്ച മറിയാം ബദ്ധപ്പെട്ട് ഏലീശുബായുടെ അടുത്തേക്ക് ഓടിച്ചെല്ലുന്നു. വിനയത്തിന്റെയും ലാളിത്യത്തിന്റെയും പ്രതീകമാണ് ഇരുവരും. ഒരേ അനുഭവത്തിലൂടെ കടന്നുപോകുന്ന ഇരുവരും ചാർച്ചക്കാരാണ്. സത്യം കണ്ടു മനസ്സിലാക്കാനും സന്തോഷത്തിൽ പങ്കുചേരാനും ശുശ്രൂഷിക്കാനുമാണ് മറിയാം പോകുന്നത്. A little knowledge is dangerous എന്നു പറയും അതുകൊണ്ട് പൂർണ്ണമായി അറിയാനും മനസ്സിലാക്കാനുമുള്ള താല്പര്യം മറിയാമിന് ഏലിശുബായുടെ അനുഭവങ്ങൾ തനിയ്ക്കും പ്രയോജനകരമാകും എന്ന ചിന്ത മറിയാമിൽ മാത്രവുമല്ല പരിചരണവും ശുശ്രൂഷയും സഹായവും ആവശ്യമായിരിക്കുന്ന സന്ദർഭം. നമ്മുടെ ഒത്തുചേരലുകൾ മറ്റുള്ളവർക്ക് അരോചകമാകരുത്. നമ്മുടെ വായും സന്ദർശനവും മറ്റുള്ളവർക്ക് വേദനാജനകമാകരുത്. എഫേ. 4:29 'കേൾക്കുന്നവർക്ക് കൃപ ലഭിയ്ക്കേണ്ടതിന് .......... പുറപ്പെടരുത്.' നമ്മുടെ ഇടപെടലുകൾ ആനന്ദദായകമാക്കുക.

**2. ലൂക്കോ. 1:42-45 : ഏലിശൂബായുടെ പാട്ട്**

ഏലിശൂബാ മറിയാമിനെ കണ്ടപ്പോൾ പരിശുദ്ധാത്മപ്രേരിതനായി പാടി പുകഴ്ത്തുന്നു. ഉള്ളുതുറന്ന് മറിയാമിനെ സ്തുതിക്കണം. ഇന്ന് വ്യാജസ്തുതിക്കാരുടെ കാലം. നല്ലതു കണ്ടാൽ നല്ലത് എന്ന് പ്രോത്സാഹിപ്പിക്കുന്ന മനോഭാവം ആവശ്യം. ഗീതങ്ങൾ ദൈവത്തെ മനസ്സിലാക്കാനുള്ളത് കൗമാ പ്രാർത്ഥനയിലെ കൃപനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ഗബ്രിയേൽ ദൂതനും ഏലിശൂബായും ചേർന്നുപാടിയത്. യോഹന്നാൻ സുവിശേഷം ഇവിടെ ആരംഭിക്കുന്നു. മറിയാമിന്റെ സാന്നിദ്ധ്യം ഉദരത്തിലായിരുന്ന യോഹന്നാൻ മനസ്സിലാക്കുന്നു. ശിശുസ്നാനത്തിനടിസ്ഥാനം കുഞ്ഞുങ്ങൾക്ക് ദൈവസാന്നിദ്ധ്യം അനുഭവിപ്പാനും ദൈവകൃപ പ്രാപിപ്പാനും കഴിയും. ഏലിശൂബായിലോ യോഹന്നാനിലോ മറുഭാഷയോ ഇല്ലാത്ത ഭാഷയോ പറയുന്നില്ല. വ്യക്തമായ ഭാഷയും വാക്കുകളുമാണ് ഉപയോഗിക്കുന്നത്. കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരാനുള്ള മാനം (V. 43) എന്നു പറയുമ്പോൾ മനുഷ്യരുടെ ഇടയിലുണ്ടായ നിന്ദിക്കപ്പെട്ട് മാനം പ്രാപിച്ചു എന്ന് പൂർണ്ണബോധ്യം. കന്യകമറിയാമിന് ദൈവമാതാവ് (Theotokos) എന്ന നാമം ഏലിശൂബാ നൽകുന്നു. മാതാവ് വേണ്ടാ, രക്ഷാപദ്ധതിയിൽ ക്രിസ്തു മാത്രം മതിയെന്ന് പഠിപ്പിച്ച നവീകരണക്കാർക്ക് ഓർത്തഡോക്സ് ദൈവശാസ്ത്രവും ആരാധനയും വേദപുസ്തകാടിസ്ഥാനത്തിൽ എന്ന ബോദ്ധ്യമാക്കപ്പെടുന്ന ഭാഗം. ദൈവത്തെയും ദൈവമാതാവിനെയും കാണുന്നത് ഏലിശൂബായ്ക്ക് മാനമായിരുന്നുവെങ്കിൽ ഇന്നു പലർക്കും ഇത് മാനക്കേടാണ്. മലങ്കര സഭ 2013 ഒക്ടോബർ - ഡിസംബർ "പെണ്മയുടെ നന്മയായി" സ്ത്രീശാക്തീരണം ചിന്തിയ്ക്കുമ്പോൾ സ്ത്രീകൾ തന്നെ അവരുടെ മാനത്തെ പൂഴിയിൽ തള്ളിയിടുന്ന അവസ്ഥ. മനുസ്മൃതിയിൽ യാത്ര നാര്യസ്ത്യേ പൂജ്യന്തേരമന്തേ തന്ത്ര ദേവത" എവിടെ "സ്ത്രീകൾ പൂജിക്കപ്പെടുന്നുവോ അവിടെ ദേവതമാർ രമിയ്ക്കും" എന്നു പറയുമ്പോൾ മേനികാണിക്കലും അണിഞ്ഞൊരുങ്ങലുമാണ് പ്രധാന സ്ത്രീധർമ്മം എന്ന വികൃത ചിന്തയോടെ ദേവാലയാരാധനകളിൽപോലും സ്ലീവ് ലെസ്സും, ടോപ്ലെസും, ബോട്ടംലെസ്സുമായെത്തുന്ന ഫാഷൻ കുമാരിമാരുടെയും അമ്മച്ചിമാരുടെയും അവസ്ഥയും ആരാധനയിൽ തലയൊന്നു മറയ്ക്കാൻ (മൂടുപടം) മറക്കുന്ന സമൂഹമായി വനിതകൾ അധഃപതിക്കുമ്പോൾ മാനത്തിനുപകരം അപമാനിതമായി ദൈവസാന്നിദ്ധ്യം മാറ്റപ്പെടുന്നു.

**3. ലൂക്കോ. 1:46-56 : കന്യകമറിയാമിന്റെ പാട്ട്**

മറിയാമിന്റെ പാട്ടിന് സുറിയാനിയിൽ മാവൂർബോ എന്നും ലത്തീൻ ഭാഷയിൽ (Magnificant) എന്നും അറി

യപ്പെടുന്നു. ദൈവവാഗ്ദാനത്തിന്റെ പൂർണ്ണത ഇതില ടങ്ങിയിരിക്കുന്നു. 46–50 വാക്യങ്ങളിൽ തനിക്കു ലഭിച്ച വ്യക്തിപരമായ ഭാഗ്യാവസ്ഥയെക്കുറിച്ചും സ്മരിക്കുന്നു. 51–55 വാക്യങ്ങളിൽ തനിക്കു ലഭിച്ച വ്യക്തിപരമായ ഭാഗ്യാവസ്ഥയെക്കുറിച്ച് ഓർമ്മിക്കുന്നു. 1 ശമു. 2:1–10 വരെയുള്ള ഹന്നായുടെ പാട്ടും ഇതിനു സമാനമാണ്.

ആദ്ധ്യാത്മികവും ധാർമ്മികവും സാമൂഹ്യവും സാമ്പത്തികവുമായ ഒരു സമത്വത്തിന്റെ അനുഭവത്തെക്കുറിച്ചാണ് ഇവിടെ കാണുന്നത്. അഹങ്കരിക്കുന്നിടത്ത് അധഃപതനം ഉണ്ടാകും. ബാബേൽ കോട്ട പണിത ജനം, ഏദനിൽ ദൈവമാകാൻ ശ്രമിച്ചവർ, ദൈവസന്നിധിയിൽ അഹങ്കരിച്ച മാലാഖമാർ തുടങ്ങി അഹങ്കാരത്തിന്റെ ചിന്ത ഉണ്ടായാൽ അധഃപതിയ്ക്കും എന്ന ആഹ്വാനം. ചരിത്രത്തിലെ എത്രയോ വലിയ സിംഹാസനങ്ങൾ നശിച്ചുപോയി എന്നത് ഓർമ്മിപ്പിയ്ക്കുന്നു. അജയ്യമെന്നു കരുതിയ പലതും (സാമ്രാജ്യ ശക്തികൾ) പിന്നെ കാണാത്ത അവസ്ഥ (Hitter, Mussolini, Alexander etc). യേശുക്രിസ്തുവിന്റെ നസ്രത്ത് മാനിഫെസ്റ്റോയിലും (ലൂക്കോ 4:18–19) ദരിദ്രന്മാരോടു സുവിശേഷം......... സാമ്പത്തികവും സാമൂഹ്യവും ആദ്ധ്യാത്മികവുമായ വിപ്ലവത്തിന്റെ അവസ്ഥ പ്രഖ്യാപിക്കുന്നു.

സഭയുടെ വനിതാദിനാചരണത്തിൽ സ്ത്രീസമത്വവും സംരക്ഷണവും ലഭ്യമാകേണ്ട മേഖലകളിൽ നൽകുവാൻ സഭയ്ക്കും കഴിയട്ടെ. സ്ത്രീകൾ സ്ത്രീകളായി നിലനിൽക്കുക. വനിതാവിമോചനത്തേക്കാൾ ഉത്തരവാദിത്വങ്ങളിൽ പെൺമയുടെ നന്മ നിലനിർത്തുക.

**യോഹന്നാൻ സ്നാപകന്റെ ജനനം : ലൂക്കോ. 1:57–80 (ശിശുദിനം) ഡിസംബർ 8**

യോഹന്നാൻ എന്നവാക്കിനർത്ഥം ദൈവത്തിന്റെ ദാനം. പുത്രൻ എന്ന വാക്കിന്റെ അർത്ഥം പുത്തിൻനിന്ന് ത്രാണം ചെയ്യുന്നവൻ – കുഴിയിൽ നിന്നും കോരിയെടുത്തവൻ പിതാവിന്റെ സകല ബന്ധനങ്ങളെയും നീക്കിയവനാണ് യോഹന്നാൻ. നാവിന്റെ ബന്ധനം അഴിയുന്നു, 8–ാം നാൾ പരിച്ഛേദന സ്വീകരിക്കുന്നു, പേരു സ്വീകരിക്കുന്നു (ഉല്പ. 17:12; 21:4) പിതാവിന്റെ പ്രവചനം, ജനത്തിന്റെ ആഹ്ലാദം ഇവയാണ് ഈ ഭാഗത്തെ പ്രതിപാദ്യം. സ്നാപക യോഹന്നാന്റെ ചില പ്രത്യേകതകൾ

**1. നല്ല സാക്ഷ്യം ലഭിച്ചവൻ**

ദൈവത്തിന്റെയും മനുഷ്യരുടെയും നല്ല സാക്ഷ്യം ലഭിച്ചവനായിരുന്നു യോഹന്നാൻ. ലൂക്കോ. 1:13–19 പിതാവാം ദൈവത്തിന്റെ സാക്ഷ്യം. ദുഷിച്ചു നാറിയ സമൂഹത്തെ ദൈവത്തിനായി ഒരുക്കി ലോകരക്ഷകൻ ജനമദ്ധ്യത്തിൽ വരുമ്പോൾ അവന്റെ മുമ്പിൽ നിർത്തും എന്ന ദൗത്യം നിർവ്വഹിക്കും എന്ന് പിതാവാം ദൈവം നയിക്കുന്നു. കൂടാതെ വെളിച്ചത്തിന് സാക്ഷ്യം പറയാൻ വന്നവൻ എന്നും (യോഹ. 1:6) കൂട്ടിചേർക്കുന്നു. യേശുക്രിസ്തുവിന്റെ സാക്ഷ്യം (മത്താ. 11:11) പ്രവാചകമാരുടെ സാക്ഷ്യം (യെശ. 40:3; മാലാ. 3:1) മാതാപിതാക്കളുടെ സാക്ഷ്യം (ലൂക്കോ. 1:76).

**2. ദൈവത്തിന്റെ ദൂതനായിരുന്നവൻ**

ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പായി........ ലൂക്കോ. 7:27, മാലാ. 3:1. ദൈവത്തിന്റെ ദൂതനായും പഴയനിയമത്തിന്റെ അവസാനവും പുതിയതിന്റെ ആദരവുമാകുവാൻ കാരണമായവൻ. യോഹന്നാൻ വഴികൾ നിരത്തുന്നു. വി. കുർബ്ബാന ആരംഭിയ്ക്കുമ്പോൾ "മറിയാം ഭീലേത്തോക്...." ചൊല്ലുന്നിടത്ത് പുരോഹിതൻ ത്രോണോസിൽ ധൂപം വീശുമ്പോൾ തിരികത്തിച്ചു പിടിച്ചു ശുശ്രൂഷകൻ മുൻപിൽ പോകുന്നത് മശിഹായ്ക്കുവേണ്ടി വിശാലമായ വഴിയും വേദിയും ഒരുക്കി തേരു തെളിക്കുന്ന ദൂതന്റെ സ്ഥാനം യോഹന്നാനിൽ. അന്ധകാരത്തിൽ വീണുപോയ ദൈവജനത്തിന് വലിയ വെളിച്ചത്തിനു മുൻപായി വന്ന ചെറുതിരിയായിരുന്നു യോഹന്നാൻ.

3. അത്യുന്നതന്റെ പ്രവാചകൻ

പിതാവായ സഖര്യാവിന്റെ സാക്ഷ്യം (1:76) പൂർണ്ണമായി നിറവേറ്റിയവൻ കൊടുങ്കാറ്റിന്റെ ശക്തിയോടെ നീതിപ്രവാചകനായി എഴുന്നേൽക്കുന്നു. 'സകല പ്രവാചകന്മാരും യോഹന്നാൻ വരെ പ്രവചിച്ചു' (മത്താ. 11:13) എന്നു പറയുമ്പോൾ 4 നൂറ്റാണ്ടോളം പ്രവാചകശബ്ദം ഇല്ലാതിരുന്നിടത്ത് അതിശക്തിയോടെ എഴുന്നേറ്റവനാണ് യോഹന്നാൻ. ഇന്ന് അത്യുന്നതന്റെ പ്രവാചകർ ഇല്ലാത്ത അവസ്ഥ. സഭാരത്നമായിരുന്ന കാലം ചെയ്ത ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെപ്പോലെയുള്ള പ്രവാചകശബ്ദങ്ങൾ നിലച്ചതാണ് ഇന്നത്തെ സഭയുടെ ശാപം. യഥാർത്ഥ പ്രവാചകൻ മരണഭീതി ഇല്ലാത്തവനാണ്. തല താലത്തിൽ കൊണ്ടുവരേണ്ടിവരാം.

**4. അനീതിയും ധാർമ്മികതയും ചോദ്യം ചെയ്തവൻ**

ഒട്ടകരോമംകൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറും ധരിച്ച യോഹന്നാൻ കുംറാൻ സമൂഹത്തിന്റെ നിയമങ്ങൾക്കനുസൃതമായി ജീവിച്ച് ശക്തിപ്പെട്ടവൻ. ശാരീരിക, മാനസിക, ആത്മീകശക്തി പ്രാപിച്ചതുകൊണ്ട് അനീതിയും അധാർമ്മികതയും ചോദ്യം ചെയ്യുന്നു. രാജാവിന്റെ മുമ്പിൽ ഗർജ്ജിക്കുവാൻ ശക്തിയും ആർജ്ജവത്വവും പ്രാപിച്ചവൻ. സർവ്വ സന്തതികളേ എന്ന വിളി സമത്വം ലഭ്യമാക്കാനുള്ള ആഹ്വാനം, മാനസ്സാന്തരപ്പെടുക, രണ്ടുള്ളവൻ അന്യനു നൽകണം, അന്യായമായി പിരിക്കരുത്, അനുതപിച്ചില്ലെങ്കിൽ മൂടോടെ ഉന്മൂലനം ചെയ്യും തുടങ്ങിയ (ലൂക്കോ. 3) ആഹ്വാനങ്ങൾ അനീതിക്കും അധാർമ്മികതയ്ക്കും എതിരായ വെല്ലുവിളികൾ രാജാവായാലും പ്രജയായാലും നീതിയും ന്യായവും ഒരുപോലെ എന്ന് നിസ്തർക്കം പറയുന്ന ചങ്കൂറ്റം. മരുഭൂമി ശൂന്യമെന്ന് തോന്നാമെങ്കിലും അവിടെ നിന്നു ലഭിക്കുന്ന ശക്തി മറ്റെന്തിലും ശ്രേഷ്ഠം. ലൂക്കോ. 1:80 "ഇസ്രായേലിനു തന്നെത്താൻ കാണിയ്ക്കുംവരെ മരുഭൂമിയിലായിരുന്നു. ഡോ, അബ്ദുൾ കലാമിന്റെ അഗ്നിച്ചിറകുകൾ എന്ന ആത്മകഥയിൽ "ദിവ്യമായ ഒരഗ്നിജ്വാലയും ഹൃദയത്തിലേറി നാം പിറന്നുവീഴുന്നു. ഈ അഗ്നിക്ക് ചിറകു നൽകുവാനും അതിന്റെ നന്മയാൽ ഈ ഭൂമിയെ നിറയ്ക്കാനുമാകണം നമ്മുടെ പ്രയത്നം" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ജന്മനാ ലഭിച്ച ശക്തി യോഹന്നാൻ പ്രോജ്വലിപ്പിച്ചു. ഹേരോദാസിന്റെ അവിഹിതബന്ധത്തെ ശാസിക്കുകയും പൊരുതുകയും ചെയ്തപ്പോൾ തല നഷ്ടമാകുന്നു. ഇന്ന് തല നഷ്ടമാകുന്നു. ഇന്ന് തല സംരക്ഷിക്കുന്ന പ്രവാചകൻ ധാരാളം അനീതിക്കു കൂടുതൽ സ്ഥാനമാനങ്ങൾ നേടികയും ചെയ്യുന്ന അവസ്ഥ ഇന്ന്.

5. കർതൃകരം കൂടെയുള്ളവൻ

ദൈവകരം കൂടെയുള്ളവർക്ക് മറ്റൊന്നിലും ഭയപ്പെടേണ്ടതില്ല. അതുകൊണ്ടാണ് ഞാൻ കുറയണം അവൻ വളരണം എന്ന ചിന്ത. (യോഹ. 3:30, ലൂക്കോ. 1:66) യഹോവ ഭക്തനായ പുരുഷൻ ഇന്നത്തെ അനുഗ്രഹിക്കപ്പെട്ടവനാകും എന്ന് സങ്കീർത്തനക്കാരൻ പറയുമ്പോൾ അനുഗ്രഹീത വ്യക്തിയോടുകൂടെ കർതൃകരം എപ്പോഴും ഉണ്ട്. പൗലോസിനോടു പറയുന്നു എന്റെ കൃപ ബലഹീനതയിൽ ശക്തിപ്പെടുത്തും. ഉയിർത്ത ക്രിസ്തുവിന്റെ കരം സ്പർശിക്കുവാൻ ഭാഗ്യം ലഭിച്ച തോമ്മാശ്ലീഹായുടെ മക്കൾ ദൈവകരത്തിൽ സമർപ്പിക്കണം.

സഭ ശിശുദിനമായി ആചരിക്കുമ്പോൾ യോഹന്നാൻ അമ്മയുടെ ഉദരം മുതൽ ദൈവകരം കൂടെയുള്ളവനായിരുന്നു. മക്കളെക്കുറിച്ചും മാമ്പൂക്കളെക്കുറിച്ചും കണക്കുകൂട്ടരുത് എന്ന് കവിപാടുമ്പോൾ ബാല്യത്തിൽ കൊഴിഞ്ഞുപോകുന്ന അവസ്ഥ ഇന്നിന്റെ സമൃദ്ധികൊണ്ട് ആരാധനാസംബന്ധവും വേദപഠനത്തിലും സണ്ടേസ്കൂൾ ആദ്ധ്യാത്മിക പ്രവർത്തനത്തിലും പങ്കാളിത്വവും ലഭിക്കുമ്പോൾ ശൈശവത്തിലെ കൊഴിഞ്ഞു പോവുകൾ നിയന്ത്രിക്കാം. ഈ പൈതൽ എന്താകും എന്നചോദ്യം ശിശുദിനത്തിൽ മാത്രമല്ല ദിനവും വേണം. ഓരോ പൈതലും സാദ്ധ്യതകളുടെ കൂമ്പാരമാണ്. മാതാപിതാക്കൾ മക്കളെ നിഷ്ഠൂരമായി കൊല്ലുമ്പോൾ ഭൂമിയിൽ വന്നതിനുശേഷവും അതിനു മുൻപും "മാതൃഉദരം തന്നെ ശ്മശാന ഭൂമിയാകുന്ന" അനുഭവവും അവസ്ഥയും "ഉദരം ശ്മശാന ഭൂമിയാകാതെയും പാകവും പക്വവും ആകുംമുമ്പ് കൊഴിയാതെയും" മക്കളെ സംരക്ഷിക്കാം.

# 'മിടുക്കനാകേണ്ട - ഭോഷനാകയുമരുത്'

ബാലപത്രിക

സ്നേഹമുള്ള കൂട്ടുകാരെ,

അന്തരീക്ഷം മുഴുവൻ "പരിശുദ്ധ പരുമല തിരുമേനീ-ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എന്ന പ്രാർത്ഥനാമന്ത്രത്താൽ ശുദ്ധീകരിക്കപ്പെട്ട ദിവസങ്ങളാണ് കഴിഞ്ഞുപോയത്.

നീലതടാകത്തിലെ വെള്ളാമ്പൽ പൂവിന്റെ വിശുദ്ധിയും മുല്ലമൊട്ടിന്റെ നൈർമല്യവും മാലാഖമാരുടെ വിശുദ്ധിയും അലിഞ്ഞു ചേർന്ന നിഷ്കളങ്ക ഹൃദയമുള്ള ഒരു പുണ്യപുരുഷന്റെ ഓർമ്മപ്പെരുന്നാളിൽ സംബന്ധിച്ചു കഴിഞ്ഞപ്പോൾ പ്രകൃതിയും ജീവജാലങ്ങളും ഒരു പോലെ അനുഗ്രഹപൂരിതമായി എന്നു പറയുന്നതിൽ അതിശയോക്തിയില്ല. മലങ്കരസഭ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിനു വളരെമുമ്പു തന്നെ പരുമലതിരുമേനി ജീവിതംകൊണ്ട് പരിശുദ്ധനായി തെളിയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

പരിശുദ്ധ തിരുമേനിയുടെ തിരുവചനങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതിൽ കൂട്ടുകാർ ഏറ്റവും ശ്രദ്ധിക്കേണ്ട ഒരു വചനമാണ് "മിടുക്കനാകേണ്ട -ഭോഷനാകയുമരുത്" എന്നത് കൂടുതൽ സംസാരിക്കുന്നവൻ വലിയമിടുക്കൻ എന്ന സന്ദേശവുമായാണ് ഇന്ന് സമൂഹത്തിൽ പലരുടെയും വളർച്ച. സമയത്തും അസമയത്തും, സ്ഥാനത്തും അസ്ഥാനത്തും അനാവശ്യമായ സംസാരങ്ങൾ നടത്തി സമൂഹത്തെ തന്നെ മലിനീകരിക്കുന്ന പ്രവണത ഇന്ന് ജനങ്ങളിൽ കൂടുതലാണ്. ഇന്ന് പലകുട്ടികളും അമിതമായ സംസാരംകൊണ്ടും വാക്സാമർത്ഥ്യം കൊണ്ടും മിടുക്കരാകുവാൻ ശ്രമിക്കാറുണ്ട്. പലപ്പോഴും അമിത ഭാഷണം വലിയവിപത്തും വരുത്തിവയ്ക്കാറുണ്ട് എന്ന സത്യം കൂടുതൽ ശ്രദ്ധിക്കണം.

തക്കസമയത്ത് ഉചിതമായ സംസാരം എത്ര മാത്രം വിലപിടിപ്പുള്ളതാണെന്ന് ജ്ഞാനിയായ ശലോമോൻ സദൃശ്യവാക്യങ്ങളിലൂടെ പ്രബോധിപ്പിക്കുന്നുണ്ട്.

പരുമലതിരുമേനിയും 'മിടുക്കനാകേണ്ട" എന്ന പദപ്രയോഗം നടത്തിയത് ഇതേ ഉദ്ദേശ്യത്തിലാണ്. അമിതഭാഷണത്തിലൂടെ മിടുക്കനാകുന്നതിലും നല്ലത് മൗനിയായിരിക്കുന്നതാണ്.

മുനിശ്രേഷ്ഠന്മാർ മൗനം ജീവിതചര്യ ആക്കിയിട്ടുള്ളവരാണ്. മൗനത്തിലൂടെ ശ്രേഷ്ഠമായ സന്ദേശം ലോകത്തിനു നൽകിയിട്ടുള്ള ആചാര്യന്മാരും സന്യാസവര്യന്മാരുമാണ് സഭയുടെ വളർച്ചയുടെ നിദാനം.

കൂട്ടുകാരെ,

പരുമലതിരുമേനിയുടെ ഓർമ്മയിലൂടെ ജീവിതത്തിനു ദിശയും ലക്ഷ്യവും കണ്ടെത്തുവാൻ ശ്രമിക്കുമ്പോൾ ഏറ്റവും പ്രാധാന്യത്തോടെ ഹൃദയത്തിൽ സൂക്ഷിക്കേണ്ട സന്ദേശമാണ് "മിടുക്കനാകേണ്ട-ഭോഷനാകയുമരുത്" ഈ തിരുവചനം പ്രാവർത്തികമാക്കുമ്പോൾ ദൈവം നിശ്ചയമായും നിങ്ങളെ യഥാർത്ഥ മിടുക്കന്മാരാക്കും. സംശയമില്ല.

ദൈവം അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം

**ആനിച്ചേച്ചി**

## കരുതൽ

പേരിശ്ശേരി സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയിൽ വലിയ പെരുന്നാളിനോട് (2014 ജനുവരി 19) അനുബന്ധിച്ച് നടത്തപ്പെടുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ 1. സമൂഹവിവാഹം (നിർദ്ധനരായ മൂന്നു പെൺകുട്ടികളുടെ വിവാഹം) 2. നിത്യരോഗികൾക്ക് ചികിത്സാ സഹായം നൽകുക 3. നിർദ്ധനരായ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായ പദ്ധതി 4. ഭവനനിർമ്മാണം. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക വികാരി ഫാ. ബിജു റ്റി. മാത്യു 9447275064 ട്രസ്റ്റി ശ്രീ. കെ.ഒ. ജോസഫ് 9562436596 സെക്രട്ടറി ശ്രീ ഇടിക്കുള അലക്സാണ്ടർ 9847174433

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ച് തരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഒരുവിശ്വാസി, കുളനട



ഉത്തമജീവിതവും ഉദാത്തമായ മാതൃകയും കൊണ്ട് മലങ്കര സഭയുടെ മാർഗ്ഗദർശിയായി ജീവിച്ച് കർത്തൃസന്നിധി അണഞ്ഞ് അനേകർക്ക് മദ്ധ്യസ്ഥനായ പ. പരുമലതിരുമേനിയുടെ 111-ാം ഓർമ്മപ്പെരുന്നാൾ പരുമല പള്ളിയിലും വിവിധ ദേവാലയങ്ങളിലും അനുഗ്രഹമായി നടന്നു.

"അവയവദാനം സർവ്വദാനാൽ പ്രധാനം" എന്ന ആപ്തവനാക്യം ഉൾക്കൊണ്ട് ലോകമെമ്പാടും വിവിധ അവയവദാന പദ്ധതികൾക്കു രൂപം നല്കി വരുന്നു. പരിശുദ്ധ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ. സുന്നഹദോസിന്റെ തീരുമാനപ്രകാരം അവയവദാനപദ്ധതിക്ക് വിപുലമായ ക്രമീകരണങ്ങൾ ചെയ്യുന്നുണ്ട്. ഇതിന് വലിയ ഒരു മാതൃകയായി ചെങ്ങന്നൂർ ഭദ്രാസനം തുടക്കം കുറിച്ചു കഴിഞ്ഞു.

മുളക്കുഴ സെന്റ് മേരീസ് ഇടവകാംഗം തോടിയാട്ട് ശ്രീ. ശാമുവേൽ ഐപ്പ് (സജി) പരപ്രേരണയോ പ്രതിഫലേച്ഛയോ കൂടാതെ, തന്റെ സഹധർമ്മിണിക്ക് ദൈവം നൽകിയ സൗഖ്യത്തിനു മറുവിലയായി ദൈവത്തിനു തിരുമുൽകാഴ്ചയായി ലേക്ഷോർ ആശുപത്രിയിൽ വച്ച് താൻ അറിയാത്ത ഒരു സഹോദരന് തന്റെ വൃക്ക മുറിച്ചു നല്കി ജീവനെ വീണ്ടെടുത്തു. ശ്രീ. സജി പൂർണ്ണ ആരോഗ്യവാനായി ദൈവത്തിന്റെ സാക്ഷിയായി സുഖമായിരിക്കുന്നു.

പൂഴിക്കാട് സെന്റ് ജോർജ്ജ് ഇടവക അംഗം നെടിയത്ത് ശ്രീ. ഷാജി മരണത്തെ മുഖാമുഖം ദർശിച്ച തന്റെ സഹോദരൻ വന്ദ്യ രാജൻ ജോർജ്ജ് അച്ചന് തന്റെ കരൾ മുറിച്ചു നല്കി. ജീവൻ വീണ്ടെടുത്ത ബഹു. അച്ചൻ സൗഖ്യം പ്രാപിച്ച് കർത്താവിന്റെ ബലിപീഠത്തിൽ ദിവ്യബലി അർപ്പിച്ചു. ശ്രീ. ഷാജി പൂർണ്ണ ആരോഗ്യവാനായിരിക്കുന്നു. അവയവദാനത്തിന് ആത്മധൈര്യം നൽകിയ ദൈവത്തെ സ്തുതിച്ച് ഇരുവർക്കും ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. അഭിവന്ദ്യ തിരുമനസ്സിന്റെ അനുവാദത്തോടെ മറ്റുള്ളവരുടെ ജീവൻ വീണ്ടെടുക്കുവാൻ അവയവദാനം ചെയ്തവരും സ്വീകരിച്ചവരുമായി ചെങ്ങന്നൂർ ഭദ്രാസനത്തിലുള്ളവരുടെ ഒരു കൂട്ടായ്മ ബഥേൽ അരമനയിൽ ക്രമീകരിക്കുന്നതാണ്.

ഭദ്രാസന സുവിശേഷസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പെടുന്ന ഭദ്രാസന ധ്യാനം ഈ മാസം 22-ാം തീയതി വെള്ളിയാഴ്ച ഇടവങ്കാട് സെന്റ് മേരീസ് പള്ളിയിൽ വച്ച് നടത്തപ്പെടുന്നു.

അഖില മലങ്കര മർത്തമറിയം സമാജം മത്സര പരീക്ഷയിൽ തയ്യാറെടുപ്പോട് 41 യൂണിറ്റുകളിലായി 468 പേർ പരീക്ഷ എഴുതി മറ്റു ഭദ്രാസനങ്ങൾക്കു മാതൃകയായി പരീക്ഷ എഴുതിയവരെയും അതിനു നേതൃത്വം നൽകിയവരേയും പ്രത്യേകം അഭിനന്ദിക്കുന്നു.

യുവജനപ്രസ്ഥാനം കലാമത്സരങ്ങൾ ഡിസ്ട്രിക്ട് തലത്തിൽ അടുത്ത ഞായറാഴ്ചയോടെ പൂർണ്ണമാകും. ഈ മാസം 24-ാം തീയതി ഞായറാഴ്ച ഇടവങ്കാട് സെന്റ് മേരീസ് പള്ളിയിൽ വച്ച് ഭദ്രാസന തല കലാമത്സരങ്ങൾ നടത്തപ്പെടുന്നതാണ്.

ഡിസംബർ മാസം 1-ാം തീയതി കർത്താവിന്റെ തിരുജനനത്തോടനുബന്ധിച്ചുള്ള 25 നോമ്പ് ആരംഭിക്കുന്നു. വിശുദ്ധമായ നോമ്പനുഷ്ഠാനത്തോടും പ്രാർത്ഥനയോടും ലോക രക്ഷകൻ നാവിൽ പിറക്കുവാൻ കാത്തു പ്രാർത്ഥിക്കാം.

**ഫാ. തോമസ് കൊക്കാപ്പറമ്പിൽ**
(മെത്രാസന സെക്രട്ടറി)

## ചിന്താവിഷയം ക്ഷണിക്കുന്നു

2014-ലെ ഭദ്രാസന കൺവൻഷനുള്ള ചിന്താവിഷയം ക്ഷണിക്കുന്നു. 2013 ഡിസംബർ 15-ാം തീയതിക്കു മുമ്പായി അരമനയിൽ നൽകണം

## Collection Schedule of Bethel Patrika Subscription from the Parishes

**നവംബർ 2013**

| | | |
|---|---|---|
| 5. | കല്ലുങ്കൽ വെസ്റ്റ് സെന്റ് ജോർജ്ജ് | 03-11-2013 |
| 6. | ഓതറ സെന്റ് മേരീസ് | 10-11-2013 |
| 7. | നെല്ലിമല മാർ ഗ്രീഗോറിയോസ് | 17-11-2013 |
| 8. | ബഥേൽ മാർ ഗ്രീഗോറിയോസ് | 24-11-2013 |

**ഡിസംബർ 2013**

| | | |
|---|---|---|
| 9. | നെല്ലിക്കൽ സെന്റ് മേരീസ് | 01-12-2013 |
| 10. | പിരളശ്ശേരി സെന്റ് ജോർജ്ജ് | 08-12-2013 |
| 11. | പുത്തൻകാവ് സെന്റ് മേരീസ് | 15-12-2013 |
| 12. | പുത്തൻകാവ് സെന്റ് മേരീസ് | 22-12-2013 |
| 13. | പുലിയൂർ സെന്റ് മേരീസ് & സെന്റ് ജോർജ്ജ് | 29-12-2013 |

## ശുചീകരണ പ്രവർത്തനങ്ങൾ

പരുമല പദയാത്രികർ കടന്നുപോയ വഴികൾ ഭദ്രാസന യുവജനപ്രസ്ഥാനം പ്രവർത്തകർ ശുചീകരിക്കുകയുണ്ടായി. ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് ശുചീകരണ പ്രവർത്തനങ്ങൾ ഉത്ഘാടനം ചെയ്തു. ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ, ഫാ. മത്തായി സഖറിയ, സജി പട്ടരുമഠം, ജോബിൻ കെ. ജോർജ്ജ്, ബിജു മാത്യു, ഡാർവിൻ ജോർജ്ജ്, ഷീബാ കോശി, ചിന്നു ചിന്നം വർഗ്ഗീസ്, ഭദ്രാസന കമ്മറ്റിയംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## ദിവ്യബോധനം യൂണിറ്റ ഉദ്ഘാടനം

ഉമയാറ്റുകര: ഉമയാറ്റുകര സെന്റ് തോമസ് വലിയ പള്ളിയിൽ ദിവ്യബോധനം പഠനപദ്ധതിയുടെ യൂണിറ്റ് ഇടലകാംഗം ഫാ. എം.എം. സഖറിയാ മാങ്കൂട്ടത്തിൽ ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ഫിലിപ്പ് ജേക്കബ് മൂലമണ്ണിൽ അദ്ധ്യക്ഷത വഹിച്ചു. റ്റി. തോമസ്, വർഗീസ് ഏബ്രഹാം, ഏബ്രഹാം വർഗീസ്, റ്റോം ജോൺ, സിനോ പി. സാബു എന്നിവർ പ്രസംഗിച്ചു.

## ദിവ്യബോധനം – സെമിനാർ

വേദശാസ്ത്ര വീഥിയിൽ (POCE), നിത്യജീവനിൽ (DOCE) എന്നീ പുസ്തകങ്ങളുടെ സെമിനാർ 2013 ഡിസംബർ 14-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ബഥേൽ അരമനയിൽ വച്ചു നടത്തുന്നതാണ്. ബ. സഖറിയാ പനയ്ക്കാമറ്റം അച്ചനും റവ. ജിബു ഫിലിപ്പ് അച്ചനും സെമിനാറിന് നേതൃത്വം നൽകുന്നതാണ്. പഠിതാക്കൾ എല്ലാവരും തന്നെ സെമിനാറിൽ വന്നു സംബന്ധിക്കേണ്ടതാണ്. ദിവ്യബോധനം (GOCE) പഠിതാക്കളുടെ "ക്രൈസ്തവ ആദ്ധ്യാത്മീകത" എന്ന പുസ്തകത്തിന്റെ സെമിനാർ 2013 ഡിസംബർ 7-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ബഥേൽ അരമനയിൽ നടത്തുന്നതാണ് ഡോ. അരവിന്ദ് കൃഷ്ണൻ, അസ്സോസിയേറ്റ് പ്രൊഫസർ യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം സെമിനാറിനു നേതൃത്വം നൽകുന്നതാണ്.

## ബഥേൽ മാർ ഗ്രീഗോറിയോസ് അരമന പള്ളി പെരുന്നാൾ സമാപിച്ചു

ചെങ്ങന്നൂർ ബഥേൽ മാർ ഗ്രീഗോറിയോസ് അരമന പള്ളി പെരുന്നാൾ സമാപിച്ചു. ഒക്ടോബർ 20-ാം തീയതി വികാരി ഫാ. മത്തായി കുന്നിൽ കൊടിയേറ്റു കർമ്മം നിർവ്വഹിച്ചു. കൺവൻഷൻ യോഗങ്ങൾക്ക് ഫാ. ജോർജ്ജ് വർഗീസ് വട്ടപ്പറമ്പിൽ ഫാ. കുര്യൻ ഡാനിയേൽ, ഫാ. ഗീവർഗീസ് കോശി കറ്റാനം, ഫാ. തോമസ് വർഗീസ് അമയിൽ എന്നിവർ നേതൃത്വം നൽകി. 26-ാം തീയതി ഭക്തി നിർഭരമായ റാസ ടൗൺ ചുറ്റി ആഘോഷപൂർവ്വം നടത്തി. 27 ന് മാനേജർ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമനസ്സിന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹ ബലി നടന്നു. വന്ദ്യ ബർസ്ലീബി റമ്പാൻ, വന്ദ്യ മാത്യൂസ് റമ്പാൻ എന്നിവർ സഹ കാർമ്മികരായിരുന്നു. തുടർന്ന് സമൂഹസദ്യ നടത്തപ്പെട്ടു. ചെങ്ങന്നൂർ നഗരവും, നഗരനിവാസികളും വർണ്ണാഭമായി ഈ പെരുന്നാളിനെ സ്വീകരിച്ച് വരവേറ്റു. പെരുന്നാൾ ക്രമീകരണങ്ങൾക്ക് അഡ്വൈസറി ബോർഡിനു പുറമെ വിപുലമായ കമ്മറ്റി പ്രവർത്തിച്ചു. പരിശുദ്ധ പരുമല തിരുമേനിയെ പരിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനു മുമ്പേ തന്നെ അദ്ദേഹത്തിന്റെ നാമത്തിൽ മലങ്കരയിൽ ആദ്യമായി സ്ഥാപിതമായ ദേവാലയമാണ് ബഥേൽ അരമന പള്ളി.

## മർത്തമറിയം വനിതാസമാജം സമ്മേളനം

പുത്തൻകാവ് ഡിസ്ട്രിക്റ്റിലെ മർത്തമറിയം വനിതാ സമാജാംഗങ്ങളുടെ ഒരു പ്രത്യേക സമ്മേളനം നീർവിളാകം സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ നടത്തപ്പെട്ടു. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ഫിലിപ്പ് ജേക്കബ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഫാ. ഡോ. റ്റി.കെ. ജോഷ്വാ ധ്യാനം നയിച്ചു. വികാരി ഫാ. സഖറിയാ പനയ്ക്കാമറ്റം ശ്രീമതി ഷൈനി ജോസഫ് ഉമയാറ്റുകര, ശ്രീമതി ലിസ്സി വർഗീസ് (ഭദ്രാസന സെക്രട്ടറി) ഡിസ്ട്രിക്റ്റ് സെക്രട്ടറി ശ്രീമതി ആനി ജോൺസൺ എന്നിവർ പ്രസംഗിച്ചു.

## മർത്തമറിയം വനിതാസമാജം പരീക്ഷ എഴുതിയവർ ഇടവകതലത്തിൽ

**ചെങ്ങന്നൂർ ഡിസ്ട്രിക്റ്റ്** ചെങ്ങന്നൂർ - ബഥേൽ മാർ ഗ്രീഗോറിയോസ് പള്ളി (12), ചെങ്ങന്നൂർ - സെന്റ് ഇഗ്നേഷ്യസ് പള്ളി(13), മംഗലം - സെന്റ് ജോർജ്ജ് പള്ളി(5), മുളക്കുഴ - സെന്റ് മേരീസ് പള്ളി(9), പാണ്ടനാട് - സെന്റ് മേരീസ് പള്ളി(4), പേരിശ്ശേരി - മാർ ഗ്രീഗോറിയോസ് പള്ളി(20), പേരിശ്ശേരി - സെന്റ് മേരീസ് പള്ളി(11), ഉള്ളന്നൂർ - സെന്റ് ജോർജ്ജ് പള്ളി(5), ഉള്ളന്നൂർ - സെന്റ് മേരീസ് പള്ളി(8), യോർദ്ദാൻപുരം - സെന്റ് ഗ്രീഗോറിയോസ് പള്ളി(7), **ഇടവങ്കാട് ഡിസ്ട്രിക്റ്റ്** ബുധനൂർ സെന്റ് ഏലിയാസ് പള്ളി(8), ആറ്റുവ മാർ ബർസൗമ പള്ളി(11), ഇടവങ്കാട് സെന്റ് മേരീസ് പള്ളി(8), കോടുകുളഞ്ഞി പ്രകാശഗിരി സെന്റ് മേരീസ് പള്ളി(7), കുട്ടംപേരൂർ സെന്റ് മേരീസ് പള്ളി(20), വെണ്മണി സെന്റ് മേരീസ് പള്ളി(15) **പന്തളം ഡിസ്ട്രിക്റ്റ്** അറത്തിൽ സെന്റ് ജോർജ്ജ് പള്ളി (7), ആറ്റുവ മാർ ബർസൗമ പള്ളി(11), കടമാങ്കുളം സെന്റ് മേരീസ് പള്ളി(10), കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് പള്ളി(38), കുരമ്പാല സെന്റ് തോമസ് പള്ളി(18), മാന്തളിർ സെന്റ് തോമസ് പള്ളി(9), പടനിലം സെന്റ് തോമസ് പള്ളി(8), പൂഴിക്കാട് സെന്റ് ജോർജ്ജ് പള്ളി(7) **പുത്തൻകാവ് ഡിസ്ട്രിക്റ്റ്** ആറാട്ടുപുഴ സെന്റ് മേരീസ് പള്ളി(5), ഇടനാട് സെന്റ് മേരീസ് പള്ളി(9), കൂർത്തമല സെന്റ് മേരീസ് പള്ളി(12), മാരാമൺ സെന്റ് മേരീസ് പള്ളി(20), മെഴുവേലി ഹോളി ഇന്നസെന്റ്സ് പള്ളി(18), നെല്ലിക്കൽ സെന്റ് മേരീസ് പള്ളി(7), പിരളശ്ശേരി സെന്റ് ജോർജ്ജ് പള്ളി(7), പുത്തൻകാവ് സെന്റ് മേരീസ് പള്ളി(21), കുറിച്ചിമുട്ടം സെന്റ് സ്റ്റീഫൻസ് പള്ളി(6), നീർവിളാകം മാർ ഗ്രീഗോറിയോസ് പള്ളി(3) **ഉമയാറ്റുകര ഡിസ്ട്രിക്റ്റ്** കല്ലുങ്കൽ ഈസ്റ്റ് സെന്റ് ഇഗ്നേഷ്യസ് പള്ളി(3), കല്ലുങ്കൽ വെസ്റ്റ് സെന്റ് ജോർജ്ജ് പള്ളി(9), കുറ്റൂർ സെന്റ് ഗ്രീഗോറിയോസ് ബഥാന്യ പള്ളി(4), നെല്ലിമല മാർ ഗ്രീഗോറിയോസ് പള്ളി(4), ഓതറ സെന്റ് മേരീസ് പള്ളി(2), തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് പള്ളി(3), ഉമയാറ്റുകര സെന്റ് തോമസ് പള്ളി(31), വള്ളംകുളം സെന്റ് മേരീസ് പള്ളി(13)



സഹപ്രവർത്തകരെ,

ഭദ്രാസന സഹപാഠ്യമത്സരങ്ങൾ ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച പുത്തൻകാവ് മെത്രോപ്പോലീത്തൻ ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. താഴെ പറയുന്നവർ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കി.

**സബ് ജൂനിയർ - സിംഗിൾ സോങ്** സാനിയ സൂസൻ തോമസ് - എം.ജി.എം. ബഥേൽ, ഏബൻ ബിനോയി ജോർജ്ജ് - സെന്റ് സ്റ്റീഫൻസ് കുടശ്ശനാട് **പ്രസംഗം** എബേസ് റ്റി. മാത്യു - സെന്റ് മേരീസ് പുത്തൻകാവ്, ജൂഡിത്ത് സൂസൻ സോണി - സെന്റ് മേരീസ് വെണ്മണി, **ജൂനിയർ - സിംഗിൾ സോങ്** കെസിയ സാറാ ചാക്കോ - സെന്റ് ജോർജ്ജ് ആറാട്ടുപുഴ, മറീനാ മനോജ് - സെന്റ് മേരീസ് പേരിശ്ശേരി **പ്രസംഗം** നവീൻ പ്രിൻസ് തോമസ് - എം.ജി.എം. ബഥേൽ, ലെയാ റേച്ചൽ ജോൺ - എം.ജി.എം. ബഥേൽ **സമൂഹഗാനം** സബിൻ പി. തോമസ്, ഷൈൻ ജോൺ തോമസ് & ഏബൻ മാത്യു കുര്യൻ - എം.ജി.എം. ബഥേൽ, ജയിമി അന്നാ ജോൺസൺ, ഒലീവിയ സൂസൻ ജോൺ, & നിമ്മി മറിയം ജോൺ - ഹോളി ഇന്നസെന്റ് മെഴുവേലി **വേദവാക്യം** ഇവൻസ് ചാക്കോ - സെന്റ് മേരീസ് പുത്തൻകാവ്, കെൻ മറിയം റോയി - സെന്റ് മേരീസ് കുട്ടംപേരൂർ **സീനിയർ - സംഗീതം** ഷെറോൻ എൽസാ സജി - സെന്റ് സ്റ്റീഫൻസ് കുടശ്ശനാട്, സ്നേഹാ എലിസബേത്ത് ജോർജ്ജ് - എം.ജി.എം. മാന്തളിർ **പ്രസംഗം** അരുൺ റെജി - സെന്റ് മേരീസ് വെണ്മണി, അനീഷ അന്ന വർഗീസ് - സെന്റ് ജോർജ്ജ് പിരളശ്ശേരി **സമൂഹഗാനം** റിയ മേരി രാജൻ, ഷെറോൺ എൽസാ സജി & ഷൈൻ സൂസൻ സജി - സെന്റ് സ്റ്റീഫൻസ് കുടശ്ശനാട്, നീനു ആനി സാം, സാനു ഏലിയാമ്മ തോമസ് & ജൂബി മേരി വർഗീസ് - എം.ജി.എം. ഓതറ **വേദവാക്യം** റൂഫസ് ജോർജ്ജ് ശാമുവേൽ - സെന്റ് മേരീസ് ഇടനാട്, മന്നാ മറിയം ജോൺ - സെന്റ് ഇഗ്നേഷ്യസ് ചെങ്ങന്നൂർ **പൊതുവിജ്ഞാനം** ജിഷാ ബാബു - സെന്റ് ജോർജ്ജ് അറത്തിൽ, മറിയം സൂസൻ കുര്യൻ - എം.ജി.എം. തോട്ടപ്പുഴ **ഹയർ സെക്കന്ററി - ഉപന്യാസം**

അനു ദീനാ തോമസ് - സെന്റ് ജോർജ്ജ് അറത്തിൽ, ജോഹിനി ജോസ് - എം.ജി.എം. ഇടവങ്കാട് **പൊതുവിജ്ഞാനം** റോണാ സൂസൻ ഏബ്രഹാം - സെന്റ് മേരീസ് ഇടനാട്, ഫേബാ എൽസാ ജോർജ്ജ് - സെന്റ് മേരീസ് ഇടനാട്

**മാർ ഔഗേൻ ബാവാ പ്രസംഗമത്സരം** ഫേബാ എൽസാ ജോർജ്ജ് - സെന്റ് മേരീസ് ഇടനാട്, ഹെലനാ ഐപ്പ് - എം.ജി.എം. തോട്ടപ്പുഴ

**വാർഷിക പരീക്ഷ** പഴയതും, പുതിയതുമായ സ്കീമുകളിലാണ് പഠനം നടത്തിക്കൊണ്ടിരിക്കുന്നത്. ഡിസംബർ ഒന്നാം തീയതി തന്നെ എല്ലാ ക്ലാസ്സുകളിലെയും പരീക്ഷ നടത്തപ്പെടുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**വേദപ്രവീൺ ഡിപ്ലോമ പരീക്ഷ**

12-ാം ക്ലാസ് പാസ്സാകുന്നവർക്ക് ലഭിക്കുന്ന ഈ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുവാൻ ഭദ്രാസനതലത്തിൽ നടത്തപ്പെടുന്ന ഓറിയന്റേഷൻ ക്ലാസ്സിൽ പങ്കെടുക്കുകയും, പ്രൊജക്ട് വർക്ക് ചെയ്തും, 5 പീരിയഡുകൾ പഠിപ്പിക്കുകയും ചെയ്യുക എന്നത് നിർബ്ബന്ധമാണ്. യൂണിറ്റിൽ പ്രൊജക്ടും, അഞ്ച് പീരിയിഡുകൾ ക്ലാസ് എടുത്തതിന്റെ രേഖയും നിർബന്ധമായും ഹെഡ്മാസ്റ്റർ മാർ രേഖപ്പെടുത്തിയിരിക്കണം. ഡയറക്ടറുടെ പരിശോധനയ്ക്ക് ഇവ നിർബന്ധമാക്കുന്നതായിരിക്കും.

**ഒ. എസ്സ്. എസ്സ്. എ. ഇ. ജൂബിലി**

സണ്ടേസ്കൂൾ ജൂബിലിയോടനുബന്ധിച്ച് യൂണിറ്റ്, ഡിസ്ട്രിക്ട് ഭദ്രാസന പദ്ധതികൾ നടപ്പാക്കുന്നതിൽ ഏവരും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ജൂബിലിയുടെ ഭാഗമായി 40 വർഷം തുടർച്ചയായി അദ്ധ്യാപക വൃത്തി നടത്തിയ അദ്ധ്യാപകർക്ക് അനുമോദനം നൽകുന്നതാകയാൽ 25 വർഷം ഭദ്രാസന തലത്തിൽ സർട്ടിഫിക്കറ്റുകൾ ലഭിച്ചവരിൽ 40 വർഷം സർവ്വീസുള്ളവർ ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ വശം പേര് നൽകേണ്ടതാണ്.

**അനമോദനം**

അഖില മലങ്കരയിൽ സോണൽ തലത്തിൽ വിജയികളായി (50 വർഷങ്ങളിലും) തീർന്നവരുടെ സംഗമം ഡിസംബർ 21-ാം തീയതി പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്നതാണ്. കൂടുതൽ ഇതുസംബന്ധിച്ച വിജ്ഞാപനത്തിൽക്കൂടി കേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതാണ്. യൂണിറ്റിൽ വിജയികളായവരുടെ ലിസ്റ്റ് തയ്യാറാക്കി ഇൻസ്പെക്ടർമാർ വശം കൊടുക്കുവാൻ ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ.

2013 ലെ മർത്തമറിയം സമാജം പരീക്ഷ എഴുതിയ എല്ലാവർക്കും, പ്രത്യേകിച്ച് അതിനായി ആത്മാർത്ഥതയോടെ പരിശ്രമിച്ച എല്ലാ വികാരി അച്ചന്മാർക്കും സന്മനസ്സോടെ പരീക്ഷ നടത്തിപ്പിനായി പോയ എവർക്കും ഭദ്രാസന മർത്തമറിയം സമാജത്തിന്റെ ആത്മാർത്ഥനായ നന്ദിയും സ്നേഹവും അർപ്പിക്കുന്നു.

കർത്തൃശ്രുശ്രൂഷയിൽ
**ജി. വർഗ്ഗീസ് കാവുംപുറത്ത്**
ഭദ്രാസന ഡയറക്ടർ

## കരസ്പർശം

നീർവിളാകം സെന്റ് ഗ്രീഗോറിയോസ് ഇടവകയുടെ പെരുന്നാൾ നവംബർ 3 മുതൽ 9 വരെയുള്ള ദിവസങ്ങളിൽ നടത്തപ്പെടുകയുണ്ടായി. ഫാ. ഷിബു വർഗ്ഗീസ് ഫാ. ബിജു റ്റി. മാത്യു കൺവൻഷൻ യോഗങ്ങൾക്ക് നേതൃത്വം നൽകി. 8-ാം തീയതി പുത്തൻകാവ് ഡിസ്ട്രിക്ട് തലത്തിൽ നടത്തപ്പെട്ട മർത്തമറിയം സമാജ അംഗങ്ങളുടെ അർദ്ധദിന സമ്മേളനത്തിൽ വന്ദ്യനായ റ്റി.ജെ. ജോഷ്വാ അച്ചൻ ധ്യാനത്തിന് നേതൃത്വം നൽകുകയുണ്ടായി. അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വി. മൂന്നിന്മേൽ കുർബ്ബാനയെത്തുടർന്ന് 'കരസ്പർശം', 'ജീവനം' എന്ന പേരിലുള്ള പദ്ധതിപ്രകാരം 'ഡയാലസിസ്' ചെയ്യുന്നതിന് വേണ്ടിവരുന്ന സഹായം സ്ഥിരമായി ചെയ്തു വരികയാണ്.

## ഭദ്രാസനതല ക്വിസ് മത്സരം

കൂർത്തമല സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിലെ സെന്റ് ജോർജ്ജ് സണ്ടേസ്കൂളിന്റെ ആഭിമുഖ്യത്തിൽ ചെങ്ങന്നൂർ ഭദ്രാസനത്തിലെ സണ്ടേസ്കൂൾ കുട്ടികൾക്കായി ഭദ്രാസനതല ക്വിസ് മത്സരം 2013 ഡിസംബർ 15 ഞായറാഴ്ച 2 പി.എം. ന് കുമ്പനാട് കടപ്ര സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചാപ്പലിൽ വച്ച് നടത്തുന്നു. ഒന്നും രണ്ടും സ്ഥാനം നേടുന്ന വിജയികൾക്ക് ശ്രീ. & ശ്രീമതി സി.എം. ചാണ്ടി ചുണ്ടമണ്ണിൽ മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും ക്യാഷ് അവാർഡും ശ്രീ. തോമസ് മാമ്മൻ പടിപ്പുരേത്ത് മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും ക്യാഷ് അവാർഡും നൽകപ്പെടുന്നതാണ്. ഒരു ഇടവകയിൽ നിന്നും രണ്ടു പേരടങ്ങുന്ന ഒരു ടീം പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് :- 0469-2667198, 9447115036, 9446156579

## ഭദ്രാസന ധ്യാനം

ഭദ്രാസന സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിലുള്ള 3-ാമത് ധ്യാനയോഗം 2013 നവംബർ 22-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30 മുതൽ ഇടവങ്കാട് സെന്റ് മേരീസ് പള്ളിയിൽ നടക്കുന്നതാണ്. അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ റവ. ഫാ. കെ.പി. മാർക്കോസ് ധ്യാനം നയിക്കും. 19-ാം തീയതി ചൊവ്വാഴ്ച ധ്യാനയോഗത്തോടനുബന്ധിച്ചുള്ള ഭവനസന്ദർശനം നടക്കും. മെത്രാസന സുവിശേഷസംഘം പ്രവർത്തകരും ആദ്ധ്യാത്മിക സംഘടനാ ഭാരവാഹികളും ഭവനസന്ദർശനത്തിൽ പങ്കുചേരേണ്ടതാണ്.

## എം.ജി.ഒ.സി.എസ്.എം. കേന്ദ്ര കലാമേള

2013 ഒക്ടോബർ 16 ന് കോട്ടയം മാർ തെയോഫിലോസ് സ്റ്റഡി സെന്ററിൽ വച്ച് നടന്ന എം.ജി.ഒ.സി. എസ്.എം. കേന്ദ്ര കലാമേളയിൽ പുത്തൻകാവ് മെട്രോപ്പോലീറ്റൻ ഹയർ സെക്കണ്ടറി സ്കൂൾ ഒന്നാം സ്ഥാനം നേടി. ഭദ്രാസനാടിസ്ഥാനത്തിൽ ചെങ്ങന്നൂർ ഭദ്രാസനം ഒന്നാം സ്ഥാനം നേടി.

## "ആശാസ്പർശം" പദ്ധതി ഉത്ഘാടനം ചെയ്തു



കല്ലൂങ്കൽ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പഴയപള്ളി യുവജനപ്രസ്ഥാനത്തിന്റെ ജീവകാരുണ്യ പ്രവർത്തന പദ്ധതിയായ 'ആശാസ്പർശം' പദ്ധതിയുടെ ഉദ്ഘാടനം കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ നിർവ്വഹിക്കുന്നു.

യൂണിറ്റ് പ്രസിഡന്റ് ഫാ. ജേക്കബ് ചെറിയാൻ, ഫാ. സഖറിയാ പനയ്ക്കാമറ്റം, ഫാ. തോമസ് തേക്കിൽ, ഫാ. എം.കെ. ഇമ്മാനുവേൽ, റ്റിബിൻ തേക്കിൽ, ജിബിൻ ജേക്കബ് എന്നിവർ സമീപം. പദ്ധതിയുടെ പ്രഥമ പ്രവർത്തനമായി ബുദ്ധിമാന്ദ്യമുള്ള കുട്ടികളെ പാർപ്പിച്ചിരിക്കുന്ന കോഴിമല ആശാഭവൻ നവംബർ 9 ന് സന്ദർശിക്കും.

## എം.ജി.ഒ.സി.എസ്.എം. വാരാഘോഷവും പേട്രൻസ് ഡേയും



ചെങ്ങന്നൂർ മെത്രാസന എം.ജി.ഒ.സി.എസ്.എം. വാരാഘോഷത്തിന്റെയും പേട്രൻസ് ഡേയുടെയും ഉത്ഘാടനം അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമനസ്സുകൊണ്ട് 2013 ഒക്ടോബർ 26 ശനിയാഴ്ച പുത്തൻകാവ് മെട്രോപോലീറ്റൻ ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നിർവ്വഹിച്ചു. റവ. ഫാ. സഖറിയ നൈനാൻ മുഖ്യപ്രഭാഷണം നടത്തി. എം. ജി.ഒ.സി.എസ്.എം. ഭദ്രാസന വൈസ് പ്രസിഡന്റ് റവ. ഫാ. വിമൽ മാമ്മൻ ചെറിയാൻ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. രാജൻ വർഗീസ്, ശ്രീമതി പ്രിയാ ജേക്കബ്, സഭാ മാനേജിംഗ് കമ്മറ്റിയംഗം ശ്രീ. സജി പട്ടരുമഠം, ശ്രീ. ഷാജൻ മാത്യു, സെക്രട്ടറി ശ്രീ. സിബി മത്തായി, ജോയിന്റ് സെക്രട്ടറി ശ്രീ. ഷിജു പി. ജോയി എന്നിവർ പ്രസംഗിച്ചു. ഡിസ്ട്രിക്റ്റ് സെക്രട്ടറിമാരായ ശ്രീ. മാത്യൂസ് ഏബ്രഹാം, ശ്രീമതി ഷൈനി മത്തായി, ശ്രീമതി റേയ്ച്ചൽ തോമസ്, ശ്രീ. ലിജോ രാജു, ശ്രീ. പ്രവീൺ മാത്യു കുര്യൻ എന്നിവർ നേതൃത്വം നൽകി.